# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

ഒക്ടോബർ 2021 | വാല്യം 48 ലക്കം 5 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 5.00 രൂപ





# കർഷകരുടെ മുന്നേറ്റത്തിന് കരുത്തു പകരുക

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷിന്റെ അഭ്യർത്ഥന

**ചരിത്രത്തിൽ സമാനതകളില്ലാത്ത പ്രക്ഷോഭമായി കർഷകസമരം മുന്നേറുകയാണ്. കൃത്യവും വ്യക്തമായ ഡിമാന്റുകൾ, നിശ്ചയദാർഢ്യവും ആത്മാർത്ഥയുമുള്ള നിർഭയവും ധീരവുമായ നേതൃത്വം, അടിയുറച്ച് അചഞ്ചലം നിലകൊള്ളുന്ന പോരാളികൾ, ഏറ്റവും ജനാധിപത്യപരമായ സമരമാർഗ്ഗം ഇവയൊക്കെയാണ് കർഷകസമരത്തെ വേറിട്ടതാക്കുന്നത്. മാനവരാശിയുടെ പോരാട്ടചരിത്രത്തിൽ നൂതനമായ ഏടാണ് കർഷകസമരത്തിലൂടെ രചിക്കപ്പെട്ടിരിക്കുന്നത്.**

**സ**ഖാക്കളെ, സുഹൃത്തുക്കളെ,

സംയുക്ത കിസാൻ മോർച്ച ആഹ്വാനം ചെയ്ത, 2021 സെപ്റ്റംബർ 27-ന് നടന്ന ഭാരത് ബന്ദ് വമ്പിച്ചവിജയമാക്കുന്നതിനായി പരിശ്രമിച്ച, രാജ്യമെമ്പാടുമുള്ള കർഷകരും തൊഴിലാളികളും ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും ചെറുപ്പക്കാരും ബുദ്ധിജീവികളും അടങ്ങുന്ന, എല്ലാ വിഭാഗം അധ്വാനിക്കുന്ന ജനങ്ങളേയും, മഹാനായ മാർക്സിസ്റ്റ് ചിന്തകൻ സഖാവ് ശിബ്ദാസ് ഘോഷ് സ്ഥാപിച്ച ഇന്ത്യയിലെ വിപ്ലവ തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിയായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ പേരിൽ ഞാൻ അഭിവാദ്യം ചെയ്യുന്നു.

സഖാക്കളെ, വീരോചിതമായ ഈ കർഷകസമരം പഞ്ചാബിലാണ് രൂപംകൊണ്ടതെന്ന് നിങ്ങൾക്കറിയാം. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ അവിഭജിത പഞ്ചാബ് അന്യാദൃശമായ ഒരു സ്ഥാനമാണ് അലങ്കരിക്കുന്നത്. വിപ്ലവ ഗദ്ദാർ പാർട്ടി രൂപംകൊണ്ടത് ഇവിടെയാണ്. കർത്താർ സിങ്ങ്സരാഭ, ഉദ്ദം സിങ്ങ്, ശഹീദ്-ഭഗത് സിങ്ങ് തുടങ്ങി എത്രയോ ധീരരായ പോരാളികൾക്കും രക്തസാക്ഷികൾക്കും ജന്മം നൽകിയ മണ്ണാണ് പഞ്ചാബ്. അവരുടെ പാഠങ്ങൾ ഹൃദയത്തിലുൾച്ചേർത്തുകൊണ്ട് പഞ്ചാബിലെ കർഷകർ വലിയൊരു പ്രവാഹം പോലെ ആരംഭിച്ച മുന്നേറ്റം, അതിവേഗം ഹരിയാനയിലേക്കും പടിഞ്ഞാറൻ യുപിയിലേക്കും പടർന്നുകയറി. തടുക്കാനാകാത്ത വേലിയേറ്റം പോലെ മറ്റ് സംസ്ഥാനങ്ങളിലാകെ അത് അലയടിക്കുകയാണ്. മുൻകാല കോൺഗ്രസ് സർക്കാരുകളെപോലെ തന്നെ, ബിജെപി നേതൃത്വം നൽകുന്ന ഇപ്പോഴത്തെ കേന്ദ്രസർക്കാരും കുത്തകമുതലാളിമാരുടേയും ബഹുരാഷ്ട്രകുത്തകകളുടേയും വിശ്വസ്ത സേവകരാണ്. കർഷക മുന്നേറ്റത്തെ തകർക്കാൻ എല്ലാവിധ ഹീനമാർഗ്ഗങ്ങളും കേന്ദ്രസർക്കാർ സ്വീകരിച്ചു. എന്നാൽ, 'നമ്മൾ പൊരുതും നമ്മൾ വിജയിക്കും' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് കേട്ടുകേൾവിയില്ലാത്തവണ്ണമുള്ള നിശ്ചയദാർഢ്യത്തോടെ കർഷകർ ആ ശ്രമങ്ങളെയെല്ലാം പരാജയപ്പെടുത്തി. ഈ പ്രക്ഷോഭം വീരോചിതമായ ഒരു മുന്നേറ്റം മാത്രമല്ല, അത് ചരിത്രപരവും സമാനതകളില്ലാത്തതുമാണ്.

ഒരുവശത്ത്, പോലീസ് അതിക്രമങ്ങളേയും ജലപീരങ്കികളേയും കണ്ണീർവാതക പ്രയോഗത്തേയും എതിരിട്ടുകൊണ്ടും, മറുവശത്ത് അതിശൈത്യത്തെയും പൊള്ളുന്ന വേനലിനേയും കനത്ത മഴ

(ശേഷം 2-ാം പേജിൽ)

# തോട്ടപ്പള്ളിയിൽ നടക്കുന്ന കരിമണൽ ഖനനം ഉടൻ അവസാനിപ്പിക്കുക

**ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ കേവലം ഒരു ശതമാനംമാത്രം വരുന്ന കേരളം പ്രകൃതി വിഭവങ്ങൾ കൊണ്ടും മനുഷ്യവിഭവശേഷികൊണ്ടും മുൻപന്തിയിലുള്ള സംസ്ഥാനമാണ്. ജൈവവൈവിധ്യം കൊണ്ട് ശ്രദ്ധേയമായ 570 കിലോമീറ്റർ കടൽതീരംകൊണ്ടുകൂടി സമ്പന്നമാണ് കേരളം. ഇതിൽ തന്നെ കൊല്ലവും ആലപ്പുഴയും ഉൾപ്പെടുന്ന 150 കിലോമീറ്റർ തീരം ഇൽമനൈറ്റ്, മോണസൈറ്റ്, റൂട്ടയിൽ, സിർകോൺ തുടങ്ങിയ വിലപിടിപ്പുള്ള ധാതുക്കൾ വൻതോതിൽ അടങ്ങിയതാണ്.**

**കൊ**ല്ലം തീരത്ത് 1922 മുതൽ ഈ ധാതുക്കൾ ഖനനം ചെയ്തുവരുന്നു. നിയമ വിധേനയും അല്ലാതെയും ഒളിഞ്ഞും തെളിഞ്ഞും നടക്കുന്ന മണൽ ഖനനം ഒരു നൂറ്റാണ്ട് എത്തുമ്പോൾ കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിനെത്തന്നെ ഇല്ലാതാക്കി വടക്കോട്ട്നീങ്ങി തോട്ടപ്പള്ളിവരെ എത്തിനില്ക്കുന്നു. ഖനനത്തിരെ തോട്ടപ്പള്ളിയിൽ നടക്കുന്ന സമരം രാജ്യത്തിന്റെ ആകമാനശ്രദ്ധയിൽ എത്തിയിട്ടും ഇടതുപക്ഷത്തിന്റെയും ജനക്ഷേമത്തിന്റെയും മുഖംമൂടി അണിഞ്ഞ പിണറായി വിജയൻ സർക്കാർ ഇതേവരെ ഈ സമരം അറിഞ്ഞ മട്ടില്ല.



ഖനനബന്ധന സമരത്തോടനുബന്ധിച്ച് തോട്ടപ്പള്ളിയിൽ നടന്ന ഉപരോധം

ഇന്ന് ഭരണ പ്രതിപക്ഷ ഭേദമെന്യേ എല്ലാവരുടെയും മുദ്രാവാക്യമാണ് വികസനം. ഒരാൾ ജനവിരുദ്ധനാണെന്ന് വരുത്തി തീർക്കാൻ എളുപ്പവഴി അയാൾ വികസന വിരുദ്ധനാണെന്ന് മുദ്രകുത്തുകയാണ്. വികസനത്തിന്റെ പേരിലാണെങ്കിൽ മലനിരകൾ ഇടിച്ചു നിരത്താം, ക്വാറികൾ നടത്തി മലകൾ തുരക്കാം. കടലോ, കായലോ, നദിയോ, നിലമോ നികത്താം, മണൽ വാരി ഒരു പഞ്ചായത്തിനെതന്നെ ഇല്ലാതാക്കാം, ഭൂഗർഭ ജലം ഊറ്റിയെടുക്കാം, മാരക വിഷമടങ്ങിയ കീടനാശിനികൾ തളിക്കാം. ഇതിന് അവ

(ശേഷം 7-ാം പേജിൽ)


9 കെഐഎസ് ഉയർത്തുന്ന ചോദ്യങ്ങൾ
10 ഗ്രാഹ ഗോപാലൻ അനുസ്മരണം
12 കെ റയിൽ പദ്ധതിക്കെതിരെ സെക്രട്ടേറിയറ്റ് മാർച്ച്




# എല്ലാ വൈതരണികളെയും മറികടന്ന് വർദ്ധിത വീര്യത്തോടെ കർഷകപ്രക്ഷോഭം മുന്നോട്ട്

(1-ാം പേജിൽ നിന്ന്)

യേയും കടുത്ത മൂടൽമഞ്ഞിനെയും നേരിട്ടുകൊണ്ടും, ആബാലവൃദ്ധം ജനങ്ങളും, വയോവൃദ്ധർ മുതൽ ചെറുപ്പക്കാരും കൈക്കുഞ്ഞുങ്ങളെ ഒക്കത്തെടുത്തുകൊണ്ട് സ്ത്രീകളും കുട്ടികളുംവരെ, ലക്ഷക്കണക്കിനു കർഷകർ ജാതിമതഭേദങ്ങൾക്ക് അതീതമായി ഈ പ്രക്ഷോഭവേദിയിൽ ഒറ്റക്കെട്ടായി അണിചേർന്നിരിക്കുന്നു; മതത്തിന്റെയും ജാതിയുടേയും മറ്റ് വിഭാഗീയതകളുടേയും പേരിൽ ഭരണവർഗ്ഗവും ഭരണകക്ഷിയും ജനങ്ങളെ ഭിന്നിപ്പിച്ച്, പ്രക്ഷോഭങ്ങളുടെ ഐക്യം തകർത്ത് വോട്ടുബാങ്കുകൾ സൃഷ്ടിക്കുന്ന ഈ രാജ്യത്ത്. കുത്തകമൂലധനത്തിനും അതിന്റെ വിശ്വസ്ത സേവകരായ ബിജെപിയുടെ നേതൃത്വത്തിലുള്ള സർക്കാരിനുമെതിരേയുള്ള അടിയുറച്ച പോരാളികളെന്ന സ്വത്വമല്ലാതെ മറ്റൊരു സ്വത്വവും അവർക്ക് ഈ പോരാട്ടത്തിൽ, ഉണ്ടായിരുന്നില്ല.

പത്തു മാസമായി ഇടർച്ചയില്ലാതെ തുടരുന്ന ഇതുപോലെയൊരു കർഷകപ്പോരാട്ടം നാളിതുവരെ ഇന്ത്യ കണ്ടിട്ടില്ല. ലോകചരിത്രത്തിലും ഈ പോരാട്ടത്തിന് സമാനതകളില്ല എന്നു പറയുന്നതിൽ തെറ്റില്ല എന്നു ഞാൻ കരുതുന്നു. ഇത് വിട്ടുവീഴ്ചയില്ലാത്ത, ദീർഘമായ പ്രക്ഷോഭമാണ്, ജീവന്മരണ പോരാട്ടമാണ്. ഇച്ഛാശക്തിയുടെയും തലകുനിക്കാത്ത ആത്മവീര്യത്തിന്റെയും ഐക്യത്തോടുകൂടിയും, നിശ്ചയദാർഢ്യത്തോടെയും ക്ഷമയോടുകൂടിയും, നിർഭയമായ ധീരതയോടെയും യഥാർത്ഥ സാഹസികതയോടെയും തുടരുകയാണ്.




വിളംബര ജാഥയിൽ സഖാവ് എൻ.ആർ.മോഹൻകുമാർ മുളന്തുരുത്തിയിൽ പ്രസംഗിക്കുന്നു

## ഒടുങ്ങാത്ത ആത്മവീര്യത്തിന്റെയും നിർഭയമായ ധീരതയുടെയും പ്രകാശനം

പ്രക്ഷോഭത്തെ അടിച്ചമർത്തുവാൻ ബിജെപി സർക്കാർ കിണഞ്ഞു ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു. പിന്നീടവർ സമരനേതാക്കളുമായി എട്ടുതവണ ചർച്ചകൾ സംഘടിപ്പിച്ചു. അവയെല്ലാം പ്രഹസനമായിരുന്നു. കർഷകരെ നിരാശരാക്കുകയും അതുവഴി സമരം കെട്ടടങ്ങാൻ ഇടയാക്കുകയും ചെയ്യുകയെന്നതായിരുന്നു സർക്കാരിന്റെ പദ്ധതി. പക്ഷേ അതും പരാജയപ്പെട്ടു. തുടർന്ന് പ്രക്ഷോഭത്തെ നിയമയുദ്ധത്തിൽ കുരുക്കിയിടുവാനായി അവർ സുപ്രീം കോടതിയിലേക്ക് പോയി. പക്ഷേ കർഷകർ അതും തള്ളിക്കളഞ്ഞു. ഒടുവിൽ നിയമങ്ങൾ നടപ്പിലാക്കുന്നത് ഒന്നരവർഷത്തേക്ക് നീട്ടിവെക്കാമെന്ന് നിർദ്ദേശിച്ചു. സിപിഐ(എം)ന്റെ കർഷകമുന്നണി ഈ നിർദ്ദേശത്തെ അംഗീകരിച്ചു. പക്ഷേ നമ്മുടെ കർഷകമുന്നണിയായ എഐകെകെഎംഎസ്(ആൾ ഇൻഡ്യ കിസാൻ ഖേത് മസ്ദൂർ സംഘടൻ) ഈ നിർദ്ദേശത്തെ തള്ളിക്കളഞ്ഞു. സംയുക്ത കിസാൻ മോർച്ചയും ഇത് തള്ളിക്കളയുകയും അങ്ങനെ ഈപ്രക്ഷോഭം തുടരുകയും ചെയ്യുന്നു.

ഏതെങ്കിലും രാഷ്ട്രീയകക്ഷികളുടെയോ പ്രമുഖനേതാക്കളുടെ മുൻകൈയിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള അനവധി പ്രക്ഷോഭങ്ങൾ മുമ്പും നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. പക്ഷേ, കർഷകമുന്നേറ്റം ഒരു രാഷ്ട്രീയകക്ഷിയും സംഘടിപ്പിച്ചതല്ല എന്നു നമുക്കു കാണാൻ കഴിയും. ഈ മുന്നേറ്റത്തിൽ ഒരു പ്രമുഖനേതാവും ഉണ്ടായിരുന്നുമില്ല. ഇത് സ്വാഭാവികമായുണ്ടായ ഒരു പൊട്ടിത്തെറിയായിരുന്നു. ഏറെക്കാലമായി ജനങ്ങളുടെ ഹൃദയത്തിൽ അടിഞ്ഞുകൂടിയ രോഷത്തിന്റെ വിസ്ഫോടനം. ബഹുരാഷ്ട്രകമ്പനികളോടും കുത്തകമുതലാളിത്തത്തോടും പ്രതിജ്ഞാബദ്ധത പുലർത്തുന്ന ഫാസിസ്റ്റ് ബിജെപി സർക്കാർ വഴങ്ങാതെ കടുംപിടുത്തത്തോടെ നിലകൊള്ളുന്നു. മറുപുറത്ത് മറുപടിയായി, പൊരുതുന്ന കർഷകരും നിശ്ചയദാർഢ്യത്തോടെ അചഞ്ചലം നിലകൊള്ളുന്നു.

മുൻകാല കോൺഗ്രസ് സർക്കാരുകളും ഇതിൽനിന്ന് വ്യത്യസ്തരായിരുന്നില്ല. അവരും പലവിധത്തിൽ ബഹുരാഷ്ട്ര കുത്തകകളെ സേവിച്ചു. എന്നാൽ അധികാരത്തിന്റെയും പണത്തിന്റെയും മുഷ്കുകൊണ്ട് മദോന്മത്തരായിരിക്കുന്ന കേന്ദ്രബിജെപി സർക്കാരാകട്ടെ ബഹുരാഷ്ട്ര കമ്പനികളെയും കുത്തകകളെയും സേവിക്കുന്നതിൽ മുൻകാല കോൺഗ്രസ് സർക്കാരുകളെ വെല്ലുന്ന പ്രാപ്തിയും കാര്യശേഷിയും ഘോരതയും തങ്ങൾക്കുണ്ടെന്ന് തെളിയിക്കുകയാണ്.




ഭാരത് ബന്ദിനെ പിന്തുണച്ചുകൊണ്ട് സെക്രട്ടേറിയറ്റ് നടയിൽ നടന്ന ഏകദിന ധർണ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്യുന്നു.

കുത്തകമുതലാളിത്തത്തിന്റെയും ബഹുരാഷ്ട്രകമ്പനികളുടെയും താത്പര്യാർത്ഥം ബിജെപി നേതൃത്വംകൊടുക്കുന്ന കേന്ദ്രസർക്കാർ കാർഷികമേഖലയിൽ മൂന്നു കരിനിയമങ്ങളും വൈദ്യുതി നിയമം -2021ഉം കൊണ്ടുവന്നു. ഈ നിയമങ്ങൾ ഏതെങ്കിലും പ്രത്യേക പ്രദേശത്തെ കർഷകരുടെമാത്രം താത്പര്യങ്ങളെയല്ല ഹനിക്കുന്നത്, രാജ്യത്തെ മുഴുവൻ കർഷകരുടെയും താത്പര്യങ്ങൾക്കു വിരുദ്ധമാണത്. തന്നെയുമല്ല, ഇവ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും എതിരെയുള്ളതാണ്.

മുതലാളിത്തം അതിന്റെ വികാസപ്രക്രിയയിൽ കുത്തക-ബഹുരാഷ്ട്ര മൂലധനത്തിന് ജന്മം നൽകിയെന്ന് മാർക്സിസ്റ്റുകളെന്ന നിലയിൽ നമുക്കറിയാം. ഈ കുത്തകമൂലധനം ഇന്ന് ലോകമെമ്പാടും പ്രതിസന്ധിയെ നേരിടുന്നു. അവസാനമില്ലാത്ത, ആഴം വർദ്ധിച്ചു കൊണ്ടേയിരിക്കുന്ന സാമ്പത്തികമാന്ദ്യത്തിന്റെ പ്രതിസന്ധി. ഇന്ത്യൻ കുത്തക മുതലാളിത്തവും തരണംചെയ്യാനാകാത്ത ഈ പ്രതിസന്ധിയെ നേരിട്ടു കൊണ്ടിരിക്കുകയാണ്. പ്രധാനവ്യവസായങ്ങളും, നിർമ്മാണവ്യവസായങ്ങളും ഗുരുതരമായ കമ്പോളപ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പലതും അടച്ചുപൂട്ടുന്നു, ചിലത് ഉത്പാദനം വെട്ടിക്കുറച്ച് തൊഴിലാളികളെ പിരിച്ചുവിടുന്നു. സ്ഥിരംജോലി എന്നത് ഏറെക്കുറെ ഇല്ലാതാക്കി, കരാർ തൊഴിൽ സമ്പ്രദായവും, പുറംകരാറും ഒക്കെ വർധിക്കുന്നു. തൊഴിൽ നിയമങ്ങളെന്നത് മുതലാളിമാർക്ക് അനുകൂലമായ നിയമങ്ങളായി പുതുക്കുന്നു.

അധ്വാനിക്കുന്ന ജനങ്ങളുടെ ക്രയശേഷിയെ നിരന്തരം ചുരുക്കിക്കൊണ്ട്, മുതലാളിത്ത കമ്പോളസമ്പദ്ഘടന സ്വന്തം കമ്പോളത്തെ ഞെരിച്ചമർത്തിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ വ്യവസായമേഖലയിൽ മൂലധനം നിക്ഷേപിക്കുന്നതിന് തീരെ സാധ്യതയില്ല. അതുകൊണ്ട്, കാർഷികമേഖലയിൽ വൻതോതിൽ മൂലധനനിക്ഷേപം നടത്തേണ്ട ആവശ്യം അവർക്കുണ്ട്. കൃഷിഭൂമിയെയും കാർഷിക ഉത്പാദനത്തെയും വിപണനത്തെയും, ഒളിഞ്ഞും തെളിഞ്ഞും അവർ കൈപ്പിടിയിലൊതുക്കും. ഇതിനോടകം തന്നെ ദശലക്ഷക്കണക്കിന് കർഷകർ കൃഷിഭൂമിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടിരിക്കുന്നു, ഇനിയും കുടിയൊഴിപ്പിക്കൽ തുടരും. ദേശീയ ക്രൈം റെക്കോർഡ് കണക്കുകൾ പ്രകാരം, 1995 മുതൽ 2019 വരെ 4,42,480 കർഷകർ കടബാധ്യത മൂലം ആത്മഹത്യ ചെയ്ത രാജ്യത്താണിത് സംഭവിക്കുന്നത്. കാർഷികോത്പന്നങ്ങളടക്കം എല്ലാ അവശ്യസാധനങ്ങളുടെയും വിൽപന മാത്രമല്ല, അവയുടെ ചെറുകിടവ്യാപാരകേന്ദ്രങ്ങളുംകൂടെ കൈയടക്കേണ്ട ആവശ്യം കുത്തകകൾക്കുണ്ട്. കൊള്ളലാഭത്തിനായുള്ള അവരുടെ ആഗ്രഹം ഏതുവിധേനയും സാധിച്ചുകൊടുക്കുന്നതിനായി ബിജെപി സർക്കാർ സഹായിക്കുകയാണ്. അതിന്റെ ഫലമായി ജനങ്ങൾ വൻതോതിൽ പാപ്പരാകുകയും ജീവിതമാർഗ്ഗം നഷ്ടപ്പെട്ടവരാവുകയും ചെയ്യുന്നു. മഹാമാരിക്കു മുമ്പ് 9.9 കോടി എന്നുകണക്കാക്കിയിരുന്നഇന്ത്യൻ മധ്യവർഗ്ഗകുടുംബങ്ങൾ, ഇപ്പോൾ 6.6 കോടിയായി ചുരുങ്ങിയിരിക്കുന്നതായി നമുക്കറിയാം. ഈ ചെറിയ കാലയളവിനുള്ളിൽ തന്നെ, 3 കോടിയിലധികം മധ്യവർഗ്ഗ കുടുംബങ്ങൾ അർധതൊഴിലാളികളോ, മുഴുവൻ സമയ തൊഴിലാളികളോ ആയി മാറിയിരിക്കുന്നു.




ഭാരത് ബന്ദിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഐക്യദാർഢ്യ സമിതിയുടെ ആഭിമുഖ്യത്തിൽ തൊടുപുഴ നഗരത്തിൽ നടന്ന പ്രകടനം

ഇവിടെ ഈ പ്രക്ഷോഭത്തിൽ എല്ലാ വിഭാഗം കർഷകരും ഒറ്റക്കെട്ടായി അണിനിരന്നിരിക്കുന്നു. വൻകിട കർഷകർ, ദരിദ്രകർഷകർ, കർഷകത്തൊഴിലാളികൾ -എല്ലാവരും ഒരുമിച്ചിരിക്കുന്നു. തൊഴിലാളികളും സ്ത്രീകളും വിദ്യാർത്ഥികളും ചെറുപ്പക്കാരും അവരോടൊപ്പമുണ്ട്. പൊതുവായ പ്രക്ഷോഭത്തിൽ ഏവരും ഐക്യത്തോടെ സംഘടിച്ചിരിക്കുന്നു. ഇത് കർഷകർക്കു വേണ്ടി മാത്രമുള്ള പ്രക്ഷോഭമല്ല. നമുക്കെല്ലാവർക്കും ഭക്ഷണം ആവശ്യമുണ്ട്. കൃഷിഭൂമിയും കാർഷികവിപണനവും കുത്തകകൾ നിയന്ത്രിക്കുകയാണെങ്കിൽ ഭാവിയിൽ എന്താണ് സംഭവിക്കുക? ചരക്കുകളുടെ വില അവർ നിശ്ചയിക്കും. വിലക്കയറ്റം ഇനിയും കുതിച്ചുകയറും. 130 കോടി ജനങ്ങളുടെയും ജീവിതങ്ങൾ നശിക്കും. അതുകൊണ്ട്, ഈ പ്രക്ഷോഭം, രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും നിലനിൽപ്പിനായുള്ള പ്രക്ഷോഭമാണ്. പഞ്ചാബിലെയും ഹരിയാനയിലെയും, യുപിയിലെയും, തൊട്ടടുത്ത് കിടക്കുന്ന മറ്റ് പ്രദേശങ്ങളിലെയും കർഷകരുടെ മാത്രം പ്രക്ഷോഭമല്ല. ഈ നിയമങ്ങൾ നടപ്പാക്കിയാൽ, അവ റദ്ദാക്കപ്പെടുന്നില്ലയെങ്കിൽ, രാജ്യത്തെ മുഴുവൻ കർഷകരെയും അത് ബാധിക്കും. അവരാകും അതിൽ ഏറ്റവും കഷ്ടമനുഭവിക്കുക. ഒപ്പംതന്നെ പ്രത്യാഘാതങ്ങൾ സാധാരണ ജനങ്ങൾക്കും നേരിടേണ്ടതായിവരും. അതുകൊണ്ട് ഇത് സാധാരണജനങ്ങളുടെ താത്പര്യാർത്ഥമുള്ള പ്രക്ഷോഭം കൂടിയാണ്.

നിരവധി വ്യവസായങ്ങൾ, തുറമുഖങ്ങൾ, റോഡുകൾ, റെയിൽപ്പാതകൾ, വിമാനത്താവളങ്ങൾ, ഉരുക്കുവ്യവസായശാലകൾ എന്നിവയൊക്കെ ഇതിനോടകംതന്നെ സർക്കാർ സ്വകാര്യവൽക്കരിച്ചു കഴിഞ്ഞു. ഈ വ്യവസായങ്ങളൊക്കെയും പൊതുപണമുപയോഗിച്ച് വികസിപ്പിച്ചവയായിരുന്നു. പൊതുമേഖലയെന്നു വിളിച്ചുപോന്ന ഇവയെല്ലാം, കുത്തക മുതലാളിമാരുടെ കൊള്ളലാഭത്തിനായുള്ള ആർത്തി ശമിപ്പിക്കാൻ അവർക്കു കൈമാറുകയാണ്. കുത്തകമുതലാളിമാർക്കും ബഹുരാഷ്ട്രകമ്പനികൾക്കും മര്യാദയ്ക്കുള്ള ലാഭമോ ശരാശരി ലാഭമോ പോരാ, പരമാവധി ലാഭം തന്നെ വേണം. ഇതാണ് കുത്തകമൂലധനത്തിന്റെ ഇന്നത്തെ നിയമം. പരമാവധി ലാഭം നേടുന്നതിനായി, തൊഴിലാളികളെ പരമാവധി ചൂഷണം ചെയ്യുന്നത് കുത്തകകൾ ശീലമാക്കിയിരിക്കുകയാണ്. പിരിച്ചുവിടലും തൊഴിലില്ലായ്മയും വിലക്കയറ്റവും ദുസ്സ

(ശേഷം 3-ാം പേജിൽ)




# നിരവധി സവിശേഷതകളോടെ കർഷകപ്രക്ഷോഭം ഇന്ത്യയുടെ ചരിത്രത്തിൽ വേറിട്ടുനിൽക്കുന്നു

(2-ാം പേജിൽ നിന്ന്)

ഹമായിരിക്കുന്നു. ശക്തമായ ബഹുജനപ്രക്ഷോഭം സംഘടിപ്പിക്കുകയല്ലാതെ ജനങ്ങൾക്കു മുന്നിൽ മറ്റു വഴികളില്ല. ഇപ്പോഴത്തെ ഈ പ്രക്ഷോഭം അതിന്റെ തിളങ്ങുന്ന ഉദാഹരണമാണ്.

### ചരിത്രത്തിൽ സമാനതകളില്ലാത്ത കർഷകപ്രക്ഷോഭം

നിരവധി സവിശേഷതകളുള്ള കർഷകപ്രക്ഷോഭം ഇന്ത്യയുടെ ചരിത്രത്തിൽ വേറിട്ടുനിൽക്കുന്ന ഒന്നാണ്. ഇന്ത്യയിൽ നടന്ന മുൻകാല ജനാധിപത്യപ്രക്ഷോഭങ്ങളിലെല്ലാം ഏതെങ്കിലുമൊരു സർക്കാരിനെയായിരുന്നു ജനങ്ങൾ ശത്രുവായി കണ്ടിരുന്നത്. പക്ഷേ ഇത്തവണ, ബഹുരാഷ്ട്രകമ്പനികൾക്കും കുത്തകകൾക്കുമെതിരെയാണ് കർഷകർ തങ്ങളുടെ മുദ്രാവാക്യമുയർത്തുന്നത്. അവരെ സംബന്ധിച്ചിടത്തോളം, സ്വദേശിയും വിദേശിയുമായ കുത്തകമുതലാളിമാരുടെയും ബഹുരാഷ്ട്രകമ്പനികളുടെയും സേവകൻ മാത്രമാണ് പ്രധാനമന്ത്രി മോദി. മോദി സർക്കാർ സംശയലേശമന്യേ അവർക്ക് ശത്രുപക്ഷത്തുതന്നെയാണ്. പക്ഷേ അവരുടെ യഥാർത്ഥശത്രു അണിയറയിലാണ് നിലകൊള്ളുന്നത്. അത്, സ്വദേശിയും വിദേശിയുമായ കുത്തകമുതലാളിമാരും ബഹുരാഷ്ട്രകമ്പനികളുമാണ്. ഈ തിരിച്ചറിവ് സമാനതയില്ലാത്തതാണ്. ഇത്, യഥാർത്ഥശത്രുവിന്റെ തനിസ്വഭാവത്തെക്കുറിച്ചുള്ള ഉയർന്ന തലത്തിലുള്ള ധാരണയാണെന്നതിൽ സംശയമില്ല.

ഏതാനം വർഷങ്ങൾക്കു മുമ്പ്, 'വാൾസ്ട്രീറ്റ് പിടിച്ചെടുക്കൽ സമരം' എന്ന പേരിൽ, ഏഴു മാസങ്ങൾ നീണ്ട ഒരു പ്രക്ഷോഭം അമേരിക്കയിൽ നാം കണ്ടിരുന്നു. പക്ഷേ ആ പ്രക്ഷോഭം വിദ്യാസമ്പന്നരായ ആളുകൾ-തൊഴിൽരഹിതരായ യുവാക്കൾ, പിരിച്ചുവിടപ്പെട്ട തൊഴിലാളികൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ -സംഘടിപ്പിച്ചതായിരുന്നു. എന്നാൽ ഇപ്പോഴത്തെ പ്രക്ഷോഭമാകട്ടെ, അലസരും, നിസ്സംഗരും, നിസ്സഹായരും, വിവരമില്ലാത്തവരും അസംഘടിതരുമെന്നൊക്കെ കണക്കാക്കപ്പെട്ടിരുന്ന കർഷകർ സംഘടിപ്പിച്ചതാണ്. ഇത്തവണ കർഷകർ തങ്ങളുടെ വൈശിഷ്ട്യം തെളിയിക്കുക തന്നെ ചെയ്തു. ഇതും ഒരു അനന്യമായ സവിശേഷതയാണ്.




ബന്ദിന്റെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് ഹരിപ്പാട് നടന്ന പ്രകടനം

ഈ കർഷകരിപ്പോൾ സംഘടിതരും നിശ്ചയദാർഢ്യമുള്ളവരുമാണ്. സമരവേദിയിൽ ഇതിനോടകം അറുന്നൂറിലധികം കർഷകർ മരണമടഞ്ഞു. ജീവൻ ത്യജിക്കാൻ തയ്യാറായി അനേകർ മുന്നോട്ടു വരുന്നു. പോലീസ് വെടിവെയ്പ്പിലൊക്കെയാണ് സാധാരണ പ്രക്ഷോഭങ്ങളിൽ ആളുകൾ കൊല്ലപ്പെടുന്നത്. പക്ഷേ, ശൈത്യവും മഴയും ചൂടും തന്മൂലമുണ്ടായ അസുഖങ്ങളുമാണ് കർഷകപ്രക്ഷോഭവേദിയിൽ ആളുകളുടെ ജീവനെടുത്തത്. മരണം മുന്നിൽകണ്ടാലും പോർക്കളം വിട്ടുപോകാതെ നിന്നുകൊണ്ട്, ഒന്നിനു പിറകെ ഒന്നായി അവർ മരണത്തെ വരിക്കുന്നു. ഇതും സമാനതകളില്ലാത്തതാണ്. വരുംനാളുകളിൽ ലോകമെമ്പാടുമുള്ള ബഹുജനങ്ങളുടെ ന്യായമായ പ്രക്ഷോഭങ്ങൾക്ക് ഈ പോരാട്ടമനോഭാവം തീർച്ചയായും കരുത്തും ഉത്തേജനവും നൽകും.




ഭാരത് ബന്ദിനെ പിന്തുണച്ചുകൊണ്ട് കോട്ടയത്ത് തിരുനക്കരയിൽ നടന്ന ഏകദിന ധർണ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാസെക്രട്ടറി മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു

സംയുക്ത കിസാൻ മോർച്ച സംഘടിപ്പിച്ച ഈ പ്രക്ഷോഭത്തോടൊപ്പം തുടക്കം തൊട്ടുതന്നെ, നമ്മുടെ പാർട്ടിയുമുണ്ട്. അതിനു കരുത്തു പകരുവാനായി നാം നമ്മുടെ എല്ലാ ശക്തിയും വിനിയോഗിക്കുന്നു. നമ്മുടെ കർഷകസംഘടനയായ എഐകെകെഎംഎസ് (ആൾ ഇൻഡ്യ കിസാൻ ഖേത് മസ്ദൂർ സംഘടൻ), വിദ്യാർത്ഥി-യുവജന-വനിത-തൊഴിലാളി സംഘടനകളും മെഡിക്കൽ സംഘവും അങ്ങേയറ്റത്തെ ഊർജ്ജസ്വലതയോടും വൈകാരികതയോടും കൂടി ഈ പ്രക്ഷോഭത്തിൽ അണിചേർന്നിരിക്കുന്നു. തെരഞ്ഞെടുപ്പു നേട്ടത്തിനായല്ല, പകരം പ്രക്ഷോഭത്തെ ശക്തിപ്പെടുത്തുവാൻ, അതിനെ വിജയിപ്പിക്കുവാനാണ് നാം ഇപ്രകാരം ചെയ്യത്. കമ്മ്യൂണിസ്റ്റുകളെന്ന നിലയിൽ, ഏതൊരാൾക്കുനേരെയുമുയരുന്ന അനീതിക്കും ചൂഷണത്തിനും അടിച്ചമർത്തലിനും എതിരെ നാം സദാ നിലകൊള്ളുകയും പോരാട്ടുകയും ചെയ്യും.

### സമരം ജനങ്ങളുടെ നിലനിൽപ്പിന്റെ സമ്പ്രദായം

ബഹുജനപ്രക്ഷോഭത്തിനു മാത്രമേ ജനങ്ങളെ പഠിപ്പിക്കാനും അവരുടെ പ്രബുദ്ധത വളർത്തുവാനും സാധിക്കൂ എന്ന് സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളിൽ നിന്നും നമുക്കറിയാം. വർഗ്ഗസമരത്തിലൂടെമാത്രമേ ജനങ്ങൾക്ക് തങ്ങളുടെ യഥാർത്ഥ മിത്രങ്ങളെയും ശത്രുക്കളെയും മിത്രങ്ങളായി നടിക്കുന്നവരെയും തിരിച്ചറിയാൻ സാധിക്കൂ. ഒരു പ്രക്ഷോഭത്തിൽ, രാഷ്ട്രീയ വെളിച്ചം ജനങ്ങളുടെ മനസ്സിൽ മിന്നിത്തെളിയുമെന്നും ജനകീയ ഐക്യത്തിന്റെ വ്യാപ്തിയും കരുത്തും അത് വെളിപ്പെടുത്തുമെന്നും അവരുടെ വീക്ഷണത്തിന്റെ ചക്രവാളത്തെ അത് വികസിപ്പിക്കുമെന്നും അവരിൽ നിശ്ചയദാർഢ്യം സൃഷ്ടിക്കുമെന്നും ഭാവിയിലെ പോരാട്ടങ്ങൾക്കുള്ള അവരുടെ കരുത്തിനെ അത് വർധിപ്പിക്കുമെന്നും മാർക്സിസ്റ്റുകൾ എന്ന നിലയിൽ, മഹാനായ മാർക്സിന്റെയും ഏംഗൽസിന്റെയും ലെനിന്റെയും സ്റ്റാലിന്റെയും മാവോ സേതുങ്ങിന്റെയും സഖാവ് ശിബ്ദാസ് ഘോഷിന്റെയും വിദ്യാർത്ഥികളെന്ന നിലയിൽ, നമുക്കറിയാം. അതുകൊണ്ട്, വളരെ ചുരുങ്ങിയ സമയംകൊണ്ട് ഒരു പ്രക്ഷോഭം വളരെ സമ്പന്നവും അമൂല്യവുമായ പാഠങ്ങൾ ജനങ്ങളെയൊന്നാകെ പഠിപ്പിക്കുന്നു.

അടുത്തതായി എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളത്, നമ്മുടെ രാജ്യത്ത് ഒന്നിനു പിറകെ ഒന്നായി വ്യവസായങ്ങൾ അടച്ചുപൂട്ടുകയും, കോടിക്കണക്കിനു തൊഴിലാളികൾ പിരിച്ചുവിടപ്പെടുകയും ചെയ്യുന്ന സാഹചര്യമാണ്. കോടിക്കണക്കിന് യുവാക്കൾ തൊഴിൽരഹിതരുമാണ്. എന്താണ് ഇതിന് കാരണം? ആരാണ് ഇതിന് കാരണക്കാർ? മുതലാളിത്തം തന്നെ. ജനങ്ങളെ ചൂഷണം ചെയ്ത് അവരുടെ രക്തമൂറ്റിക്കുടിച്ച് ദാഹം ശമിപ്പിക്കുന്ന മുതലാളിത്ത സംവിധാനം ജനങ്ങളെ പാപ്പരാക്കുന്നു. ജനം പട്ടിണി കിടക്കുന്നു. അവർ മരിക്കുന്നു. വരുമാനമോ തൊഴിലോ ഇല്ലാത്തതു മൂലം ജനങ്ങൾക്ക് ചികിത്സക്കുപോലും ഗതിയില്ല.

കൊൽക്കത്ത മെഡിക്കൽ കോളേജിലെ ഏഴ് ഒഴിവുകളിലേക്ക്- മോർച്ചറിയും മൃതശരീരങ്ങളും പരിപാലിക്കുന്ന ചുമതലയുള്ള പോസ്റ്റിലെ ഏഴ് ഒഴിവുകളിലേയ്ക്ക് ആരൊക്കെയാണ് അപേക്ഷിച്ചിരിക്കുന്നതെന്ന് നോക്കുക. 100 എഞ്ചിനീയർമാർ, 2000 ബിരുദധാരികൾ, 1000 ബിരുദാനന്തര ബിരുദധാരികൾ! യുപിയിൽ കഷ്ടിച്ച് 200 പ്യൂൺ ഒഴിവുകളിലേക്ക് ഉന്നതബിരുദധാരികളടക്കം അനേക ലക്ഷങ്ങളാണ് അപേക്ഷിച്ചത്. തമിഴ്‌നാട്ടിൽ തൂപ്പുകാരുടെ ഒഴിവിലേക്കും സമാനമായ കാര്യം സംഭവിച്ചു. സാമ്പത്തിക വിദഗ്ധനായ രഘുറാം രാജൻ അടുത്തിടെ പറഞ്ഞത്, ഇന്ത്യയിൽ വിദ്യാഭ്യാസമുള്ള 10 പേരിൽ ആറു പേർ തൊഴിൽരഹിതരാണെന്നാണ്. വിദ്യാഭ്യാസം കുറഞ്ഞവരും നിരക്ഷരരുമായ കോടിക്കണക്കിന് ചെറുപ്പക്കാരുടെ കാര്യം പറയേണ്ടതുമില്ല.




ഭാരത് ബന്ദിന് വിദ്യാർത്ഥികളുടെ പിന്തുണ. എഐഡിഎസ്ഒ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചങ്ങനാശ്ശേരിയിൽ നടന്ന കലാസംഗമം

കോടിക്കണക്കായ തൊഴിലാളികളുടെയും ഉദ്യോഗസ്ഥരുടെയും പിരിച്ചുവിടലിനും, കോടിക്കണക്കിനു ചെറുപ്പക്കാരുടെ തൊഴിലില്ലായ്മക്കും ആരാണ് ഉത്തരവാദി? അത് ഇന്ന് നിലവിലുള്ള മുതലാളിത്തവും കുത്തകമൂലധനവും ബഹുരാഷ്ട്രകമ്പനികളുമാണ്. കർഷകപ്രക്ഷോഭം മുതലാളിത്തത്തിനും ബഹുരാഷ്ട്രകമ്പനികൾക്കും കുത്തകമൂലധനത്തിനുമെതിരെയാണ് തിരിഞ്ഞിരിക്കുന്നത്. ഈ കാരണത്താൽ നോക്കിയാലും, പിരിച്ചുവിടപ്പെട്ട തൊഴിലാളികളും തൊഴിൽരഹിതരായ ജനങ്ങളും ഉള്ള തൊഴിൽ നഷ്ടപ്പെടാനുള്ള സാധ്യത തുറിച്ചുനോക്കുന്ന തൊഴിലാളികൾക്കും, 'ഇത് നമ്മുടെ പ്രക്ഷോഭമാണെന്ന്' മനസ്സിലാകേണ്ടതാണ്. ഈ പ്രക്ഷോഭത്തെ ശക്തിപ്പെടുത്താനുള്ള കടമ അവർക്കുണ്ട്.

സ്വകാര്യവൽക്കരണവും കമ്പോളവൽക്കരണവും വിദ്യാഭ്യാസത്തിന്റെ കാവിവൽക്കരണവുംമൂലം വിദ്യാർത്ഥികൾ കഷ്ടപ്പെടുന്നു. ആരാണിത് രൂപകൽപ്പന ചെയ്യുന്നതെന്ന് അവർ മനസ്സിലാക്കേണ്ടതുണ്ട്. അവിടെയും ഇതേ ബഹുരാഷ്ട്രകമ്പനികളും കുത്തകകളും തന്നെയാണുള്ളത്. എന്തുകൊണ്ട്? കാരണം, അവർ നമ്മുടെ രാജ്യത്ത് ഫാസിസത്തെ ബലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അക്കാരണംകൊണ്ടുതന്നെ, ചിന്താശേഷിയേയും മനസ്സിന്റെ യുക്തിഭദ്രതയെയും ശാസ്ത്രീയവീക്ഷണത്തെയും തകർക്കാൻ അവർ ഒരുമ്പെട്ടിറങ്ങിയിരിക്കുന്നു. അതിനുവേണ്ടി, ഭാരതീയ നവോത്ഥാനത്തിന്റെ അഗ്രഗാമികൾ നമ്മുടെ രാജ്യത്ത് വിഭാവനം ചെയ്ത അതേ വിദ്യാഭ്യാസസമ്പ്രദായത്തെ അവർ തകർക്കുകയാണ്. അവർ ചരിത്രത്തെ വളച്ചൊടിക്കുകയും തിരുത്തിയെഴുതുകയും ചെയ്യുന്നു. എല്ലാ ചരിത്രവസ്തുതകളെയും തുടച്ചുമാറ്റി പുരാണേതിഹാസങ്ങളെ ചരിത്രമാക്കി മാറ്റുകയാണ്. ശാസ്ത്രത്തിനു പകരമായി മന്ത്രവാദത്തെ വാഴ്ത്തുന്നു. ഇതൊക്കെയും നടത്തിക്കൊണ്ടിരിക്കുന്നത്, ആധ്യാത്മവാദപരമായ ചിന്തയും മതാധിഷ്ഠിത മനോഭാവവും അന്ധവിശ്വാസവും വളർത്തുവാനാണ്. ഇതെല്ലാം വളർത്തുന്നതാകട്ടെ ഫാസിസ്റ്റ് മനസ്സിനെ സൃഷ്ടിക്കുവാനാം. അതുകൊണ്ട്, ഇത് കുത്തകമൂലധനത്തിനും ബഹുരാഷ്ട്രകമ്പനികൾക്കും എതിരെയുള്ള പ്രക്ഷോഭമായി വിദ്യാർത്ഥികൾക്കും തോന്നണം. അതുകൊണ്ട് ഇത് വിദ്യാർത്ഥികളുടെയും പ്രക്ഷോഭമാണ്.

മുൻകാലങ്ങളിൽ ശാസ്ത്രം, സാഹിത്യം, നിയമ സംവിധാനം വിദ്യാഭ്യാസം, ഇവയൊക്കെയും ആദരണീയമായ മഹത്തായ തൊഴിലുകളായാണ് കരുതപ്പെട്ടിരുന്നത്. മുതലാളിത്തം ഇവയെയെല്ലാം കൂലിത്തൊഴിലിനു സമാനമാക്കി ചുരുക്കിക്കളഞ്ഞു. അവർക്ക് യാതൊരു ആദരവും ലഭിക്കുന്നില്ല. പാർലമെന്ററി ജനാധിപത്യമാകട്ടെ, ജനാധിപത്യത്തിന്റെ മേലങ്കിയണിഞ്ഞ ഫാസിസ്റ്റ് ഏകാധിപത്യം മാത്രമായി ചുരുങ്ങിയിരിക്കുന്നു. മാധ്യമസ്വാതന്ത്ര്യമില്ല, ജുഡീഷ്യറിക്കുപോലും സ്വാതന്ത്ര്യമില്ല, എതിരഭിപ്രായം പറയാനോ പ്രതിഷേധിക്കാനോ അവകാശമില്ല. എല്ലാം തന്നെ നിർദ്ദയം ചവിട്ടിയരയ്ക്കപ്പെടുന്നു.

(ശേഷം 4-ാം പേജിൽ)




# ബഹുജന പ്രക്ഷോഭങ്ങളിലൂടെ ജനങ്ങൾ തങ്ങളുടെ ശത്രുക്കളെയും മിത്രങ്ങളെയും തിരിച്ചറിയുന്നു

(3–ാം പേജിൽ നിന്ന്)

പണിയെടുക്കുന്ന മനുഷ്യരുടെ അസ്ഥിയും മാംസവും ഞെരിച്ചരച്ച് തങ്ങളുടെ ചൂഷണയന്ത്രം ഓടിക്കുവാൻ മുതലാളിത്ത യജമാനന്മാർക്കു സമ്പൂർണ്ണസ്വാതന്ത്ര്യമുണ്ട്. തൊഴിലാളികൾ അവർക്ക് അസംസ്കൃതവസ്തുക്കൾ മാത്രമാണ്. ഈ രാക്ഷസഫാസിസ്റ്റ് ഭരണകൂടത്തിനെതിരെയാണ് കർഷകപ്രക്ഷോഭം വഴികാണിക്കുന്നത്. അതുകൊണ്ട്, ഈ മുതലാളിത്തനരകത്തിന് അടിപ്പെട്ട ഏവരും ഈ പ്രക്ഷോഭത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഭീതിജനകമായ മറ്റൊരു ചിത്രമുണ്ട്. കുരുന്നു പെൺകുഞ്ഞുങ്ങൾ, കൗമാരപ്രായക്കാർ, തൊണ്ണൂറും നൂറുംവയസ്സുള്ള വൃദ്ധമാതാക്കൾ ഇവരൊക്കെ ഉൾപ്പെടുന്ന സ്ത്രീസമൂഹം ദിവസേന ബലാൽക്കാരത്തിനിരയാക്കപ്പെടുന്നു. പുത്രിമാരെ പിതാക്കന്മാർതന്നെ ബലാൽസംഗം ചെയ്യുന്നതായ സംഭവങ്ങളുമുണ്ട്. ബലാൽസംഗങ്ങളും കൂട്ടബലാൽസംഗങ്ങളും കൊലപാതകങ്ങളുമെല്ലാം നിത്യവാർത്തകളാകുന്നു. സ്ത്രീകളെ വ്യാപാരം ചെയ്യുന്നതു ലാഭകരമായ ബിസിനസ്സായി മാറിയിരിക്കുന്നു. കുറ്റവാളികളെ ശിക്ഷിക്കണമെന്നത് തീർച്ചയായും ആവശ്യമാണ്. പക്ഷേ, ഈ കുറ്റകൃത്യങ്ങളുടെ വേരറുക്കുവാനതു പര്യാപ്തമാണോ? ഇതെന്തുകൊണ്ടിതു സംഭവിക്കുന്നു? ഈ കുറ്റവാളികളും ഈ മുതലാളിത്ത വ്യവസ്ഥയുടെ സൃഷ്ടികളാണ്. അവർ യഥാർത്ഥത്തിൽ മനുഷ്യരോ മൃഗങ്ങൾപോലുമോ അല്ല, അധ:പതിച്ച ആധുനിക മുതലാളിത്തം ജന്മംകൊടുത്ത പുതിയൊരു ജീവജാതി ആണവർ. ധാർമ്മികതയെയും സദാചാരത്തെയും മാനുഷിക മൂല്യങ്ങളെയുമെല്ലാം മുതലാളിത്തം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കാരണം, ഫാസിസത്തിന് അതാവശ്യമാണ്. റാം മോഹൻ, വിദ്യാസാഗർ, ഫൂലെ തുടങ്ങിയ ഇന്ത്യൻ നവോത്ഥാനത്തിന്റെ മുൻഗാമികൾ, ദേശബന്ധു ചിത്തരഞ്ജൻ ദാസ്, ലാലാലജ്പത് റായ്, തിലകൻ തുടങ്ങിയ മഹാന്മാരായ സ്വാതന്ത്ര്യസമരസേനാനികൾ, രവീന്ദ്രനാഥ്, ശരത്ചന്ദ്ര, സുബ്രഹ്മണ്യഭാരതി തുടങ്ങിയ സാഹിത്യകാരന്മാർ, ജഗദീഷ് ചന്ദ്രബോസ്, പ്രഫുല്ലചന്ദ്ര റോയ്, സി.വി രാമൻ, മേഘനാഥ് സാഹ, സത്യേൻ ബോസ് തുടങ്ങിയ ശാസ്ത്രജ്ഞർ, സൂര്യസെൻ, ചന്ദ്രശേഖർ ആസാദ്, ഭഗത് സിംഗ്, പ്രീതിലത വദ്ദേദാർ തുടങ്ങിയ രക്തസാക്ഷികൾ ഇവരുടെയെല്ലാം നാമവും മഹത്തായ സമരവുമെല്ലാം കുഴിച്ചുമൂടുകയാണവർ. അവരെല്ലാം വിസ്മൃതിയിൽ അടക്കപ്പെട്ടിരിക്കുന്നു. പുതിയ യുവതലമുറ അവരെ മനസിലാക്കാൻ പാടില്ല, അവരെ മറക്കണം. മദ്യത്തിലേക്കും മയക്കുമരുന്നിലേക്കും നീലച്ചിത്രങ്ങളിലേക്കും അവരെ വലിച്ചിടുന്നു. മദ്യത്തിലും കറുപ്പിലുമെന്നപോലെ ലൈംഗികതയിലും അവരെ ആസക്തരാക്കുന്നു. ഇത്തരമൊരവസ്ഥ മുൻപ് ഇന്ത്യ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? ഇത് നാഗരികതയുടെ മുന്നോട്ടുപോക്കാണോ? ആരാണ് ഇതിനുത്തരവാദികൾ? ഈ മുതലാളിമാരും അവർ അധികാരത്തിലിരുത്തിയിരിക്കുന്ന തങ്ങളുടെ രാഷ്ട്രീയദാസന്മാരുമാണ് ഇതിനുത്തരവാദികൾ. കർഷകസമരം ആ മുതലാളിത്തത്തിനെതിരെയാണ്. ഇതു നമ്മൾ മറക്കാൻ പാടില്ല.

നമ്മുടെ രാജ്യം സാമ്പത്തികമായും രാഷ്ട്രീയമായും സാംസ്കാരികമായും ധാർമ്മികമായും ജീവിതത്തിന്റെ എല്ലാ വശങ്ങളിലും നാശത്തിലേക്കു നീങ്ങുകയാണ്. ചീഞ്ഞഴുകിയതുപോലെ ഒന്നായിരിക്കുന്നു നമ്മുടെ സമൂഹം ആകമാനവും. കുടുംബജീവിതത്തിലും സമാധാനം നഷ്ടപ്പെട്ടിരിക്കുന്നു. സ്നേഹം, വാത്സല്യം, മൃദുലവികാരങ്ങൾ ഇവയെല്ലാം അപ്രത്യക്ഷമായിരിക്കുന്നു. രോഗികളായ വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കേണ്ട ചുമതലയിൽനിന്ന് മക്കൾ പിന്മാറുകയും അവരെ തെരുവുകളിൽ വിലപിക്കാൻ ഇറക്കിവിടുകയോ ഭാവിദിനങ്ങളെണ്ണിക്കഴിയാൻവൃദ്ധസദനങ്ങളിലാക്കുകകയോ ചെയ്യുന്നു. മുതലാളിത്തത്തിനു പണം, ലാഭം എന്നിവയല്ലാതെ ഒന്നും മനസ്സിലാകില്ല. മുതലാളിത്തം രാജ്യത്തെയോ ജനങ്ങളേയോ കണക്കിലെടുക്കില്ല. ഈ മഹാമാരിയുടെ കാലത്തുപോലും അവരെത്രത്തോളം സമ്പാദിച്ചിരിക്കുന്നു എന്നത് നിങ്ങളെ അത്ഭുതപ്പെടുത്തും. കോടിക്കണക്കിനു ജനങ്ങൾ തൊഴിലില്ലാത്തവരാവുകയും ഉള്ള തൊഴിലിൽ നിന്നുതന്നെ പുറത്താക്കപ്പെടുകയും ഭിക്ഷാടകരായി തെരുവിലലയുകയും ചെയ്യേണ്ടുന്ന സ്ഥിതിയിലെത്തിയിരിക്കുമ്പോൾ, മുൻപന്തിയിലുള്ള 100 ശതകോടീശ്വരന്മാർ ഈ മഹാമാരിയുടെ കാലത്ത് 12,97,000 കോടി രൂപ സമ്പാദിച്ചിരിക്കുന്നു. ഇന്ത്യയുടെ ജനസംഖ്യയുടെ 70 ശതമാനം വരുന്ന ഏതാണ്ട് 95.3 കോടി ജനങ്ങളുടെ സമ്പത്തിന്റെ നാലു മടങ്ങിനു മേലെയാണ് കേവലം ഒരു ശതമാനം വരുന്ന അതിസമ്പന്നർ കൈയടക്കി വച്ചിരിക്കുന്നത്. സമ്പത്ത് എങ്ങനെ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ കാണൂ. ജനസംഖ്യയുടെ ഒരു ശതമാനം വരുന്ന സമ്പന്നർ 70 ശതമാനം ആളുകളുടെ സമ്പത്തിന്റെ നാലുമടങ്ങിനുടമകളാണ്. സമ്പത്ത് കൂടുതൽ കേന്ദ്രീകരിക്കപ്പെടുമെന്നതാണ് മുതലാളിത്തത്തിന്റെ നിയമം.




ഐക്യദാർഢ്യ സമതിയുടെ നേതൃത്വത്തിൽ കണ്ണൂരിൽ നടന്ന അഭിവാദ്യപ്രകടനം




പത്തനംതിട്ട ജില്ലയിൽ എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനു ബേബി കൊച്ചാലുംമൂട്ടിൽ പ്രസംഗിക്കുന്നു

136 കോടി വരുന്ന ജനസംഖ്യയിലെ 80 കോടി ജനങ്ങളുടെയും ദിവസവരുമാനം 20 രൂപയാണ്. അവർക്കെങ്ങനെ നിലനില്ക്കാനാകും? ധനികരുടെ മൃഷ്ടാന്ന ഭോജനത്തിന്റെ അവശിഷ്ടങ്ങൾ വലിച്ചെറിയുന്നകുപ്പത്തൊട്ടികളിൽനിന്ന് ആഹാരം തേടുന്ന ജനലക്ഷങ്ങൾ തെരുവുകളിലുണ്ട്. സ്വന്തം മാതാപിതാക്കളാരെന്നറിയാത്ത,എവിടെനിന്നാണു തങ്ങൾ വരുന്നതെന്നോ ഏതു നാട്ടിലാണു തങ്ങൾ ജനിച്ചതെന്നോ അറിയാത്ത ദശലക്ഷക്കണക്കിനു കുട്ടികൾ ഈ തെരുവുകളിലുണ്ട്. ഇന്ത്യയുടെ വികസനത്തിന്റെ നേർകാഴ്ചകളാണിവയൊക്കെ. മുതലാളിത്തമാണ് മാനവസമൂഹത്തിന്റെ കൊടിയ ശത്രു. ഈ മുതലാളിത്തത്തിനെതിരെയാണു കർഷകസമരം. അതിൽ പങ്കാളികളാകുക എന്നതു മാത്രമല്ല അതിനെ ശക്തിപ്പെടുത്തുക എന്നതുകൂടിയാണ് നമ്മുടെ കടമ.

## ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വിട്ടുവീഴ്ചയില്ലാതെ പോരാട്ടത്തോടൊപ്പം നിലകൊള്ളാനുള്ള ബാധ്യതയുണ്ട്

സിപിഐ(എം) നെപ്പോലുള്ള ഒരു വലിയ ഇടതുപക്ഷ പാർട്ടി ഈ സമരത്തിൽ കേവലം അധരസേവ മാത്രമാണു നടത്തുന്നതെന്നത് വേദനാജനകമാണ്. സർക്കാരും കർഷക പ്രതിനിധികളും കുത്തകക്കുടുംബങ്ങളും ചേർന്നുള്ള ഒരു യോഗത്തിലൂടെ ഈ വിഷയം പരിഹരിക്കണമെന്നു കഴിഞ്ഞ വർഷം ഡിസംബർ 31ന് സിപിഐ (എം) ജനറൽ സെക്രട്ടറി ഉപദേശിക്കുകയുണ്ടായി. ഡിസംബർ 31 എന്ന ദിവസത്തെക്കുറിച്ചാണു ഞാൻ സൂചിപ്പിക്കുന്നത്. ജനവരി 1–ന്റെ ഹിന്ദു, ടെലിഗ്രാഫ് തുടങ്ങിയ പത്രങ്ങളിൽ ഈ വാർത്ത വന്നിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് എന്നതോ പോകട്ടെ ഒരു ഇടതുപക്ഷപ്പാർട്ടിക്ക് ഇങ്ങനെ ഉപദേശിക്കാൻ കഴിയുമോ?

സകലശക്തിയും സമാഹരിച്ചുകൊണ്ട് എല്ലാ ഇടതുപാർട്ടികളുടേയും ഒരു ഐക്യം ഉണ്ടാകുമായിരുന്നെങ്കിൽ സ്ഥിതിഗതികൾ മാറി മറഞ്ഞേനെ.

1950 കളിലും അതിനുശേഷവും അവിഭക്ത സിപിഐ സമരോത്സുകമായ നിലപാടുകളെടുത്തിരുന്നു. 1964ൽ സിപിഐ(എം) രൂപം കൊണ്ടതിനു ശേഷം 1966 വരെ അവരും പ്രക്ഷോഭണങ്ങളിൽ സമരോത്സുകമായി ഇടപെട്ടിരുന്നു. പില്ക്കാലത്ത് അധികാരത്തിലേറിയതോടെ അവരുടെ മുഖം മാറാൻ തുടങ്ങി. സമരങ്ങളെ അടിച്ചമർത്താൻ മറ്റു ബൂർഷ്വാ പാർട്ടികളെപ്പോലെ അവരും കർഷകർക്കും തൊഴിലാളികൾക്കുമെതിരെ പോലീസിനെ ഉപയോഗിക്കുകയും വെടിവയ്പ്പ നടത്തുകയും ചെയ്തു. അതിനുശേഷം ഒരു സംസ്ഥാനത്തും അവർ ശരിയായ സമരങ്ങൾ വളർത്തിയെടുക്കാൻ ശ്രമിച്ചതായി നിങ്ങൾ കാണില്ല. കുറച്ചു വോട്ടുകൾ തരപ്പെടുത്തുന്നതിനായി അവർ പ്രസ്താവനകൾ പുറപ്പെടുവിക്കും, അല്ലെങ്കിൽ ചില സമര പരിപാടികൾ പ്രഖ്യാപിക്കുകയോ ചില സമരനാട്യങ്ങൾ നടത്തുകയോ ചെയ്യും. 'വലതു പിന്തിരിപ്പത്ത'ത്തെ ചെറുക്കാനെന്ന പേരിൽ ഇടതുപക്ഷ രാഷ്ട്രീയം വെടിഞ്ഞുകൊണ്ട് അവർ മുമ്പ് ഭരണബൂർഷ്വാപാർട്ടിയായ കോൺഗ്രസ്സിനെ പിന്തുണയ്ക്കുകയും അവരുമായി കൂട്ടുകെട്ടുണ്ടാക്കു കയും ചെയ്തു, പിന്നീട് ജനസംഘത്തിന്റേയും ആർഎസ്സ്എസ്സിന്റേയും മറ്റു പലതിന്റേയും സങ്കരമായ ജനതാപാർട്ടിയോടൊപ്പം ചേർന്നു. അതിനു ശേഷം 'കോൺഗ്രസ്സിന്റെ അധികാര പ്രമത്തത യ്ക്കെതിരെ' എന്നു പറഞ്ഞ് ബി.ജെ.പിയോടൊപ്പവും ചേർന്നു. പാർലമെന്റിലും അസംബ്ലികളിലും ഏതാനും സീറ്റുകൾ കിട്ടുന്നതിനായി ഇപ്പോഴവർ പ്രതിപക്ഷ കോൺഗ്രസ്സുമായും മറ്റു ജാതി, പ്രാദേശിക, ബൂർഷ്വാ പാർട്ടികളുമായും സഖ്യത്തിനായി സജീവമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മാർക്സിസത്തിന്റെ ലേബൽ വച്ചുകൊണ്ട് വോട്ടിനുവേണ്ടി മാത്രം നിലകൊള്ളുന്ന പാർട്ടിയായി മാറിയിരിക്കുന്നു അവർ. സി.പി.ഐ (എം)ന്റെ സത്യസന്ധരും ഇടതുപക്ഷ മനോഭാവം പുലർത്തുന്ന വരുമായ അനുഭാവികൾ ഈ വിഷയം കാര്യമായാലോചിക്കണം. മറ്റു പ്രതിപക്ഷ പാർട്ടികളും കോൺഗ്രസ്സും പ്രാദേശിക ബൂർഷ്വാ പാർട്ടികളും ജനകീയ സമരങ്ങളിലൊന്നും പങ്കെടുക്കില്ല. കാരണം ഭരിക്കുന്ന പാർട്ടികൾ മാത്രമല്ല ഈ പാർട്ടികളും സിപിഐയും സിപിഐ(എം) ഉംവരെ കുത്തകമൂലധനവുമായി പലതരത്തിലും കെട്ടുപിണഞ്ഞു കിടക്കുകയാണ്. തെരഞ്ഞെടുപ്പു ബോണ്ടുകൾ വഴി അവർക്കു ഫണ്ടു കിട്ടുന്നു. ആരാണീ ഫണ്ടുകളിൽ പണം നൽകുന്നത്? എല്ലാ പാർട്ടികൾക്കും ഫണ്ടുകിട്ടുന്നതു കുത്തക കുടുംബങ്ങളിൽ നിന്നാണ്, ചിലർക്കു കുറച്ചും മറ്റുചിലർക്കു കൂടുതലും. ഇതെല്ലാം മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അവർക്കെങ്ങനെ പിന്നെ കുത്തകകൾക്കെതിരെ നിൽക്കാൻ കഴിയും? ജനാധിപത്യ പ്രക്ഷോഭണങ്ങളുടെ താല്പര്യാർത്ഥം, ഇടതുപക്ഷ മുന്നേറ്റങ്ങളുടെ താല്പര്യാർത്ഥം സകല ശക്തിയും സമാഹരിച്ചു കൊണ്ട് ഈ സമരത്തിലണിചേരാനും




ഭാരത് ബന്ദിന് കർഷക പ്രതിരോധ സമിതിയുടെ ഐക്യദാർഢ്യം. കൽപ്പറ്റയിൽ നടന്ന യോഗം അഡ്വ.അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു. കെ. ഹംസമാസ്റ്റർ, വി.കെ.സദാനന്ദൻ, ടി.ജെ.ഡിക്സൺ തുടങ്ങിയവർ വേദിയിൽ

(ശേഷം 5–ാം പേജിൽ)

# വിദ്യാർത്ഥികളും യുവാക്കളും തൊഴിലാളികളും കർഷക സമരത്തെ സ്വന്തം സമരമായി മനസ്സിലാക്കി പിന്തുണയ്ക്കുക


(4-ാം പേജിൽ നിന്ന്)

അതുവഴി നേതൃത്വത്തെ അതിനു പ്രേരിപ്പിക്കുവാനും ഇടതുപാർട്ടികളിലെ സത്യസന്ധരായ പ്രവർത്തകരോടും അനുയായികളോടും അനുഭാവികളോടും ഞങ്ങൾ ഗൗരവപൂർവം അഭ്യർത്ഥിക്കുന്നു.

ആരെങ്കിലും ജനാധിപത്യസമരങ്ങൾ സംഘടിപ്പിച്ചാൽ, അതിന്റെ ഡിമാന്റുകൾ ന്യായയുക്തമാണെങ്കിൽ, ജനാധിപത്യ മനസ്സുള്ള ജനങ്ങൾ അതിൽ പങ്കെടുക്കുന്നുണ്ടെങ്കിൽ നാമതിൽ സഹകരിക്കും. നമ്മെ ക്ഷണിച്ചിട്ടുണ്ടോ നേതൃത്വത്തിൽ ഉണ്ടാകുമോ എന്നതൊന്നും പരിഗണിക്കാതെ, വിപ്ലവകരമായ ലക്ഷ്യത്തോടെ നാം സമരത്തിൽപങ്കെടുക്കുകയുംശക്തിപ്പെടുത്തുകയും ചെയ്യും. ഭാരത ബന്ദിന്റെ സമ്പൂർണ വിജയത്തിനുശേഷവും ഡിമാന്റുകൾ നേടുന്നതുവരെ സമരരംഗത്ത് അടിയുറച്ചുനിൽക്കുവാൻ ഏവരോടും ഇതേലക്ഷ്യത്തോടെതന്നെ ഞാൻ അഭ്യർത്ഥിക്കുന്നു. സമരത്തെ സഹായിക്കാനും തുടർന്നുകൊണ്ടുപോകുവാനും, ഗ്രാമങ്ങളിലെ കർഷകരുടെ സമരക്കമ്മിറ്റികൾപോലെ ഫാക്ടറികളിലും പണിസ്ഥലങ്ങളിലും തൊഴിലാളികളുടെ കമ്മിറ്റികളും യുവാക്കളുടേയും വിദ്യാർത്ഥികളുടേയും കമ്മിറ്റികളും സ്ത്രീകളുടെ കമ്മിറ്റികളും രൂപീകരിക്കുകയും വൊളണ്ടിയർമാരെ ചേർക്കുകയും സമരത്തെ വികസിപ്പിക്കുകയുംവേണം. സമരങ്ങളും പോരാട്ടങ്ങളുമില്ലാതെ ഒരു ഡിമാന്റും നേടിയെടുക്കാൻ കഴിയില്ല. ഈ സമരം വിജയിച്ചാൽ അതു കർഷകരെ സഹായിക്കുമെന്നു മാത്രമല്ല, അതു ബൂർഷ്വാസിയെയും ഭരണത്തിലിരിക്കുന്ന ബൂർഷ്വാ പാർട്ടികളേയും ദുർബ്ബലപ്പെടുത്തും. നമ്മുടെ രാജ്യത്തെ ചൂഷിതരായ ജനങ്ങളുടെ ജനാധിപത്യ പ്രക്ഷോഭങ്ങളെ അതു ശക്തിപ്പെടുത്തും. ഈ ലക്ഷ്യത്തോടെ നിങ്ങളതിൽ പങ്കെടുക്കണം.

അവസാനിപ്പിക്കുന്നതിനുമുമ്പ്, ധീരരക്തസാക്ഷി ഭഗത് സിംഗിന്റെയും തൊഴിലാളിവർഗത്തിന്റെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷിന്റെയും പ്രസംഗങ്ങളിൽനിന്ന് ഓരോ ഭാഗങ്ങൾ ഞാൻ ഉദ്ധരിക്കാം. ഭഗത്സിംഗിന്റെ ഈ വാക്കുകൾ നമ്മുടെ രാജ്യത്ത് അധികം പ്രചരിപ്പിക്കപ്പെട്ടിട്ടുള്ളതല്ല. ഭഗത്സിംഗ് ശഹീദ് ഭഗത്സിംഗ് എന്ന് ആദരിക്കപ്പെടുന്നത് അദ്ദേഹം ധീരനായ രക്തസാക്ഷിയാണ് എന്നുള്ളതുകൊണ്ടാണ്. ആ കാലഘട്ടത്തിലെ മറ്റേതൊരു നേതാവിനെക്കാളും വിപ്ലവധാരയെ പ്രതിനിധാനം ചെയ്തത് അദ്ദേഹമായിരുന്നു എന്നതുകൊണ്ടുമാത്രമല്ല, ഗാന്ധിയൻ നേതൃത്വത്തിന്റെ വർഗസ്വഭാവം തിരിച്ചറിയാനുള്ള ചിന്താപരമായ ഔന്നത്യം മറ്റൊരു നേതാവിനും അദ്ദേഹത്തെപ്പോലെ ഉണ്ടായിരുന്നില്ല എന്നതുകൊണ്ടുകൂടിയാണ്. അദ്ദേഹം പറഞ്ഞു: 'യഥാർത്ഥ വിപ്ലവസേനകൾ'- ഈ പ്രയോഗം നോക്കൂ- "യഥാർത്ഥ വിപ്ലവസേനകൾ ഗ്രാമങ്ങളിലും ഫാക്ടറികളിലുമുള്ള കർഷകരും തൊഴിലാളികളുമാണ്. എന്നാൽ നമ്മുടെ ബൂർഷ്വാ നേതാക്കൾ" അതായത് ഗന്ധിയൻനേതൃത്വം,"അവരെ അണിനിരത്താൻ തയ്യാറല്ല, അതിന് ധൈര്യപ്പെടുന്നില്ല. ഉറങ്ങുന്ന സിംഹത്തെ ഉണർത്തിയാൽപ്പിന്നെ അതിനെ തടഞ്ഞുനിർത്താനാകില്ലല്ലോ...." കർഷകരിലും തൊഴിലാളികളിലും അദ്ദേഹമർപ്പിച്ച വിശ്വാസം നോക്കൂ!

1931 മാർച്ച് 23ന് അദ്ദേഹത്തെ തൂക്കിലേറ്റി. ഫെബ്രുവരി 3ന് രാജ്യത്തെ ചെറുപ്പക്കാരോട് ഒരു മാർക്സിസ്റ്റ് പാർട്ടി രൂപീകരിക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചിരുന്നു. അന്ന് സിപിഐ നിലവിലുണ്ടെങ്കിലും അത് ആശ്രയിക്കത്തക്കതല്ല എന്ന് കരുതിയതുകൊണ്ടുതന്നെയാകണം അദ്ദേഹം ഈ ആഹ്വാനം മുഴക്കിയത്. "...കർഷകരുടെയും തൊഴിലാളികളുടെയും അനുഭാവം പിടിച്ചുപറ്റുകയും അവരെ സംഘടിപ്പിക്കുകയും ചെയ്യുക എന്നത് അനിവാര്യമാണ്. നല്ല അച്ചടക്കവും രാഷ്ട്രീയ പ്രബുദ്ധതയുമുള്ള തൊഴിലാളികളുടെ പാർട്ടിയാണ് എല്ലാ സമരങ്ങൾക്കും നേതൃത്വം നൽകേണ്ടത്. നമ്മൾ സോഷ്യലിസ്റ്റ് വിപ്ലവം സംഘടിപ്പിക്കണം. അതിന് അനിവാര്യമായും ആദ്യം നിർവ്വഹിക്കേണ്ടത് രാഷ്ട്രീയ വിപ്ലവമാണ്. അതിനുശേഷം, സോഷ്യലിസ്റ്റ് അടിത്തറയിൽ സമൂഹത്തെയാകെ പുനർനിർമ്മിക്കുന്ന പ്രക്രിയയുമായി മുന്നേറണമെന്നും മാർക്സിയൻ ദർശനം പറയുന്നു...."







ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിൽ പാലക്കാട്ട് നടന്ന അഭിവാദ്യ പ്രകടനം




സംയുക്ത കിസാൻ മോർച്ച നേതാവ് കെ.വി.ബിജു രാമങ്കരിയിൽ നടന്ന ഐക്യദാർഢ്യ സമ്മേളനത്തിൽ പ്രസംഗിക്കുന്നു

അക്കാലത്ത് മറ്റൊരു നേതാവും ഈ രീതിയിൽ കാര്യങ്ങൾ അവതരിപ്പിച്ചിട്ടില്ല. തൂക്കിക്കൊല്ലുന്നതിന് തൊട്ടുമുമ്പ് ജയിൽ ഉദ്യോഗസ്ഥൻ സമീപിച്ചപ്പോൾ ഭഗത്സിംഗ് പറഞ്ഞതിങ്ങനെയാണ്: " ഒരു വിപ്ലവകാരി മറ്റൊരു മഹാനായ വിപ്ലവകാരിയുമായി ആശയവിനിമയം നടത്തുകയാണ്. അതുകൊണ്ട് ദയവായി എനിക്ക് കുറച്ച് സമയം അനുവദിക്കുക." ആരായിരുന്നു ആ മഹാനായ വിപ്ലവകാരി? മഹാനായ ലെനിൻതന്നെ. ഭഗത്സിംഗ് അപ്പോൾ ലെനിന്റെ ജീവചരിത്രം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു,തൂക്കിലേറ്റുന്നതിന് നിമിഷങ്ങൾ മാത്രം അവശേഷിക്കുമ്പോൾ. തൂക്കുകയർ കഴുത്തിലണിയുമ്പോൾ 'ഇങ്ക്വിലാബ് സിന്ദാബാദ്' എന്ന മുദ്രാവാക്യം വിളിച്ച ആദ്യത്തെ വിപ്ലവകാരിയായിരുന്നു ഭഗത്സിംഗ്. 1931 ലാണ് ഒരു മാർക്സിസ്റ്റ് പാർട്ടി രൂപീകരിക്കണമെന്ന ആഹ്വാനം അദ്ദേഹം മുഴക്കുന്നത്. രാജ്യത്ത് ഒരു യഥാർത്ഥ വിപ്ലവപ്പാർട്ടിയുണ്ടാകാൻ പിന്നെയും 17 വർഷമെടുത്തു. എല്ലാ വിപ്ലവകാരികളുടെയും രക്തസാക്ഷികളുടെയും നവോത്ഥാന നായകരുടെയും സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാനായി മഹാനായ മാർക്സിസ്റ്റ് ചിന്തകൻ സഖാവ് ശിബ്ദാസ് ഘോഷ് 1948ൽ ഇന്ത്യൻ മണ്ണിലെ യഥാർത്ഥ മാർക്സിസ്റ്റ് പാർട്ടിക്ക് രൂപംനൽകി.

ഇനി, സമരങ്ങളെ നയിക്കുന്നതിൽ സഖാവ് ശിബ്ദാസ് ഘോഷ് നൽകിയ മാർഗനിർദ്ദേശം ഉദ്ധരിക്കാം. അദ്ദേഹം പറഞ്ഞു: "തൊഴിലില്ലായ്മയ്ക്ക് പരിഹാരമാവശ്യപ്പെട്ടുകൊണ്ടുള്ള സമരമാകട്ടെ, കൂലിവർദ്ധനയ്ക്കുവേണ്ടി തൊഴിലാളികൾ നടത്തുന്നതോ, ജനാധിപത്യാവകാശങ്ങൾക്കുവേണ്ടിയുള്ള സമരമോ ആകട്ടെ, അരിയുടെയോ മറ്റവശ്യ സാധനങ്ങളുടെയോ വിലകുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സമരങ്ങളാകട്ടെ, കർഷകരുടെയോ തൊഴിലാളികളുടെയോ വിദ്യാർത്ഥികളുടെയോ യുവാക്കളുടെയോ സമരമാകട്ടെ, ഏതൊരു സമരവും മാർക്സിസം-ലെനിനിസത്തിൽനിന്ന് മാർഗദർശനം ഉൾക്കൊണ്ട് നടത്തുന്ന മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവമെന്ന അടിസ്ഥാന രാഷ്ട്രീയലക്ഷ്യം മുൻനിർത്തി യുള്ളതാകണം. അതായത്, എല്ലാ സമരങ്ങളും, മുതലാളിത്ത വ്യവസ്ഥയ്ക്കെതിരെയുള്ളതും നിരന്തരമായ വിപ്ലവ പോരാട്ടത്തിലൂടെ അതിനെ അടിസ്ഥാനപരമായി പരിവർത്തിപ്പിച്ചുകൊണ്ട് സമ്പദ്ഘടനയെയും രാഷ്ട്രീയ വ്യവസ്ഥയെയും ഉല്പാദനത്തെയും കലയെയും സംസ്കാരത്തെയും സാഹിത്യത്തെയും വിദ്യാഭ്യാസത്തെയുമെല്ലാം അതിന്റെ ചൂഷണത്തിൽനിന്നും അടിച്ചമർത്തലിൽനിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യം പേറുന്നതുമാകണം. എല്ലാ സമരങ്ങളുടെയും മുഖ്യലക്ഷ്യം ഇതാണെന്ന് കരുതുന്നുവെങ്കിൽ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റേതല്ലാത്ത എല്ലാ മാർഗ്ഗങ്ങളും തെറ്റായതുതന്നെയാണ്." മറ്റൊരു പ്രസംഗത്തിൽ രാജ്യത്തെ വിദ്യാർത്ഥികളോടും യുവാക്കളോടും അദ്ദേഹം അഭ്യർത്ഥിച്ചു: "...ഏതൊരു രാജ്യത്തും സാമൂഹ്യ വികാസത്തിന്റെ ഓരോ ഘട്ടത്തിലും വിപ്ലവ പ്രത്യയശാസ്ത്രത്താൽ സ്വാധീനിക്കപ്പെട്ടും അതിൽനിന്ന് പ്രചോദനമുൾക്കൊണ്ടും മുന്നോട്ടു വരുന്നത് വിദ്യാർത്ഥികളും യുവാക്കളുമാണ്. അവർ സമ്പൂർണ്ണമായ അർപ്പണബോധത്തോടെ ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന്, അവരെ ഉണർത്തി, ആയിരങ്ങളായി സംഘടിപ്പിച്ച്, അവരുടെ രാഷ്ട്രീയാധികാരം സ്ഥാപിച്ചെടുക്കുന്നതിന് സഹായിക്കുന്നു. അങ്ങനെ അധ്വാനിക്കുന്ന ജനങ്ങൾ മുതലാളിവർഗ്ഗത്തെ അധികാരത്തിൽനിന്ന് തൂത്തെറിഞ്ഞ് മുതലാളിത്ത വ്യവസ്ഥയുടെ സ്ഥാനത്ത് സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിച്ചുകൊണ്ട് സമൂഹത്തിന്റെ അടിസ്ഥാനപരമായ പരിവർത്തനം സാദ്ധ്യമാക്കിത്തീർക്കുന്നു..."

മഹാനായ മാർക്സിസ്റ്റ് ചിന്തകൻ സഖാവ് ശിബ്ദാസ് ഘോഷിന്റെ ശിഷ്യനെന്ന നിലയിൽ നമ്മുടെ മുഴുവൻ സഖാക്കളോടും അനുഭാവികളോടും അഭ്യുദയകാംക്ഷികളോടും, ഈ കർഷക പ്രക്ഷോഭത്തെ ശക്തിപ്പെടുത്തുന്നതിലും ഡിമാന്റുകൾ നേടുംവരെ അതിനെ മുന്നോട്ടു കൊണ്ടുപോകുന്നതിലും മുഴുകാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. ജനങ്ങളുടെ അസംതൃപ്തിയുടെ തീപ്പൊരികൾ ചുറ്റും നാം കാണുന്നുണ്ട്. അവർ സമരത്തിന് തയ്യാറാണ്.

ശാന്തമായ അന്തരീക്ഷം എപ്പോഴാണ് പ്രക്ഷുബ്ദ്ധമാകുന്നതെന്ന് എപ്പോഴും മുൻകൂട്ടിക്കാണാൻ കഴിഞ്ഞെന്നുവരില്ല. യഥാസമയം അത് തിരിച്ചറിഞ്ഞ് സാഹചര്യത്തിനൊത്തുയർന്ന് ആ സമരങ്ങൾക്ക് സംഘടിതരൂപം നൽകാനും അവയെ നയിക്കാനും നമ്മൾ ജാഗരൂകരും സന്നദ്ധരുമായിരിക്കണം. ശഹിദ് ഭഗത്സിംഗും മഹാനായ മാർക്സിസ്റ്റ് ചിന്തകൻ സഖാവ് ശിബ്ദാസ്ഘോഷും ചൂണ്ടിക്കാണിച്ചതുപോലെ എല്ലാ സമരങ്ങൾക്കും മാർക്സിസമെന്ന വിപ്ലവ പ്രത്യയശാസ്ത്രവും മുതലാളിത്തത്തിനെതിരെ പോരടിക്കുന്ന യഥാർത്ഥ തൊഴിലാളിവർഗ്ഗ പാർട്ടിയുടെ നേതൃത്വവും ആവശ്യകതയാണ്.

ഐതിഹാസികമായ ഈ കർഷകസമരം വിജയിക്കുമെന്നും അത് നമ്മുടെ രാജ്യത്ത് ഒരു പുതുയുഗപ്പിറവിക്ക് കാരണമാകുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഹരിയാനയിലെ കർഷകർ സർക്കാരിനെ മുട്ടുകുത്തിച്ചത് നമ്മൾ കണ്ടു. സംസ്ഥാന ഗവൺമെന്റിന് കർഷകരുടെ ഡിമാന്റുകൾ അംഗീകരിക്കേണ്ടിവന്നു. അതുപോലെ ഈ കർഷക പ്രക്ഷോഭവും വിജയംവരിക്കുക തന്നെചെയ്യും. എല്ലാവർക്കും ലാൽസലാം. ഇങ്ക്വിലാബ് സിന്ദാബാദ്.




ഭാരത് ബന്ദിന് വനിതകളുടെ പിന്തുണ. കൊല്ലത്ത് എഐഎംഎസ്എസ് നടത്തിയ അഭിവാദ്യ പ്രകടനത്തിൽ ട്വിങ്കിൾ പ്രഭാകരൻ പ്രസംഗിക്കുന്നു.

മഹാനായ മാർക്സിസ്റ്റ് ചിന്തകൻ സഖാവ് ശിബ്ദാസ്ഘോഷിന് ലാൽസലാം.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സിന്ദാബാദ്. ■

## ലഖിംപൂരിൽ കർഷകരെ അരുംകൊലചെയ്ത സംഭവത്തിൽ പ്രതിഷേധിക്കുക

# കേന്ദ്രആഭ്യന്തരസഹമന്ത്രി അജയ് മിശ്രയുടെ മകനെതിരെ കൊലക്കുറ്റത്തിന് കേസെടുക്കുക, പരമാവധിശിക്ഷ ഉറപ്പാക്കുക

**ഒ**രു ജനാധിപത്യ പ്രക്ഷോഭണത്തെ സംബന്ധിച്ചിടത്തോളം പത്തുമാസമെന്നത് തീരെച്ചെറിയ കാലയളവല്ല. ഒരു പ്രക്ഷോഭത്തിൽ ഏറ്റവും അനിവാര്യമായ ജനാധിപത്യ സമര മാർഗമവലംബിച്ചുകൊണ്ടാണ് ഈ കാലമത്രയും കർഷക സമരം മുന്നോട്ടുപോയത്. കർഷകർക്കുനേരെ ഭരണകൂടം അതിക്രമങ്ങൾ ആവർത്തിച്ചുകൊണ്ടേയിരുന്നതല്ലാതെ കർഷകരുടെ ഭാഗത്തുനിന്ന് യാതൊരു പ്രകോപനവും ഇതേവരെ ഉണ്ടായിട്ടില്ല എന്നിരിക്കെയാണ് യുപിയിലെ ലഖിംപൂരിൽ കർഷകരുടെ റാലിയിലേയ്ക്ക് കേന്ദ്രആഭ്യന്തര സഹമന്ത്രി അജയ് കുമാർ മിശ്രയുടെ മകൻ ആശിഷ് മിശ്ര ഉന്മത്തനായി വാഹനമോടിച്ചുകയറ്റി കർഷകരെ അരുംകൊല ചെയ്തിരിക്കുന്നത്. ഏറ്റവും ഹീനവും അങ്ങേയറ്റം അപലപനീയവുമാണ് പ്രസ്തുത സംഭവം. ഏറ്റവും ന്യായമായ ആവശ്യങ്ങളെ മുൻനിർത്തി സമരം ചെയ്യുന്ന കർഷകർക്കുനേരെയാണ് ഈവിധം ഒരു അക്രമം ഉണ്ടായിരിക്കുന്നത്.

ശത്രുരാജ്യത്തോട് എന്നതിനെക്കാൾ വൈരാഗ്യബുദ്ധിയോടെയാണ് നരേന്ദ്രമോദിയുടെ കേന്ദ്രസർക്കാർ സ്വന്തം ജനങ്ങൾക്കെതിരെ നീങ്ങിക്കൊണ്ടിരിക്കുന്നത്. കർഷകരുടെ പ്രക്ഷോഭം, തങ്ങളുടെ ഉറ്റതോഴന്മാരായ കുത്തകകൾക്കെതിരെയാണ് എന്നതാണ് ബിജെപിനേതാക്കന്മാരെ ഇത്രമേൽ പ്രകോപിതരാക്കുന്നത്. മനുഷ്യത്വം തീരെയില്ലാത്തവരും ആജ്ഞാനുവർത്തികളുമായ ബന്ധുപുത്രാദികൾ എന്തുഹീനകൃത്യങ്ങൾക്കും മടിയില്ലാത്ത ഗുണ്ടകളയി കൂടെനിൽക്കുന്നു.

ഈ കുതന്ത്ര ങ്ങൾക്കൊന്നും പ്രക്ഷോഭത്തിന്റെ ജ്വാലയണയ്ക്കാനാകുന്നില്ല എന്നുമാത്രമല്ല സമരം വർദ്ധിത വീര്യത്തോടെ മുന്നോട്ടാണ്. കേന്ദ്രമന്ത്രിയുടെ മകനെതിരെ കൊലക്കുറ്റവും മറ്റ് വകുപ്പകളുംചേർത്ത് കേസെടുത്തതിനുശേഷമേ കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങൾ പോസ്റ്റുമോർട്ടത്തിന് വിട്ടുകൊടുക്കാൻ കർഷകർ തയ്യാറായുള്ളൂ. മാത്രമല്ല മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് 45ലക്ഷം രൂപയും കുടുംബത്തിലൊരാൾക്ക് സർക്കാർ ജോലിയും പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറായതിനുശേഷമേ ടിക്കുനിയ മൈതാനത്ത് തടിച്ചുകൂടിയ ആയിരക്കണക്കിന് കർഷകർ പിരിഞ്ഞുപോകാൻ തയ്യാറായുള്ളൂ. കൂടുതൽ ശക്തമായ സമരപരിപാടികളുമായി മുന്നോട്ടു പോകാനാണ് സംയുക്ത കിസാൻമോർച്ച തീരുമാനിച്ചിരിക്കുന്നത്.



സുൽത്താൻബത്തേരിയിൽ സഖാവ് ദേവസ്യ പുറ്റനാൽ പ്രസംഗിക്കുന്നു

### സംയുക്ത കിസാൻ മോർച്ചയുടെ പ്രസ്താവന

ഇന്ത്യയുടെ കർഷക സമര ചരിത്രത്തിലെ വേദനാജനകമായ ഏടുകളിൽ ഒന്നാണ് ലഖിംപൂർ ഖേരിയിൽ നടന്ന കൂട്ടക്കൊല. സമൂഹമാധ്യമങ്ങളിൽ നടന്ന പ്രചരണത്തിലൂടെ ഈ സംഭവത്തിന്റെ സത്യാവസ്ഥ ഇതിനകം തന്നെ ജനങ്ങളുടെ ഇടയിൽ വെളിവാക്കപ്പെട്ടു. ഇത് പൊടുന്നനെ ഉണ്ടായ സംഭവം അല്ലെന്നു വ്യക്തമാണ്. സ്വന്തം ക്രിമിനൽ പ്രതിച്ഛായയിൽ ഊറ്റംകൊള്ളുന്ന കേന്ദ്ര ആഭ്യന്തര സഹമന്ത്രി അജയ് മിശ്ര തേനി ഒരു പ്രത്യേക സമുദായത്തിൽ പെട്ട കർഷകരെ ഭീഷണിപ്പെടുത്തുകയും സമരം ചെയ്യുന്ന കർഷകരുടെ ഇടയിൽ പ്രകോപനം സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്തു.

മന്ത്രിയുടെ മകനും ഗുണ്ടാസംഘവും ചേർന്ന് സമരം ചെയ്തു മടങ്ങുകയായിരുന്ന കർഷകരുടെ മേൽ വാഹനമിടിച്ചു കയറ്റുകയും നാലു കർഷകരേയും ഒരു മാധ്യമപ്രവർത്തകനെയും കൊല്ലുകയും ആണുണ്ടായത്. ഈ ദാരുണ സംഭവത്തിന് ഉത്തരവാദികളായവരെ രാജ്യം ഇതിനകം തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ സംഭവം ബിജെപി നേതൃത്വം നൽകുന്ന കേന്ദ്ര ഗവൺമെന്റിന്റെയും ഉത്തർപ്രദേശ് ഗവൺമെന്റിന്റെയും തനിനിറം വെളിവാക്കിയിട്ടുണ്ട്. ഈ ഭീകരമായ കൊലപാതകത്തിൽ ബിജെപി നേതാക്കളുടെ പങ്ക് സംബന്ധിച്ച് വ്യക്തമായ തെളിവുകൾ ഉണ്ടായിട്ടും അവർക്കെതിരെയോ അവരോടൊപ്പം ഉണ്ടായിരുന്ന ഗുണ്ടകൾക്കെതിരെയോ ഒരു നടപടിയും സ്വീകരിക്കാൻ ബിജെപി ഇതുവരെ തയ്യാറായിട്ടില്ല. ഐതിഹാസികമായ ഈ കർഷക പ്രക്ഷോഭം മൂലം ബിജെപിക്ക് അവരുടെ സ്വാധീനം നഷ്ടപ്പെടുന്നതിനാൽ അവർ ആക്രമണത്തിലേക്ക് തിരിയുന്നു എന്ന് വ്യക്തമാണ്. സമാധാനപരവും ജനാധിപത്യപരവുമായ ബഹുജന മുന്നേറ്റത്തിലൂടെ ഈ ആക്രമണത്തിനു മറുപടി പറയുവാൻ സംയുക്ത കിസാൻ മോർച്ച തീരുമാനമെടുക്കുകയാണ്. ഈ കൂട്ടക്കൊലയ്ക്കും അതിൽ നടപടിയെടുക്കാത്ത കേന്ദ്രസർക്കാരിനുമെതിരെ രാജ്യവ്യാപകമായ സമരം സംഘടിപ്പിക്കുവാനും സംയുക്ത കിസാൻമോർച്ച തീരുമാനിച്ചു.

സംയുക്ത കിസാൻ മോർച്ച ഉയർത്തുന്ന ഡിമാൻഡുകൾ:

കേന്ദ്ര ആഭ്യന്തര സഹമന്ത്രി അജയ് മിശ്ര തേനിയെ മന്ത്രിസഭയിൽ നിന്ന് പുറത്താക്കുക കൊലപാതകം, ഗൂഢാലോചന, ജനകീയ ഐക്യം തകർക്കൽ എന്നീ കുറ്റങ്ങൾ ചുമത്തി അറസ്റ്റ് ചെയ്യുക.

മന്ത്രി അജയ് മിശ്രയുടെ മകൻ ആശിഷ് മിശ്രയെയും കൂട്ടുപ്രതികൾ എന്ന് വ്യക്തമായിട്ടുള്ള സുമിത്ത് ജയ്സ്വാൾ, അങ്കിത് ദാസ് എന്നിവരെയും കൊലപാതകക്കുറ്റം ചുമത്തി ഉടൻ അറസ്റ്റ് ചെയ്യുക.

ഒക്ടോബർ 12 രാജ്യവ്യാപകമായി കർഷക രക്തസാക്ഷിത്വ ദിനമായി ആചരിക്കാൻ സംയുക്ത കിസാൻ മോർച്ച ആഹ്വാനം ചെയ്തിരിക്കുകയാണ്. ലഖിംപൂർ ഖേരിയിലെ ടിക്കോണിയയിൽ ഒക്ടോബർ 12ന് നടക്കുന്ന പ്രാർത്ഥനയിൽ പങ്കെടുത്തുകൊണ്ട് രക്തസാക്ഷികളായ കർഷകർക്ക് ആദരവ് അർപ്പിക്കണമെന്ന് ഉത്തർപ്രദേശിലും രാജ്യമെമ്പാടുമുള്ള കർഷകരോട് സംയുക്ത കിസാൻ മോർച്ച അഭ്യർത്ഥിക്കുന്നു.

രക്തസാക്ഷികളായ കർഷകർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അന്നേദിവസം ഗുരുദ്വാരകളിലും ക്ഷേത്രങ്ങളിലും വീടുകളിലും പൊതുസ്ഥലങ്ങളിലും പ്രത്യേക പ്രാർത്ഥനാ സമ്മേളനങ്ങളും അനുശോചന യോഗങ്ങളും സംഘടിപ്പിക്കണമെന്നും വിവിധ കർഷക സംഘടനകളോട് സംയുക്ത കിസാൻ മോർച്ച ആഹ്വാനം ചെയ്തിട്ടുണ്ട്. അന്നേദിവസം വൈകുന്നേരം മെഴുകുതിരി തെളിച്ചുകൊണ്ട് മാർച്ച് സംഘടിപ്പിക്കണമെന്നും വീടുകൾക്കു മുമ്പിൽ 5 രക്തസാക്ഷികളെ അനുസ്മരിച്ചുകൊണ്ട് 5 മെഴുകുതിരികൾ കത്തിച്ചു വയ്ക്കണമെന്നും രാജ്യത്തെ നീതിമാന്മാരായ മുഴുവൻ ആളുകളോടും അഭ്യർത്ഥിക്കുന്നു.

ഒക്ടോബർ 11നകം ഡിമാന്റുകൾ അംഗീകരിച്ചില്ലെങ്കിൽ സംയുക്ത കിസാൻ മോർച്ച ശക്തമായ പ്രതിഷേധ പരിപാടികളുമായി മുന്നോട്ടുപോകും. രക്തസാക്ഷികളായ കർഷകരുടെ ചിതാഭസ്മവുമായി ലഖിംപൂർ ഖേരിയിൽ നിന്നും ഷഹീദ് കിസാൻ യാത്ര പുറപ്പെടും . ഉത്തർപ്രദേശിലെ എല്ലാ ജില്ലകളിലും രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള യാത്രകൾ പ്രത്യേകമായി സംഘടിപ്പിക്കും. ഈ യാത്രകൾ ജില്ലകളിലും സംസ്ഥാനങ്ങളിലും ഏതെങ്കിലുമൊരു വിശുദ് സ്ഥലത്തോ അല്ലെങ്കിൽ ചരിത്രപ്രാധാന്യമുള്ള കേന്ദ്രത്തിലോ സമാപിക്കും.

ദസറ ദിവസമായ ഒക്ടോബർ 15ന് കർഷക വിരുദ്ധമായ ബിജെപി ഗവൺമെന്റിന്റെ പ്രതീകമായ നരേന്ദ്ര മോദിയുടെയും അമിത്ഷായുടെയും ലോക്കൽ ബിജെപി നേതാക്കളുടെയും കോലം കത്തിക്കും. ഒക്ടോബർ 18ന് രാവിലെ 10 മുതൽ വൈകുന്നേരം നാലുമണി വരെ രാജ്യമൊട്ടാകെ ട്രെയിൻ തടയൽ സമരം സംഘടിപ്പിക്കും. ഒക്ടോബർ 26ന് ലഖിംപൂർ ഖേരിയിൽ സംയുക്ത കിസാൻ മോർച്ച മഹാപഞ്ചായത്ത് സംഘടിപ്പിക്കും.



എറണാകുളത്ത് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗം സഖാവ് ടി.കെ.സുധീർകുമാർ സംസാരിക്കുന്നു



കോട്ടയത്ത് നടന്ന പ്രതിഷേധപ്രകടനം



കണ്ണൂരിൽ നടന്ന പ്രതിഷേധം.ഡോ.ഡി.സുരേന്ദ്രനാഥ് പ്രസംഗിക്കുന്നു


കൊല്ലത്ത് സഖാവ് എസ് രാധാകൃഷ്ണൻ പ്രസംഗിക്കുന്നു



ആലപ്പുഴയിൽ സഖാവ് ടി.മുരളി പ്രസംഗിക്കുന്നു

### അഖിലേന്ത്യ പ്രതിഷേധ ദിനം ആചരിച്ചു

ലഖിംപൂരിലെ അരുംകൊലയിൽ പ്രതിഷേധിച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെയും എഐകെകെഎംഎസിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒക്ടോബർ 5 പ്രതിഷേധ ദിനമായി ആചരിച്ചു. രാജ്യവ്യാപകമായി പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ■

കരിമണൽ ഖനനം വേണ്ട

# ഖനനം കുട്ടനാടിന്റെയും ആലപ്പുഴ ജില്ലയുടെയും നിലനിൽപ്പ് അപകടത്തിലാക്കും

*(1-ാം പേജിൽ നിന്ന്)*

സാനത്തെ ഉദാഹരണമായിരിക്കില്ല ആലപ്പുഴയുടെ തീരത്തു നടക്കുന്ന മണൽ ഖനനം.

ആണവഇന്ധനമായതോറിയം അടങ്ങിയ മോണോസൈറ്റ് ഉൾപ്പെടുന്ന ധാതുക്കൾ ആയതിനാൽ തന്ത്രപരവും വാണിജ്യപരവുമായ പ്രാധാന്യം കണക്കിലെടുത്ത് 1962ലെ ആറ്റമിക് എനർജി നിയമപ്രകാരം സ്വകാര്യ മേഖലയിലെ ഖനനം നിരോധിച്ചു. പിന്നീട് 1991 ആഗോളവൽക്കരണനയങ്ങളുടെ കാലത്ത് ഇളവുകൾ വന്നു. തുടർന്ന് ഒരു സംയുക്ത സംരംഭമായ കേരള റയർ എർത്ത്സ് ആന്റ് മിനറൽസ് ലിമിറ്റഡ് (KREML) എന്ന കമ്പനിക്ക് ആലപ്പുഴ ജില്ലയിലെ വലിയഴീക്കൽ മുതൽ തോട്ടപ്പള്ളിവരെയുള്ള 17 കിലോമീറ്റർ കടൽതീരത്തുനിന്ന് കരിമണൽ ഖനനം ചെയ്യുന്നതിന് പാട്ടവ്യവസ്ഥയിൽ അനുമതി നൽകി. കരിമണൽ ഖനനം തീരത്തെ ജൈവ ആവാസ വ്യവസ്ഥയെ മാത്രമല്ല തീരത്തെതന്നെ ഇല്ലാതാക്കുമെന്നും സാമൂഹ്യ ആഘാതം സൃഷ്ടിക്കുമെന്നുമുള്ള തിരിച്ചറിവ് ജനങ്ങളെ സമരത്തിലേക്ക് നയിച്ചു. ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ നേതൃത്വത്തിൽ രൂപീകൃതമായ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയാണ് അന്ന് സമരത്തിന് നേതൃത്വം നൽകിയത്.

കേരളത്തിലെ ഏറ്റവും വലിയ ജനകീയ സമരമായി അത് മാറി. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ.വി. വേണുഗോപാൽ അദ്ധ്യക്ഷനും ജില്ലാ നേതാവ് ആർ.പാർത്ഥസാരഥി വർമ്മ സെക്രട്ടറിയുമായി രൂപീകൃതമായ കരിമണൽ ഖനനവിരുദ്ധ ജനകീയ സമര സമിതിയുടെ കീഴിൽ തീരപ്രദേശങ്ങളിൽ എഴുപത്തിമൂന്ന് ജനകീയ സമര കമ്മിറ്റി കളാണ് രൂപം കൊണ്ടത്. ആലപ്പുഴ തീരപ്രദേശത്തെ ഇളക്കിമറിച്ച് മുന്നേറിയ ഈ സമരത്തിൽ മേധാ പട്ക്കർ, വി.എം.സുധീരൻ തുടങ്ങിയവർ മാത്രമല്ല അന്നത്തെ CPM സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ പോലും പങ്കെടുക്കാൻ നിർബ്ബന്ധിതമായി. 2004ൽ സർക്കാരിന് ഉത്തരവ് പിൻവലിക്കേണ്ടിവന്നു. കരിമണലിൽനിന്നും ലഭിക്കുന്ന അതിഭീമമായ ലാഭം, ഏതു വിധേനയും കരിമണൽ, തീരത്തുനിന്ന് കടത്തുവാൻ സ്വകാര്യ സംരംഭകരേയും IREL, KMML തുടങ്ങിയ പൊതുമേഖല കമ്പനികളിലെ ചില ഉന്നത ഉദ്യോഗസ്ഥരെയും നിരന്തരം പ്രേരിപ്പിച്ചു കൊണ്ടിരുന്നു.

നമ്മുടേതുപോലെ വർഗ്ഗ വിഭജിതമായ ഒരു സമൂഹത്തിൽ വികസനത്തിന് വ്യത്യസ്ത അർത്ഥങ്ങളും കാഴ്ചപ്പാടുകളുമാണുള്ളത്. മുതലാളിമാർക്ക് ഭരണകൂടത്തിന്റെ ഒത്താശയോടെ തൊഴിലാളികളെ ചൂഷണംചെയ്ത് പരമാവധി ലാഭം ഉണ്ടാക്കി സമ്പത്ത് പെരിപ്പിക്കുന്നതിനുള്ള മാർഗമാണ് വികസനം. എന്നാൽ തൊഴിലാളികളെ സംബന്ധിച്ച് ചൂഷണം ഇല്ലാതാക്കി ജീവിതാവസ്ഥ മെച്ചപ്പെടുത്തുക എന്നതാണ്. അതുകൊണ്ടുതന്നെ ഇടതുപക്ഷത്തിനും വലതുപക്ഷത്തിനും വികസനത്തെ സംബന്ധിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകൾ ആയിരിക്കും. പിണറായി വിജയൻ നയിക്കുന്ന ഇടതു സർക്കാരിന്റെ നയങ്ങൾ ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാരിന്റെ അതേ നയങ്ങൾ തന്നെയാണ്. പിണറായി ഭരണത്തിൽ ആഗോളഫണ്ടിങ് ഏജൻസികളും കൺസൾട്ടൻസികളും കേരളത്തിൽ പിടിമുറിക്കി.

വിഴിഞ്ഞം തുറമുഖ പദ്ധതി, കെ.റയിൽ, കെ-ഫോൺ, ഇ-മൊബിലിറ്റി ഹബ്ബ് പദ്ധതി എന്നിങ്ങനെ പതിനായിരക്കണക്കിന് കോടി രൂപ ചെലവ് വരുന്ന വൻകിട പദ്ധതികൾ വരുന്നു. സിപിഐ(എം) നേതാക്കൾക്കോ അവരുടെ ബന്ധുക്കൾക്കോ ബന്ധമുള്ള പല കമ്പനികൾക്കും കരാറോ ഉപകരാറോ ലഭിക്കുക വഴി കോടികൾ കൈയിലെത്തും. ഇത് കൂടാതെയാണ് കോടികളുടെ കമ്മീഷൻ.

മാർക്സിസ്റ്റ് തത്വശാസ്ത്രം പ്രത്യയശാസ്ത്രമായി സ്വീകരിച്ചവർ ശാസ്ത്രത്തെമുറുകെപിടിക്കേണ്ടവരാണ്. ശാസ്ത്രത്തിന്റെ നൈതികത-ശാസ്ത്രത്തിന്റെ മുന്നിൽ എല്ലാവരും സമന്മാരാണെന്നതും അത് മനുഷ്യനന്മക്കുള്ളതാണെന്നും-അവരുടെ പ്രവർത്തിയുടെ മാനദണ്ഡമായിരിക്കണം. അത്യാർത്തിപൂണ്ടവർക്ക് ചൂഷണം ചെയ്തുനശിപ്പിക്കാനായി പ്രകൃതിയെ വിട്ടുകൊടുക്കാത്തവരും തലമുറകൾക്കായി പ്രകൃതിയെ കാത്തുസൂക്ഷിക്കേണ്ടവരുമാണ്.



കെ.കെ.രമ എംഎൽഎ തോട്ടപ്പള്ളിയിലെ സമരപന്തലിൽ

വലിയഴീക്കലിൽ ഹാർബർ വികസനത്തിന്റെ പേരിൽ വളരെ ഗൂഢമായി ആസൂത്രണം ചെയ്താണ് കരിമണൽ ഖനനം ചെയ്തു വരുന്നത്. അഴിമുഖത്ത് ഒഴുക്കിന്റെയും ഏറ്റിറക്കങ്ങളുടേയും തിരമാലകളുടേയും പ്രത്യേകതകൾ കൂടി ഉപയോഗപ്പെടുത്തി സിംഗിൾ പോയിൻറ് (പോണ്ട്) ഡ്രഡ്ജിംഗ് ആണ് നടത്തുന്നത്. ഒരേ സ്ഥലത്ത് കുഴിക്കുന്നതിനാൽ കുഴിയിൽ വീണ്ടും വീണ്ടും മണ്ണ് വന്നു നിറയും. അതുപോലെ തോട്ടപ്പള്ളി ഹാർബറിൽ മണ്ണടിഞ്ഞു കൂടിയപ്പോൾ അത് മാറ്റാനെന്ന പേരിൽ വന്ന IREL കമ്പനി മൂന്നു മാസത്തിനകം ഹാർബർ പ്രവർത്തനസജ്ജമാക്കുമെന്നാണ് പറഞ്ഞത്. എന്നാൽ 8 വർഷങ്ങൾക്ക് ശേഷവും ഡ്രഡ്ജിംഗ് തുടരുന്നു. ഹാർബർ ഇതുവരെ പ്രവർത്തന സജ്ജമായിട്ടില്ല. മണ്ണ് എടുത്തുകൊണ്ടേയിരിക്കുന്നു.




കരിമണൽ ഖനനവിരുദ്ധ ഏകോപനസമിതിയുടെ നേതൃത്വത്തിൽ പുറക്കാട് പഞ്ചായത്ത് ഓഫീസിലേയ്ക്ക് നടന്ന മാർച്ചിൽ ആർ.പാർത്ഥസാരഥി വർമ്മ പ്രസംഗിക്കുന്നു

2018 ൽ കേരളത്തെ നടുക്കിയ ഭീകരമായ വെള്ളപ്പൊക്കത്തെ തുടർന്ന് സർക്കാർ നിയോഗിച്ച പഠന സംഘത്തിന്റെ നിർദ്ദേശമെന്ന നിലയിൽ കുട്ടനാടിനെ രക്ഷിക്കാൻ പ്രളയജലം തോട്ടപ്പള്ളി സ്പിൽവേയിലൂടെ ഒഴിക്കിക്കളയാൻ എന്ന വ്യാജേന സ്പിൽവേയുടെ പൊഴിമുഖം മുറിച്ചു തുറക്കുന്നതിന് ദുരന്ത നിവാരണ നിയമത്തിന്റെ മറയിൽ കേരള സർക്കാർ 31-5-2019 ലെ GO(Rt) No.3851/2019/WRD ഉത്തരവ് പ്രകാരം KMML കമ്പനിയെ ചുമതലപ്പെടുത്തി. ഇതിനെ തുടർന്ന് പൊഴിമുഖത്ത് വലിയ യന്ത്രങ്ങൾ ഉപയോഗിച്ച് നൂറുകണക്കിന് ലോഡ് കരിമണൽ ദിവസവും കടത്തിക്കൊണ്ടിരിക്കുന്നു.

ഐക്യരാഷ്ട്ര സഭ ഇന്ത്യാ ഗവണ്മെന്റും തമ്മിലുണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ നെതർലാന്റ്സിൽ നിന്നുള്ള വിദഗ്ധർ കേരള വാട്ടർ റിസോഴ്സ് വകുപ്പുമായി ചേർന്ന് നടത്തിയ പഠനത്തിൽ തോട്ടപ്പള്ളയിലെ തീരവരമ്പിന് ഒരു കാരണവശാലും ക്ഷതം ഏൽപ്പിക്കുതെന്നും തോട്ടപ്പള്ളിയിലെ ഹാർബർ ഉപേക്ഷിക്കണമെന്നും ആവശ്യമെങ്കിൽ തോട്ടപ്പള്ളി പൊഴിമുഖത്തു നിന്ന് തെക്കോട്ട് മാറ്റി സ്ഥാപിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

കേന്ദ്രസർക്കാരിന്റെ സെൻട്രൽ വാട്ടർ കമ്മീഷൻ കേരളത്തിലെ 2018ലെ വെള്ളപ്പൊക്കത്തെ സംബന്ധിച്ച് നടത്തിയ പഠനത്തിൽ നദികളിലും കായലുകളിലും റിസർവോയറുകളിലും ചെളിയും മറ്റും അടിഞ്ഞുകൂടി ആഴം കുറഞ്ഞതിനാൽ വെള്ളം ഉൾക്കൊള്ളാനുള്ള ശേഷി കുറഞ്ഞതാണ് വെള്ളപ്പൊക്കത്തിന് കാരണമായി ചൂണ്ടിക്കാണിച്ചിരുന്നത്. ഭാവിയിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നത് ഒഴിവാക്കാൻ നദികളിലേയും കായലുകളിലേയും റിസർവോയറുകളിലെയും എക്കലും മറ്റും നീക്കംചെയ്ത് ആഴം കൂട്ടുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ സർക്കാർ ചെയ്തത് തോട്ടപ്പള്ളി പൊഴി മുഖത്തു നിന്ന് കരിമണൽ ഖനനം ചെയ്യുകയാണ്!

ഇവിടെ നമ്മൾ പരിശോധിക്കേണ്ട വിഷയങ്ങൾ മൂന്നാണ്. ഒന്ന് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായാണോ കരിമണൽ ഖനനം ചെയ്യുന്നത്. രണ്ട് കരിമണൽ ഖനനം മൂലം പ്രകൃതിക്കോ സമൂഹത്തിനോ ദോഷം ഉണ്ടാകുന്നുണ്ടോ? മൂന്ന് തോട്ടപ്പള്ളി പൊഴിമുഖത്തുനിന്നും മണ്ണ് നീക്കംചെയ്ത് കുട്ടനാടിനെ വെള്ളപ്പൊക്കത്തിൽനിന്നും രക്ഷിക്കാൻ കഴിയുമോ?

2011 ലെയും 2019 ലെയും CRZ ( തീരദേശ സംരക്ഷണ നിയമം) വകുപ്പ് 2.1.1 CRZ-IA പ്രകാരം തീരത്തെ മണൽകുന്നുകൾ, കടലാമകളുടെ സ്വാഭാവിക വാസസ്ഥലം, ദേശാടന പക്ഷികൾ കൂട്ടുകൂടുന്ന സ്ഥലങ്ങൾ തുടങ്ങിയവ പാരിസ്ഥിതിക ലോല പ്രദേശങ്ങൾ ആണ്. (കൂടാതെ ലോക വന്യജീവി അതോറിട്ടി തോട്ടപ്പള്ളി തീരത്തെ പ്രത്യേകതരം കടലാമകളുടെ വിളനിലമായി പ്രഖ്യാപിച്ചിട്ടുണ്ട്). 2.1.1 CRZ-IB യിൽ തീരത്ത് വേലിയേറ്റത്തിനും വേലിയിറക്കത്തിനും ഇടയിലുള്ള പ്രദേശം ഉൾപ്പെടുത്തിയിരിക്കുന്നു. ഇത്തരം പ്രദേശങ്ങളിൽ CRZ വകുപ്പ് 4പ്രകാരം എല്ലാത്തരം പ്രവൃത്തികളും (യഥാക്രമം വകുപ്പ് 5.1.1, 5.1 2 എന്നിവയിൽ പറഞ്ഞിട്ടുള്ളവ ഒഴികെ) നിരോധിച്ചിട്ടുള്ളതും നിയന്ത്രിച്ചിട്ടുള്ളതുമാണ്. 5.1 2(Xii) പ്രകാരം തീരത്ത് വേലിയേറ്റത്തിനും വേലിയിറക്കത്തിനും ഇടയിലുള്ള പ്രദേശത്ത് യന്ത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ പാടില്ല.

തോട്ടപ്പള്ളി-തൃക്കുന്നപ്പുഴ റോഡിൽ കൂടി 11.5 ടൺ ഭാരം ആണ് വാഹനങ്ങളിൽ പരമാവധി കയറ്റിപോകാവുന്നത്. എന്നാൽ 40-45 ടൺ കരിമണൽ കയറ്റിയ ടോറസ് വാഹനങ്ങൾ പോലും പോലീസിന്റെ സാന്നിദ്ധ്യത്തിൽ നിർബ്ബാധം ഓടുന്നു. രാവിലെ 8 മണി മുതൽ വൈകിട്ട് 5 വരെ മാത്രമാണ് മണൽ കൊണ്ടുപോകാൻ അനുമതി നൽകിയിരുന്നത്. എന്നാൽ രാപകലില്ലാതെ മണൽ കടത്തുന്നു. നിയമപാലകർ നിയമലംഘനത്തിന് സംരക്ഷണം നൽകുന്നു.

കേന്ദ്രസർക്കാരിന്റെ 1957 ലെ മൈൻസ് ആന്റ് മിനറൽ നിയമം വകുപ്പ് 13 A പ്രകാരം പ്രധാന അറ്റോമിക ധാതുക്കൾ ഖനനം ചെയ്യുന്നതിനും പാട്ടത്തിനു കൊടുക്കുന്നതിനും ഉള്ള ലൈസൻസ് അനുവദിക്കേണ്ടത് കേന്ദ്രസർക്കാർ ആണ്. ഇതിനെ മറികടക്കുന്നതിന് കേരളസർക്കാർ പറയുന്നത് വെള്ളപ്പൊക്കവും അത്യാഹിതവും നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് ധാതുമണൽ നീക്കം ചെയ്യുന്നത് എന്നാണ്. അതിനാൽ ലൈസൻസിന്റെ ആവശ്യമില്ല. ഇത് തികച്ചും തെറ്റും നിലനിൽക്കാത്തതുമായ വാദമാണ്. മാത്രല്ല മേൽപറഞ്ഞ നിയമപ്രകാരം ഖനനം ചെയ്തെടുക്കുന്ന അറ്റോമിക ധാതുമണലിന് സർക്കാരിലേക്ക് റോയൽറ്റി അടക്കേണ്ടതുണ്ട്. കരിമണൽ ലോബിയും സംസ്ഥാന സർക്കാരും ഒത്തുകളിച്ച് നിയമപ്രകാരം അടക്കേണ്ടത്ര റോയൽറ്റി അടക്കാതെ പതിനായിരക്കണക്കിന് ലോഡ് കരിമണലാണ് ഇതിനോടകം കടത്തിയത്.

ഇന്ന് പശ്ചിമതീരത്ത് ഏറ്റവും കൂടുതൽ കടലാക്രമണമുണ്ടാകുന്നത് ഖനനമേഖലയായ വെള്ളനാതുരുത്തിലാണ്. നീണ്ടകര മുതൽ പുന്നപ്രവരെയുള്ള മണൽതീരം ഖനനത്തിന്റെ പ്രത്യാഘാതങ്ങൾ ശക്തമായി ഏറ്റുവാങ്ങുന്നു. സുനാമിയിൽ പശ്ചിമതീരത്ത് ഏറ്റവും കൂടുതൽ നാശനഷ്ടങ്ങളും ജീവഹാനിയുമുണ്ടായത് ആലപ്പാട്, തറയിൽകടവ്, പെരുമ്പള്ളി ഭാഗങ്ങളിലാണെന്ന വസ്തുതയും മറക്കരുത്.

തോട്ടപ്പള്ളി ഹാർബറിൽ മണ്ണടിഞ്ഞു കൂടിയപ്പോൾ അത് മാറ്റാനെന്ന പേരിൽ വന്ന IREL കമ്പനി 8 വർഷങ്ങളായി ഡ്രഡ്ജിംഗ് തുടരുന്നു. തോട്ടപ്പള്ളി മുതൽ വടക്കോട്ട് പുന്നപ്രവരെയുള്ള പ്രദേശങ്ങളിൽ ഇതിന്റെ പ്രത്യാഘാതങ്ങൾ രൂക്ഷമാണ്. കര ഇടിഞ്ഞുതാണുകൊണ്ടിരിക്കുന്നു. നൂറുകണക്കിന് വീടുകളാണ് കടലെടു

*(ശേഷം 8-ാം പേജിൽ)*

# സമരംചെയ്യുന്ന ജനങ്ങൾക്കുമേൽ ചുമത്തിയിരിക്കുന്ന കള്ളക്കേസുകൾ നിരുപാധികം പിൻവലിക്കുക

(7–ാം പേജിൽ നിന്ന്)

ത്തു പോയത്. ഇത്തവണ പുന്തലയിലും പുറക്കാടും കടൽ നാഷണൽ ഹൈവേ കവർന്നു. ചത്തചാകരയാണിവിടെ അനുഭവപ്പെടുന്നത്. ഖനനാവശിഷ്ടങ്ങൾ കടലിലേക്ക് തള്ളുന്നതാണിതിനു കാരണം. തോട്ടപ്പള്ളി തീരത്തെ വേലിയേറ്റതിരയുടേയും ഇറക്കത്തിരയുടേയും ഇടയ്ക്കുള്ള ഭാഗം (Intertidal area ) ഒരു ആവാസ വ്യവസ്ഥയുടെ ഏറ്റവും സചേതനവും ലോലവുമായ ഭാഗമാണ്. ഇവിടെ നടക്കുന്ന ഖനനംആവാസവ്യവസ്ഥയെ നശിപ്പിക്കും.

ഒരു പ്രത്യേക താപീയചലനത്തിന് (Thermo dynamics) വിധേയമായിട്ടാണ് ഈ തീരം വർത്തിക്കുന്നത്. അതിലുണ്ടാകുന്ന മാറ്റം പ്രാദേശിക കാലാവസ്ഥാവ്യതിയാനങ്ങൾക്കിടയാക്കും. പശ്ചാത്തല വികിരണം (Backgro-und Radiation) വർദ്ധിപ്പിക്കും. ജൈവശൃംഖലയിലെ താഴെത്തട്ടിലുള്ള ജീവികളേയും സസ്യങ്ങളേയും(Flora and fauna) ഇത് ബാധിക്കും. തുടർന്ന് മുകൾത്തട്ടിന്റെ തകർച്ചയ്ക്കും ഇതിടയാക്കും.

ആഗോളതാപനത്തിന്റെ ഫലമായി സമുദ്രജലനിരപ്പ് ഉയരുകയാണ്. നിരവധി കായലുകളും നദികളും തോടുകളും വെള്ളക്കെട്ടുകളും ഉള്ളതും സമുദ്രനിരപ്പിൽ താഴെയുള്ള കുട്ടനാട് ഉൾപ്പെടെയുള്ള കിഴക്കൻ പ്രദേശങ്ങളെ സംരക്ഷിച്ചു നിർത്തുന്നത് നീണ്ടകരമുതൽ ചെല്ലാനംവരെയുള്ള കടൽതീരത്തെ മണൽതിട്ടയാണ്. ആലപ്പുഴ, ആലപ്പാട് തീരങ്ങളിൽ സാന്ദ്രതയേറിയ കരിമണലാണ് തീരത്തിന് സ്ഥിരത നല്കുന്നത്. ഇത് വാരിയാൽ തീരം അലോസരപ്പെടുകയും കടലാക്രമണം രൂക്ഷമാവുകയും കര നഷ്ടപ്പെടുകയും ചെയ്യും. മണൽതിട്ട നഷ്ടപ്പെട്ടാൽ കടലും കായലുകളും ചേർന്ന് ആലപ്പുഴ ജില്ലയുടെ ഭൂരിഭാഗവും കൊല്ലം ജില്ലയുടെ വടക്കൻ ഭാഗവും ഭൂമുഖത്തുനിന്ന് തുടച്ചുനീക്കപ്പെടും. ശുദ്ധജല സ്രോതസുകൾ നശിക്കും. പരിസ്ഥിതി സംരക്ഷകർ ഇതിനോടകം നിരവധി മുന്നറിയിപ്പുകൾ നൽകി കഴിഞ്ഞു.

സമുദ്രനിരപ്പിന് താഴെയുള്ള പ്രദേശം എന്നനിലയിലും മനുഷ്യപ്രവർത്തങ്ങളുടെ ഫലമായി പാരിസ്ഥിതിക ആഘാതം ഏറ്റുവാങ്ങുന്ന പ്രദേശം എന്നനിലയിലും മാത്രമല്ല ആഗോള പ്രാധാന്യമുള്ള കാർഷികപൈതൃകപ്രദേശം എന്ന നിലയിലും ലോക ശ്രദ്ധയിലേക്ക് വന്നുകൊണ്ടിരിക്കുന്ന പ്രദേശമാണ് കുട്ടനാട്. സമുദ്രനിരപ്പിൽനിന്നും 0.6 മുതൽ 2.2 മീറ്റർവരെ താഴ്ന്നപ്രദേശമായ ഇവിടം കേരളത്തിന്റെ നെല്ലറയായി അറിയപ്പെടുന്നു. കുട്ടനാട്ടിലെ നെൽകൃഷിയുടെ ആരംഭകാലം മുതൽ വർഷത്തിൽ ഒരു പ്രാവശ്യം വേനൽക്കാലത്താണ് കൃഷി നടത്തിയിരുന്നത്. ഈ കൃഷി പുഞ്ചകൃഷി എന്നാണ് അറിയപ്പെട്ടിരുന്നത്. വേനൽ കാലത്ത് കൊച്ചി കായലിലൂടെയും കായംകുളം കായലിലൂടെയും മറ്റും ഓരുവെള്ളം (ഉപ്പ് വെള്ളം) കടലിൽനിന്നും വേമ്പനാട്ട് കായലിലും തോടുകളിലും എത്തും. കൃഷിയിടങ്ങളിൽ ഓരുവെള്ളം കയറാതിരിക്കാൻ ഓരുമുട്ടുകൾ എന്നറിയപ്പെടുന്ന താല്ക്കാലിക ബണ്ടുകൾ നിർമ്മിച്ചാണ് പുഞ്ചകൃഷി ചെയ്തു വന്നിരുന്നത്.



കരിമണൽ ഖനനവിരുദ്ധ സമരത്തിന് അഭിവാദ്യം അർപ്പിച്ചുകൊണ്ട് ഡോ.പി.ഗീത സമരപന്തലിൽ

മഴക്കാലത്ത് 5 നദികളിൽനിന്നും വെള്ളമെത്തി വെള്ളപ്പൊക്കംഉണ്ടാകുന്നതിനാൽഒരുവർഷം രണ്ടുകൃഷി എന്നത് സാധ്യമായില്ല. ഓരു കയറ്റവും വെള്ളപ്പൊക്കവും നിയന്ത്രിച്ച് എങ്ങനെ ഭക്ഷ്യ ഉല്പാദനം വർദ്ധിപ്പിക്കാം എന്ന് 1930 കളിൽ തന്നെ ഭരണകൂടം ആലോചനകൾ തുടങ്ങി. പമ്പ, അച്ചൻകോവിൽ , മണിമല ആറുകളിൽ നിന്നുള്ള ജലം അറബിക്കടലിലേക്ക് ഒഴുക്കി കളയുന്നതിന് വീയപുരത്തുനിന്നും ചാനൽ നിർമ്മിച്ച് തോട്ടപ്പള്ളിയിൽ സ്പിൽവേ സ്ഥാപിക്കുക, ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി തണ്ണീർമുക്കത്ത് ബണ്ട് നിർമ്മിക്കുക, അപ്പർ കുട്ടനാട്ടിൽനിന്നും പ്രളയജലം വേമ്പനാട്ട് കായലിൽ എത്തിക്കുന്നതിനും ഗതാഗതത്തിനും ചങ്ങനാശേരിയിൽനിന്നും ആലപ്പുഴയിലേക്ക് റോഡും അതിനോട് ചേർന്ന് കനാലും നിർമ്മിക്കുക എന്നിവയായിരുന്നു പദ്ധതികൾ.

ആദ്യം പദ്ധതിയിട്ടത് തോട്ടപ്പള്ളിയിലൂടെ ഒരു സെക്കന്റിൽ 5343 ഘനമീറ്റർ വെള്ളം ഒഴുക്കിക്കളയാനാണ്. എന്നാൽ സ്പിൽവേയുടെ ഡിസൈൻ തയ്യാറാക്കിയത് 1811 ഘനമീറ്റർ വെള്ളം ഒരു സെക്കന്റിൽ ഒഴുക്കിക്കളയാനാണ്. 1958 ൽ പണി പൂർത്തിയായപ്പോൾ വെള്ളത്തിന്റെ അളവ് 566 ഘനമീറ്ററായി കുറഞ്ഞു. അതിനാൽ പ്രളയജലം പദ്ധതിയിൽ വിഭാവന ചെയ്തതുപോലെ ഒഴുക്കിക്കളയാൻ കഴിയാതെവന്നു. 2018 ലെ വെള്ളപ്പൊക്കത്തിനുശേഷവും അതിനു മുമ്പും കുട്ടനാടിന്റെ പ്രശ്നങ്ങൾ സർക്കാർ തലത്തിലും അല്ലാതെയും നിരവധി ഏജൻസികൾ പഠിക്കുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്തു. പരിഹാര നിർദ്ദേശങ്ങൾ യഥാസമയവും നിർദ്ദേശിക്കപ്പെട്ട അളവിലും ളുക്കത്തിലും നടപ്പിലാക്കുവാൻ സർക്കാർ സന്നദ്ധമായില്ല. വീയപുരത്തുള്ള കനാലിന്റെ കൊപ്പാറ വളവ് 3 കിലോമീറ്റർ നിവർത്തി നേരെയാക്കുക, തോട്ടപ്പള്ളി ലീഡിംഗ് ചാനലിന്റെ ആഴവും വീതിയും കൂട്ടുക, തോട്ടപ്പള്ളി സ്പിൽവേ ശാസ്ത്രീയമായി പുതുക്കിപണിതു മാനേജ്മന്റ്-ഓപ്പറേഷൻ മെച്ചപ്പെടുത്തുക, തോട്ടപ്പള്ളി പൊഴി മുഖത്ത് മണൽ അടിയുന്നത് തടയുന്നതിന് groyne നിർമ്മിക്കുക തുടങ്ങിയവയായിരുന്നു നിർദ്ദേശങ്ങൾ. ഇവ നടപ്പിലാക്കുകയാണ് വേണ്ടത്.

സെൻട്രൽ വാട്ടർ കമ്മീഷൻ 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തെക്കുറിച്ച് പഠിച്ചു സമർപ്പിച്ച റിപ്പോർട്ടിലൊന്നും തീരവരമ്പ് കുഴിക്കണമെന്നു പറയുന്നില്ല. കടലിന്റെയും കായലിന്റെയും ജലവിതാനം കണക്കിലെടുത്ത്, പൊഴിയിലെ ജലനിരപ്പ് സമുദ്രനിരപ്പിനേക്കാൾ ഉയർന്നിരിക്കുമ്പോൾ പൊഴിതുറക്കുന്നതിന് ആരും എതിരല്ല. അത് പലപ്പോഴും സ്വാഭാവികമായി സംഭവിക്കുകയും ചെയ്യാറുണ്ട്. കാലവർഷക്കാലത്ത് കുട്ടനാട്ടിൽ ജലവിതാനം സമുദ്രനിരപ്പിനു മുകളിൽ ആകുമ്പോൾ പൊഴി താനേ തുറക്കും. ചെറിയ തടസ്സങ്ങൾ ഉണ്ടായാൽ പ്രദേശത്തെ ആളുകൾ അത് തുറന്നുകൊടുക്കും.

ഏറ്റിറക്കങ്ങളിൽ ഉപ്പുവെള്ളം നിയന്ത്രിക്കുവാൻ സ്പിൽവേ ഉപയോഗിക്കുന്നു. എന്നാൽ സ്പിൽവേയുടെ ആകെയുള്ള 40 ഷട്ടറുകളിൽ 6 ഷട്ടറുകൾ മാത്രമാണ് യഥാസമയം അടയ്ക്കാനും തുറക്കാനും കഴിയുന്നത്. വേലിയേറ്റ സമയങ്ങളിൽ പലപ്പോഴും ഷട്ടറുകൾ ചോർന്നും തകർന്നും സ്പിൽവേയിലൂടെ ഉപ്പുവെള്ളം കയറി കുട്ടനാട്ടിൽ ഏക്കറ് കണക്കിന് സ്ഥലത്ത് കൃഷി നശിക്കുകയോ കൃഷി ചെയ്യുവാൻ കഴിയാതെ വരുകയോ ചെയ്തിട്ടുണ്ട്. പൊഴി മുഖത്ത് നിന്ന് മണൽ കുഴിച്ച് മാറ്റി ആഴവും വീതിയും കൂട്ടിയാൽ ഇത് നിത്യ സംഭവമാകും.

ആഗോളതാപനത്തിന്റെപശ്ചാത്തലത്തിൽ ലോകത്ത് തീരസംരക്ഷണത്തിന് ഉതകുന്ന തരത്തിൽ തീരഖനനം ഒട്ടുമിക്ക രാജ്യങ്ങളും നിരോധിച്ചിരിക്കയാണ്. കടുത്ത നിയന്ത്രണങ്ങളാണെവിടെയും. ലോകമെമ്പാടും കടൽതീരം രൂപപ്പെടുത്തി(Beach formation) കടലാക്രമണത്തെ നേരിടുന്ന രീതി വികസിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഖനനം തകർത്ത ഏഷ്യനാഫ്രിക്കൻ രാജ്യങ്ങൾ ഖനനം നിരോധിച്ചിരിക്കുന്നു. ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ നിരവധി യൂറോപ്യൻ രാജ്യങ്ങൾ ഖനനത്തിന് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. എന്നാൽ പരിസ്ഥിതിയെ തിരിച്ചുപിടിച്ചു സംരക്ഷിക്കുന്നതിനു പകരം നശിപ്പിക്കുന്ന പരിപാടിയാണിവിടെ നടക്കുന്നത്.




2019 മുതൽ കുട്ടനാടിനെ രക്ഷിക്കാൻ എന്ന പേരിൽ തോട്ടപ്പള്ളിയിൽ നടക്കുന്ന കരിമണൽ ഖനനത്തിന്നെതിരെ ജനങ്ങളുടെ പ്രതിഷേധം ഉയർന്നുവന്നു. ഇത്തരം പ്രതിഷേധങ്ങളെ തകർക്കാൻ കരിമണൽ ലോബിയും സർക്കാരും പോലീസും ഭരണ-പ്രതിപക്ഷത്തെ പല രാഷ്ട്രീയപാർട്ടികളും രംഗത്തെത്തി. അവരുടെ പിണിയാളുകളെസമരനേതൃത്വത്തിൽ അവരോധിച്ചു. ചിലരെ വിലക്കെടുത്തു. സാധാരണക്കാരുടെമേൽ നിരവധി പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തു.

നേരത്തെ സൂചിപ്പിച്ച 2003-04 കാലഘട്ടത്തിൽ നടന്ന വിജയം വരിച്ച കരിമണൽ ഖനനവിരുദ്ധ സമരത്തിന്റെ ഭാഗമായി തൃക്കുന്നപ്പുഴ കുമ്പളം ഓഡിറ്റോറിയത്തിൽ നടന്ന മഹാ കൺവൻഷനിൽ പങ്കെടുത്തുകൊണ്ട് അന്ന് സിപിഐ(എം)ന്റെ സംസ്ഥാന സെക്രട്ടറിയായിരുന്ന പിണറായി വിജയൻപ്രഖ്യാപിച്ചത് തീരത്തുനിന്നും കരിണൽ കൊണ്ടുപോകാൻ അനുവദിക്കില്ലെന്നും സിപിഐ(എം) കരിമണൽ ഖനനത്തിനെതിരാണ് എന്നുമാണ്.

എന്നാൽ ഇടതുപക്ഷ രാഷ്ട്രീയത്തെ എന്നല്ല, അല്പം ജനാധിപത്യ സ്വഭാവമുള്ള പ്രസ്ഥാനങ്ങളെപ്പോലും ലജ്ജിപ്പിക്കുന്ന രീതിയിലാണ് സിപിഐ(എം) ഈ മേഖലയിൽ കള്ളപ്രചാരണവും ഭീഷണിയും പ്രലോഭനവും നടത്തുന്നത്. കുട്ടനാടിനെ രക്ഷിക്കാനാണ് മണൽ നീക്കംചെയ്യുന്നത്, ഖനനമല്ല നടക്കുന്നത് പൊഴിമുഖം ആഴംകൂട്ടുകയാണ്, സർക്കാരിന്നെതിരെ സമരം ചെയ്താൽ കേസുകളുമായി കോടതിയും പോലീസ് സ്റ്റേഷനും കയറി ഇറങ്ങി ജീവിതം പാഴാക്കേണ്ടിവരും തുടങ്ങിയ പ്രചരണം സജീവമായി നടന്നുകൊണ്ടിരിക്കുന്നു. മറുവശത്ത് ജനങ്ങളുടെ ദാരിദ്ര്യവും നിസ്സഹായാവസ്ഥയും മുതലെടുത്ത് വീടുകളുടെ വാതുക്കൽ ഭക്ഷ്യധാന്യ കിറ്റുകൾ, മൊബൈയിൽ ഫോണുകൾ തുടങ്ങിയവ ഇരുട്ടിന്റെ മറയിൽവച്ചിട്ട് പോകുന്നു. ഇത്തരത്തിൽ എല്ലാത്തരം ഭീഷണികളും പ്രലോഭനങ്ങളും അതിജീവിച്ചാണ് സമരം മുന്നോട്ടു പോകുന്നത്.

ഈ സാഹചര്യത്തിലാണ് മാതൃകാ അദ്ധ്യാപക അവാർഡ് നേടിയ വിരമിച്ച അദ്ധ്യാപകൻ സുരേഷ്കുമാറിന്റെ നേതൃത്വത്തിൽ കരിമണൽ ഖനനവിരുദ്ധ ഏകോപനസമിതിരൂപം കൊണ്ടത്. എസ് യു സിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാ സെക്രട്ടറിയേറ്റ് അംഗവും 2003-04 കാലഘട്ടത്തിൽ വിജയംവരിച്ച കരിമണൽ ഖനനവിരുദ്ധ ജനകീയ സമരസമിതി സെക്രട്ടറിയുമായിരുന്ന ആർ. പാർത്ഥസാരഥി വർമ്മ ഈ സമിതിയുടെ രക്ഷാധികാരിയായി. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ഉൾപ്പെടെ നിരവധി സംഘടനകളും നിസ്വാർത്ഥരായ വ്യക്തികളും ഏതാനും ചിലരാഷ്ട്രീയ പ്രസ്ഥാനങ്ങളും അണിനിരന്നതോടെ സമരം ശക്തമാകാൻ തുടങ്ങി. രാപകൽ സത്യാഗ്രഹം 85 ദിവസങ്ങൾ പിന്നിട്ടു കഴിഞ്ഞു.

2021 ജൂൺ 2ന് തീരദേശത്ത് പ്രതിഷേധദിനം ആചരിച്ചു. അന്നേ ദിവസം പുറക്കാട് പഞ്ചായത്തിൽ തീരദേശ ഹർത്താൽ നടന്നു. തുടർന്ന് ജൂലൈ 7ന് തീരദേശ സമര പ്രഖ്യാപന മഹാ സമ്മേളനം നടന്നു. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി.ആർ. നീലകണ്ഠൻ ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് അഡ്വക്കേറ്റ് മാത്യു വേളങ്ങാടൻ, കർഷക നേതാവ് പി.റ്റി. ജോൺ ഉൾപ്പെടെ നിരവധി നേതാക്കൾ സമ്മേളനത്തിൽ പങ്കെടുത്തു. കടലമ്മക്ക് പൊങ്കാല ഇട്ടുകൊണ്ട് കരിമണൽ കടത്തുന്ന ലോറികൾ ഉപരോധിച്ചു. കരിമണൽ കയറ്റിയ ടോറസ് ലോറി ഉപരോധിച്ച സമര സമിതി കൺവീനർ ശ്രീകുമാർ, വൈസ് ചെയർമാനും എസ് യു സിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മറ്റി അംഗവുമായ ബി.ഭദ്രൻ തുടങ്ങി സ്ത്രീകൾ ഉൾപ്പെടെ നിരവധി സമര നേതാക്കളെ യാതൊരു പ്രകോപനവും കൂടാതെ പോലീസ് മൃഗീയമായി തല്ലി ചതച്ചു. കെഎംഎസ്റ്റിയു(കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ) നേതാവും കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിലെ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥിയുമായിരുന്ന കെ.പി.സുബൈദയെ ബൂട്ടിട്ട് ചവുട്ടി പരിക്കേൽപ്പിച്ചു. മറ്റൊരു സമര നേതാവിന്റെ കൈ തല്ലിച്ചതച്ചു. ഈ സംഭവം ദൃശ്യമാധ്യമങ്ങളിൽ ഉൾപ്പെടെ വലിയ വാർത്ത ആകുകയും സമരം കേരളത്തിന്റെ ആകെ

(ശേഷം 9–ാം പേജിൽ)

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിനെ വാഴ്ത്തിപ്പാടേണ്ടതില്ല –ജെപിഎ

കടുത്ത മത്സരപ്പരീക്ഷയിലൂടെ കെഎഎസ്(കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്) നേടിയ മിടുക്കരെ ജെപിഎ അഭിനന്ദിക്കുന്നു. കേരളത്തിന്റെ ഭരണപരിഷ്കാര ചരിത്രത്തിലെ മഹത്തായ ഒരു ചുവടു വയ്പ്പ് എന്ന മട്ടിൽ കെ എഎസിനെ കൊണ്ടാടുന്നത് ചില കാര്യങ്ങൾ പരിശോധിച്ചിട്ട് വേണമെന്ന് ജെപിഎ (ജോയിന്റ് പ്ലാറ്റ്ഫോം ഓഫ് ആക്ഷൻ ഓഫ് ഗവണ്മെന്റ് ആൻഡ് അലൈഡ് സെക്ടർ എംപ്ലോയീസ് അസോസിയേഷൻസ്) അഭിപ്രായപ്പെടുന്നു.

1997ൽ അന്നത്തെ മുഖ്യമന്ത്രി ഇ.കെ.നായനാർ ചെയർമാനും സിപിഐ(എം) നേതാവ് വി.ജെ. തങ്കപ്പൻ വൈസ് ചെയർമാനുമായ ഭരണ പരിഷ്ക്കാര കമ്മിറ്റിയാണ് കെഎഎസ് സംവിധാനത്തിനു ശുപാർശ ചെയ്തത്. ആഗോളവത്കരണ നയങ്ങൾക്ക് അനുസൃതമായി സർക്കാർ സംവിധാനങ്ങളെ ഉടച്ചു വാർക്കാനായി കേന്ദ്രത്തിലെ അന്നത്തെ കോൺഗ്രസ് സർക്കാരിന്റെയും ലോകബാങ്ക് പദ്ധതികളുടെയും ഭാഗമായിരുന്നു ആ ഭരണപരിഷ്ക്കാരക്കമ്മിറ്റി. ലോകത്ത് ഇന്ന് കാണുന്ന വിനാശം വിതച്ച LPG (ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം) നയങ്ങൾക്ക് അനുസൃതമായി സർക്കാർ സംവിധാനത്തെ പരുവപ്പെടുത്താനായി 1996 ൽ കേന്ദ്ര ഗവണ്മെന്റ് നൽകിയ മാർഗ ദർശനങ്ങളാണ് ആ കമ്മിറ്റിയെ നയിച്ചത്. അന്ന് നിലവിലിരുന്ന എൽഡിഎഫ് സർക്കാരാണ് കേരളത്തിൽ ആഗോളവൽക്കരണ നയങ്ങൾക്ക് ശക്തമായ അടിത്തറ പാകിയത്. ഡിപിഇപി മുതലായ ലോകബാങ്ക് പദ്ധതികൾ അങ്ങനെയാണ് കേരളത്തിൽ ഉറച്ചത്. അധികാര വികേന്ദ്രീകരണം, ജനകീയ ആസൂത്രണം എന്നിങ്ങനെയുള്ള പദ്ധതികളുടെയും നയപരമായ അടിത്തറ ആഗോളവൽക്കരണത്തിന്റേത് തന്നെ. ഇടത് ലേബൽ ഒട്ടിച്ചു വച്ച് അവതരിപ്പിച്ചുവെന്നു മാത്രം.

ഇതേ തുടർന്നാണ് 2001ൽ ADB- ലോകബാങ്ക് പദ്ധതിയായ MGP (Modernising Government Program)വന്നത്. യുഡിഎഫ് സർക്കാരാണ് അപ്പോഴേക്കും അധികാരത്തിൽ എത്തിയതെങ്കിലും നായനാർ സർക്കാരിന്റെ കാലത്തെ ഭരണ പരിഷ്കാര കമ്മിഷന്റെ ശുപാർശകൾ നടപ്പിലാക്കുക എന്നതായിരുന്നു MGP യുടെ ഒരു പ്രധാന അജണ്ട. എ.കെ. ആന്റണി എന്ന സാത്വിക പരിവേഷമുള്ള മുഖ്യമന്ത്രിയുടെ യഥാർത്ഥ മുഖം അന്നാണ് കേരളം കണ്ടത്. കെ.എം.എബ്രഹാം എന്ന ഐ എ എസ് ഉദ്യോഗസ്ഥന്റെ സഹായത്തോടെ ലോകബാങ്ക് നയങ്ങൾ കേരളത്തിൽ തകർത്താടി. Kerala Fiscal Reforms Program എന്ന MGP യുടെ ഒരു ഘടകപദ്ധതി പ്രകാരം വന്ന 2002ലെ കറുത്ത ഉത്തരവും, അതിനെതിരെ കേരളത്തിലെ സർക്കാർ ജീവനക്കാർ നടത്തിയ ഐതിഹാസികമായ സമരവും, പണിമുടക്ക് സമരം സമ്പൂർണ്ണമായി മുന്നോട്ടു പോകവേ സമരം പിൻവലിച്ചുകൊടുത്ത് സംഘടനകൾ ഒറ്റുകാരായതും കേരളം കണ്ടു. സമരത്തിന്റെ തുടക്കത്തിൽ ജനങ്ങളെ സർക്കാർ ജീവനക്കാർക്കെതിരെ തിരിച്ചു വിടുന്നതിൽ ഒരു വിഭാഗം മാധ്യമങ്ങളും കോൺഗ്രസ്സുകാരും വലത് ശക്തികളും വിജയിച്ചു. എങ്കിലും എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ് ) എന്ന രാഷ്ട്രീയപ്രസ്ഥാനം നടത്തിയ ഗംഭീര പ്രചാരണത്തിന്റെ ഫലമായി ക്രമേണ ജനങ്ങൾ സമരത്തിന്റെ ഡിമാന്റുകൾക്ക് അനുകൂലമായി രംഗത്ത് വന്നു. ആ സന്ദർഭത്തിലാണ് സമരത്തിനു നേതൃത്വം കൊടുത്തിരുന്ന സർവീസ് സംഘടനകൾ പൊടുന്നനവേ സമരം പിൻവലിച്ചത്. ഇരു മുന്നണികൾക്കുമിടയിൽ അടിസ്ഥാന നയങ്ങളിലുള്ള സമീപനസമന്വയം അന്നേ പ്രകടമായിരുന്നു. രണ്ടു പതിറ്റാണ്ടുകൾക്ക് മുൻപ് നടന്ന കാര്യങ്ങളായത് കൊണ്ടാണ് ഇത്രയും ഓർമപ്പെടുത്തിയത്.

നമ്മുടെ ഉദ്യോഗസ്ഥ ശ്രേണിയിൽ ഒരു തട്ടുകൂടെ വന്നാൽ കാര്യക്ഷമത വരും എന്നു കരുതുന്നത് എന്തൊരു വങ്കത്തമാണ്. സിവിൽ സർവീസ് ജനങ്ങൾക്ക് അനുകൂലമാവാത്തതിന്റെ കാരണം ബ്യൂറോക്രസിയുടെ ഘടന അല്ല. മുതലാളിത്ത ഭരണകൂടം അടിസ്ഥാനപരമായി ജനസേവനത്തെ ലക്ഷ്യം വക്കുന്നില്ല എന്നത് കൊണ്ടാണത്.അതുകൊണ്ടു തന്നെ സാധാരണ ജനങ്ങൾക്കവിടെ നീതി ലഭ്യവുമല്ല. സാധാരണ ജനങ്ങളെ സംബന്ധിച്ച കാര്യങ്ങൾ സങ്കീർണമായ നിയമങ്ങളും ചട്ടങ്ങളും കൊണ്ട് ബന്ധിതമാണ് . അത് കാര്യക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥൻ വിചാരിച്ചാൽ മാത്രം പരിഹരിക്കാവുന്ന മേഖലയല്ല. പാവങ്ങൾ നിയമക്കുരുക്കിൽ പ്പെട്ട് ഉഴലുമ്പോൾ മറുവശത്തു ധനികരുടെ, മൂലധനശക്തികളുടെ, കാര്യങ്ങൾ മിന്നൽ വേഗതയിൽ നടക്കും. ' ഈസ് ഓഫ് ഡൂയിങ് ബിസ്സിനസ്സ്' ഒക്കെ അവർക്ക് വേണ്ടിയാണ്. ഉദ്യോഗസ്ഥന്റെ സേവന മനോഭാവം കുറച്ചൊക്കെ വ്യത്യാസമുണ്ടാക്കിയേക്കാം . പക്ഷെ നിയമബദ്ധമായേ അവർക്ക് കാര്യങ്ങൾ ചെയാനാവൂ.

കെഎഎസ് വഴി നേരിട്ട് ഒരു ഉദ്യോഗസ്ഥൻ ഒരു ഉയർന്ന പോസ്റ്റിലേക്ക് പ്രവേശിക്കുമ്പോൾ പ്രൊമോഷൻ പാറ്റേൺ മാറുമെന്ന് മാത്രം. അല്ലാതെ സർവീസ് സീനിയോറിറ്റി വഴി പ്രൊമോഷൻ കിട്ടി മദ്ധ്യതല തസ്തികയിൽ വരുന്നവർ എല്ലാരും കഴിവ് കെട്ടവർ എന്നോ, നേരിട്ട് ആ സ്ഥാനത്തേക്ക് വരുന്നവർ എല്ലാവരും അതിമാനുഷർ എന്നോ അർത്ഥമില്ല. വളരെ അഹന്തയോടെയും ജനങ്ങളെ ശത്രുവായി കണ്ട് പെരുമാറുന്നവരെയും ഈ തലത്തിൽ നമുക്ക് ചിലപ്പോൾ കാണേണ്ടി വരും. കെഎഎസ് വഴി ഐഎഎസിലേക്ക് എന്ന ലക്ഷ്യം വച്ചു കടന്നുവരുന്നവരൊന്നും സംസ്ഥാന സിവിൽ സർവീസിനെ മെച്ചപ്പെടുത്തുന്ന ഘടകങ്ങളാവണമെന്നില്ല. കെഎഎസ് നിയമനങ്ങൾ ആരംഭിക്കുന്നതോടെ സംസ്ഥാന സർവീസിൽ സീനിയോറിറ്റി പ്രൊമോഷൻ വൻ തോതിൽ വെട്ടിക്കുറക്കപ്പെടുന്നത് വഴി ഉണ്ടാവുന്ന ജഡത്വം സാധാരണ ജീവനക്കാരുടെ കാര്യക്ഷമതയെ ദോഷകരമായി ബാധിക്കുമെന്നത് ഉറപ്പാണ്. ചില യുവ ഐഎഎസ് ഉദ്യോഗസ്ഥർ ചടുലമായി, ന്യായത്തെയും നിയമത്തെയും മുറുകെ പിടിച്ച് രാഷ്ട്രീയ ഇടപെടലുകളെ ചെറുത്തുനിന്ന് കാര്യങ്ങൾ നടപ്പിലാക്കുന്നത് കാണാറുണ്ട്. പക്ഷെ അവർ കാലാന്തരേ വ്യവസ്ഥിതിയുടെ ഭാഗമായി മാറുന്നു. വ്യവസ്ഥിതി സൃഷ്ടിക്കുന്ന പ്രക്രിയക്കകത്ത് വ്യക്തിക്ക് വലുതായൊന്നും ചെയ്യാനാവില്ല എന്നർത്ഥം. സർക്കാരിനെ നയിക്കുന്ന കക്ഷിരാഷ്ട്രീയ നേതൃത്വത്തിന്റെ താല്പര്യത്തിന് വഴങ്ങാത്ത ഐഎഎസ്സുകാരെ തീരെ നിസ്സാരമായ ചുമതലകൾ മാത്രംകൊടുത്ത് മൂലക്കിരുത്തുന്നതും നമ്മൾ കാണുന്നു. ഐഎഎസ്സുകാർ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിൽ ആയതുകൊണ്ട് അനുസരണയില്ലാത്ത ഓഫീസർമാരെ സംസ്ഥാനഭരണാധികാരികൾക്ക് പൂർണമായി വരുതിയിൽ നിർത്താൻ പറ്റാതെ പോകാറുണ്ട്. കെഎഎസ് തീർത്തും സംസ്ഥാന സർവീസ് ആയതുകൊണ്ട് രാഷ്ട്രീയ നേതൃത്വത്തിനു നേരിട്ട് നിയന്ത്രിക്കാനാവും. ഭാവിയിൽ ഐ എ എസ് ലക്ഷ്യം വക്കുന്നത് കൊണ്ട് അവരെ വിധേയരാക്കി മാറ്റി ഉപയോഗിക്കാനുമാവും.

യജമാനന്റെ മുന്നിൽ വാലാട്ടിയും താഴെയുള്ളവരുടെ മേൽ കുരച്ചും നിലകൊള്ളുന്ന പുതിയൊരു മദ്ധ്യവർഗ്ഗമായിക്കൂടെന്നുമില്ല. ഐഎഎസ് എന്ന ഹയർ ലെവൽ മാനേജ്മെന്റും കെഎഎസ് എന്ന മിഡിൽ ലെവൽ മാനേജ്മെന്റും പിന്നെ കുറേ കരാർ ജീവനക്കാരും കൺസൾട്ടൻസികളും എന്ന നിലയിലേക്ക് സർക്കാർ സർവ്വീസ് ചുരുക്കപ്പെടുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങളുടെ പോക്ക്.

ഐഎഎസ് ജോലി എന്തോ ഒരു ആനക്കാര്യം എന്നു അവതരിപ്പിച്ചുകൊണ്ട് അതിനൊരു അഭൗമ പരിവേഷം സൃഷ്ടിച്ചുകൊണ്ട് ചെറുപ്പക്കാരുടെ ജീവിതലക്ഷ്യമാക്കി മാറ്റി കുഞ്ഞുനാളിലേ ഐ എ എസ് പരീക്ഷക്ക് വേണ്ടി മത്സരപ്പാച്ചിൽ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു. ഐഎഎസ് കോച്ചിംഗ് എന്നത് അതിലാഭം കൊയ്യുന്ന വൻകിട ബിസിനസ്സ് ഏർപ്പാടായി ഇന്ന് മാറിക്കഴിഞ്ഞു. സമാനമായ ഒരു മേഖല കെഎഎസ് വഴി പുതുതായി സൃഷ്ടിക്കപ്പെട്ടു. ഉയർന്ന ബൌദ്ധിക ശേഷി പ്രകടിപ്പിക്കേണ്ട മറ്റു മേഖലകളിലേക്കു വ്യാപാരിക്കുവാൻ ശേഷിയുള്ള വളരെ സമർഥരായ പതിനായിരക്കണക്കിന് ചെറുപ്പക്കാർ കെഎഎസ്സിന് വേണ്ടിയുള്ള എലിപ്പന്തയത്തിൽ ഏർപ്പെടും. അപൂർവം ചിലർ വിജയത്തിലെത്തും. ബാക്കിയുള്ളവർ കൊടിയ നിരാശയിലും പെടും. പഞ്ചാബിലെ സ്റ്റേറ്റ് സിവിൽ സർവീസ് റിക്രൂട്ട്മെന്റിൽ നടന്ന അതിഭീമമായ അഴിമതിയും ഓർക്കുന്നത് നല്ലതാണ്. ചുരുക്കത്തിൽ, കെഎഎസ് അത്ര വലുതായി കൊണ്ടാടപ്പെടേണ്ട ഒന്നാണെന്നു ജെപിഎ കരുതുന്നില്ല. ■

## കരിമണൽ ഖനനം വേണ്ട...

(8–ാം പേജിൽ നിന്ന്)

ശ്രദ്ധ പിടിച്ചു പറ്റുകയും ചെയ്തു.

ഇടതുപക്ഷ രാഷ്ട്രീയം സമരരാഷ്ട്രീയമാണ്. ഭരണത്തിന്റെ അവസരവും സാദ്ധ്യതകളും സമരരാഷ്ട്രീയത്തെ പോഷിപ്പിച്ചെടുക്കാനാണ് ഉപയോഗിക്കേണ്ടത്. മൂന്നുപതിറ്റാണ്ടുകാലം ബംഗാൾ അടക്കി ഭരിച്ച ഇടതുപക്ഷ മുന്നണിയുടെയും അതിനു നേതൃത്വം കൊടുത്ത സിപിഐ(എം)ന്റെയും ബംഗാളിലെ ഇന്നത്തെ അവസ്ഥ ആ പാർട്ടിയുടെ നേതാക്കന്മാരും പ്രവർത്തകരും ഓർക്കുന്നത് നന്നായിരിക്കും. അവരുടെ തകർച്ചക്കു ആക്കം കൂട്ടിയ നന്ദിഗ്രാം സമരവും. എൽഡിഎഫിന്റെ രണ്ടാം വിജയം എന്തും ചെയ്യാനുള്ള ലൈസൻസ് അല്ല എന്ന് കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരെ പ്രഹസന സമരം നടത്തുന്ന സിപിഐ(എം)ന് ബോദ്ധ്യമുണ്ടായിരിക്കണം.


ഇവിടെ ഒരു കാര്യം കൂടി പരാമർശിക്കേണ്ടതുണ്ട്. ജനങ്ങളെ ആകെ ദുരിതത്തിൽ ആഴ്ത്തിയ കോവിഡ് എന്ന മഹാമാരിയെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒരു അവസരമായി കരുതി ജനങ്ങൾക്കെതിരെ പുതിയ നയനങ്ങളും നടപടികളും കൊണ്ടുവരുകയാണ്. കേന്ദ്ര സർക്കാർ കൊണ്ടു വന്ന കാർഷിക നിയമങ്ങൾ സംസ്ഥാന സർക്കർ കൊണ്ടുവന്ന കോവിഡ് അനന്തര ചികിത്സക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സാ ഫീസ് ഏർപ്പെടുത്തിയ ഉത്തരവ് അങ്ങനെ നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. കോവിഡ് ആയതിനാൽ ജനങ്ങൾക്ക് സംഘടിച്ച് സമരം ചെയ്യാൻ കഴിയില്ല. കരിമണൽ ഖനനത്തിനെതിരെ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മാസ്ക്ക് വച്ച്, സാനിറ്റൈസർ ഉപയോഗിച്ച്, അകലം പാലിച്ച് സമരം ചെയ്തവരെ പ്രോട്ടോകോൾ ലംഘിച്ച് പോലീസ് തല്ലിച്ചതച്ച് അറസ്റ്റ് ചെയ്ത് ജീപ്പിൽ കുത്തി നിറച്ച് കൊണ്ടുപോകും. പക്ഷേ കേസും പിഴയും സമരക്കാർക്ക് എതിരെയാണ്. നിരവധി കേസുകളാണ് ഇതിനോടകം സമരം ചെയ്തവർക്ക് എതിരെ രജിസ്ടർ ചെയ്തിട്ടുള്ളത്. എന്നാൽ ഭരണപക്ഷ പാർട്ടികളുടെ യോഗങ്ങൾക്കോ സർക്കാർ പരിപാടികൾക്കോ ബിവറേജസ് ഔട്ട് ലെറ്റുകൾക്കോ ബസ്സുകളിൽ ആളുകളെ തിക്കിനിറച്ച് കൊണ്ടുപോകുന്നതിനോ കോവിഡ് പ്രോട്ടോക്കോൾ ഒരു പ്രശ്നമേ അല്ല.

സമരം മാസങ്ങൾ പിന്നിട്ടു കഴിഞ്ഞു. ആഗസ്റ്റ് 19 ന് സെക്രട്ടറിയേറ്റിന്റെ മുന്നിൽ നടന്ന പ്രതിഷേധ ധർണ്ണ പ്രതിപക്ഷ നേതാവ് ശ്രീ റ്റി.എൻ പ്രതാപൻ ഉൽഘാടനം ചെയ്തു. എസ് യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.കുമാർ, ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഷാജർ ഖാൻ തുടങ്ങിയവർ ധർണ്ണയെ അഭിസംബോധന ചെയ്തു. വി.എം. സുധീരൻ തുടങ്ങി നിരവധി നേതാക്കൾ സമരത്തെ ശക്തമായി അനുകൂലിക്കുകയും ഖനനം നിർത്തി വെക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. കെ.കെ.രമ എം.എൽ.എ, സാമൂഹ്യ പ്രവർത്തക പി.ഗീത തുടങ്ങി നിരവധി പ്രമുഖർ സമര പന്തൽ സന്ദർശിച്ച് പിന്തുണ അറിയിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ സർക്കാർ ഇതുവരെ സമരം ചെയ്യുന്നവരുമായി ചർച്ച നടത്താനോ ഖനനം അവസാനിപ്പിക്കാനോ തയ്യാറായിട്ടില്ല. ഒരു പ്രസ്ഥാനം ജനപക്ഷത്താണോ എന്നറിയാനുള്ള എളുപ്പ മാർഗ്ഗം ജനകീയ സമരങ്ങളോട് അവർ സ്വീകരിക്കുന്ന നിലപാടാണ്.

ഈ സമരം ശക്തിപ്പെടേണ്ടതും കേരളമാകെ വ്യാപിക്കേണ്ടതുമായ സമരമാണ്. കാരണം കാലാകാലങ്ങളായി ഇവിടെ ഭരണം നടത്തുന്നവർ കോർപറേറ്റുകളുടെയും ദുരമൂത്ത മുതലാളിമാരുടെയും താല്പര്യാർത്ഥം നടപ്പിലാക്കിയ നയങ്ങളും നടപടികളും കേരളത്തെ മനുഷ്യനിർമ്മിത പാരിസ്ഥിതിക പ്രശ്നങ്ങളുടെ പറുദീസയാക്കി മാറ്റിയിരിക്കുന്നു. കെ-റയിൽ വിരുദ്ധ സമരവും കരിമണൽ ഖനവിരുദ്ധ സമരവും കേരളത്തിന് ശരിയായ ദിശ നൽകുന്ന സമരങ്ങളാണ്. വിജയിക്കേണ്ട സമരങ്ങളാണ്. കൂടുതൽ ജനപങ്കാളിത്തത്തോടെയുള്ള ഉശിരൻ സമരങ്ങൾക്ക് മാത്രമേ സർക്കാരിന്റെ കണ്ണു തുറപ്പിക്കുവാൻ കഴിയു . അതിനായി എല്ലാ വിഭാഗം ജനങ്ങളും മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു. ■

## ഐതിഹാസികമായ ചെങ്ങറ ഭൂസമരത്തിന്റെ നായകൻ

# ളാഹ ഗോപാലന് ആദരാഞ്ജലികൾ



**ചെ**ങ്ങറ ഭൂസമര നായകനും കേരളത്തിലെ അധഃസ്ഥിത ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ജീവിതാന്ത്യംവരെ വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിച്ച പോരാളിയും സാധുജന വിമോചന സംയുക്ത വേദിയുടെ സ്ഥാപകനേതാവും പ്രസിഡന്റും ആയിരുന്ന ളാഹ ഗോപാലൻ സെപ്റ്റംബർ 22ന് കോവിഡ് ബാധയെത്തുടർന്ന് അന്തരിച്ചു.

മുഖ്യധാരാ രാഷ്ട്രീയനേതാക്കളും സമുദായ സംഘടനാ നേതാക്കളും ഔപചാരികതയുടെപേരിലുള്ള അനുശോചന വാക്കുകൾപോലും കുറിക്കാൻ തയ്യാറാകാതെ ആ വേർപാടിനെ അവഗണിച്ചു. അദ്ദേഹത്തിന്റെ സ്മരണകൾപോലും എത്രയുംവേഗം കുഴിച്ചുമൂടാൻ പലരും ആഗ്രഹിച്ചു. മരണാനന്തരവും ഒരു നല്ല വിശേഷണത്തിന് അർഹതയില്ലാത്തവിധം അപ്രധാനമായ സ്ഥാനമാണോ ചരിത്രത്തിൽ അദ്ദേഹത്തിനുള്ളത്? അങ്ങനെ അവഗണിച്ചാൽ ഇല്ലാതാകുന്നതാണോ അദ്ദേഹത്തിന്റെ ചരിത്ര പ്രസക്തി?

സമകാലിക കേരളത്തിൽ വളരെ പ്രസക്തമായ ഒരു സാമൂഹ്യ-രാഷ്ട്രീയ പ്രശ്നത്തെ തിരിച്ചറിഞ്ഞ് അതിന്റെ പരിഹാരത്തെ സംബന്ധിച്ച് തന്റെ മനസ്സിലാക്കലിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷ്യവും ഡിമാൻഡും നിർണയിച്ച്, കൃത്യമായ മുദ്രാവാക്യം രൂപീകരിച്ച്, ശരിയായ മാർഗവും ശൈലിയും അടിസ്ഥാനമാക്കി അസാധാരണവും അതിസാഹസികവുമായ ഒരു പ്രക്ഷോഭം അദ്ദേഹം തുടങ്ങിവച്ചു. ദീർഘകാലം വഴിതെറ്റാതെ ആ പ്രക്ഷോഭത്തെ നയിച്ചു. പ്രക്ഷോഭം നേരിട്ട പ്രതിബന്ധങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്തി മുന്നോട്ടുപോയി. പ്രലോഭനങ്ങളും പ്രകോപനങ്ങളും വിജയകരമായി അതിജീവിച്ചു മുന്നേറി. ആ പോരാട്ടത്തിലൂടെ അദ്ദേഹം നടന്നുകയറിയത് കേരളത്തിന്റെ ജനാധിപത്യ സമരചരിത്രത്തിലേക്കുള്ള പടവുകളാണ്. അവഗണനകൾക്കും ആക്ഷേപങ്ങൾക്കും മായ്ക്കാൻ കഴിയുന്നതല്ല നിസ്തുലമായ ജീവിതസമരംകൊണ്ട് പതിപ്പിച്ച ആ മുദ്രകൾ.

ചെങ്ങറയിൽ ആർക്കെതിരെയാണ് അദ്ദേഹം സമരം നടത്തിയത്? ആർക്കുവേണ്ടി ആയിരുന്നു ആ സമരം? കേരളത്തിലെ ഏറ്റവും ദരിദ്രരായ മനുഷ്യർക്ക് ഭൂമി ലഭിക്കുന്നതിന് വേണ്ടിയായിരുന്നു ആ സമരം. യാതൊരു മൂലധനവും കൈവശം ഇല്ലാത്ത, കൃഷിമാത്രം തൊഴിലായി അറിയാവുന്ന ഒരു ജനതയ്ക്ക് ആരെയും ആശ്രയിക്കാതെ കൃഷിചെയ്ത് ജീവിക്കാൻ കൃഷിഭൂമി വേണം. അതിനുവേണ്ടി നടത്തിയ നിരവധി സമരങ്ങൾക്കൊടുവിലാണ് ചെങ്ങറയിൽ കുടിൽകെട്ടി സമരം ആരംഭിക്കുന്നത്. ഹാരിസൺ മലയാളം പ്ലാന്റേഷൻസ് എന്ന ബ്രിട്ടീഷ് കമ്പനി നൂറിലേറെ വർഷങ്ങൾക്കുമുമ്പ് 100 വർഷക്കാലത്തേക്ക് പാട്ടത്തിനെടുത്തതും പാട്ടക്കാലാവധി കഴിഞ്ഞിട്ടും വിട്ടുകൊടുക്കാതെ കൈവശം വച്ചിരിക്കുന്നതുമായ, കേരളസർക്കാരിന്റെ വനംവകുപ്പിന് കീഴിൽവരുന്ന ഭൂമിയാണ് ചെങ്ങറ റബ്ബർ എസ്റ്റേറ്റ്. റബർ ടാപ്പിംഗ് കഴിഞ്ഞ് ഉപേക്ഷിച്ച ഭൂമി അവർ അതിനായി തെരഞ്ഞെടുത്തത് സമരത്തിലൂടെ ടാപ്പിംഗ് തൊഴിലാളികൾക്കും ബുദ്ധിമുട്ടുണ്ടാകരുത് എന്നതുംകൂടി കണക്കിലെടുത്താണ്.

ഭൂമി വേണം എന്ന ആവശ്യം അവർ ഉന്നയിച്ചത് സംസ്ഥാന സർക്കാരിനോടാണ്. അതിനായി സമരം ചെയ്യാൻ അവർ കണ്ടെത്തിയത് ഒരു ആഗോളകുത്തക കൈവശപ്പെടുത്തിയ സർക്കാർ ഭൂമിയും. സ്വാഭാവികമായും സമരം ആ ഭൂമിയുടെ മേലുള്ള ഹാരിസൺ എന്ന വിദേശ കമ്പനിയുടെ അധികാരത്തെ ചോദ്യം ചെയ്യുന്ന ഒരു നടപടിയായി മാറി. കേരളത്തിലെ ഏറ്റവും ദരിദ്രരുടെയും ഒരു വമ്പൻ ആഗോളകുത്തകയുടെയും താൽപര്യങ്ങൾ നേർക്കുനേർ ഏറ്റുമുട്ടിയ ആ പ്രക്ഷോഭത്തിൽ പാവപ്പെട്ടവരോടൊപ്പം നിലകൊണ്ടതാര്, കുത്തകയോടൊപ്പം നിന്നതാര് എന്ന ചോദ്യങ്ങൾ ചരിത്രത്തിലുണ്ട്. നമ്മുടെ രാഷ്ട്രീയ സമുദായ പ്രസ്ഥാനങ്ങൾക്കൊക്കെ ളാഹ ഗോപാലൻ അനഭിമതനും വെറുക്കപ്പെട്ടവനും ആയത് അദ്ദേഹം ഈ പാർട്ടികൾക്കോ സമുദായങ്ങൾക്കോ എതിരെ എന്തെങ്കിലും ചെയ്തത് കൊണ്ടല്ല. മറിച്ച് അദ്ദേഹം ഒരു കോർപ്പറേറ്റ് കമ്പനിക്കെതിരായാണ് പോരാടിയത് എന്നതുകൊണ്ടാണ്. ഒരു വിദേശ കമ്പനി കവർന്നെടുത്ത പൊതുഭൂമിയിൽ ആണെങ്കിലും പരമദരിദ്രർ ഇങ്ങനെ സമരം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കപ്പെടേണ്ട ഒരു നല്ല കീഴ്‌വഴക്കമല്ല എന്ന് എല്ലാവരും ഭയത്തോടെ മനസ്സിലാക്കുന്നു.

സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി ചരിത്രത്തിൽ പിന്നിലായിപ്പോയ ജനവിഭാഗങ്ങൾക്ക് മുന്നേറാൻ ആവശ്യമായ മിനിമം ഉപാധികളിലൊന്നാണ് ഭൂമി. 100 വർഷങ്ങൾക്ക് മുൻപ് മഹാത്മ അയ്യങ്കാളി ഉയർത്തിയ ആവശ്യമാണിത്. ഇന്നും ഈ അടിസ്ഥാന പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കേരളത്തിലെ സമൂഹത്തിന് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ആ പ്രക്ഷോഭത്തിന്റെ തുടർച്ച നിർവഹിക്കുവാനുള്ള എളിയ പരിശ്രമമാണ് അദ്ദേഹം നടത്തിയത്.

ശ്രീബുദ്ധനും അയ്യങ്കാളിയും അംബേദ്കറും ആയിരുന്നു അദ്ദേഹത്തിന്റെ ആദർശത്തിന്റെയുംപ്രചോദനത്തിന്റെയുംആധാരം. അയ്യങ്കാളിയുടെ സംഘടനയുടെ പേരിൽ സൂചിപ്പിക്കുന്നതുപോലെ പോലെ സാധുജനങ്ങൾ എന്ന സൂചന അദ്ദേഹം സംഘടനയുടെ പേരിലും ഉൾപ്പെടുത്തി. കേരളത്തിലെ വൈദ്യുതി ബോർഡിൽ ഒരു സാധാരണ ജീവനക്കാരനായിരുന്നു അദ്ദേഹം. ലൈൻമാൻ ആയി ആരംഭിച്ച് ഓവർസിയറായി വിരമിച്ച ഔദ്യോഗിക ജീവിതകാലത്ത് തന്നെ അദ്ദേഹം എസ്‌വിഎസ്‌വി എന്ന സംഘടന രൂപീകരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ജോലിയിൽ നിന്നും വിരമിച്ചശേഷം വിശ്രമജീവിതം ആരംഭിക്കുകയല്ല അദ്ദേഹം ചെയ്തത്. മറിച്ച് അസാധാരണമാം രീതിയിൽ ചടുലവും സാഹസികവും സമരോത്സുകമായ പുതിയ ഒരു ജീവിതം ആരംഭിക്കുകയാണ് ചെയ്തത്. സംഘർഷഭരിതവും വെല്ലുവിളികൾ നിറഞ്ഞതുമായ ആ ജീവിതം അദ്ദേഹത്തിന്റെ ആരോഗ്യനിലയെ തകർത്തു.

വിവരണാതീതമായ പ്രതിബന്ധങ്ങളെയാണ് ആ സമരം അഭിമുഖീകരിച്ചത്. തോട്ടം തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാനെന്ന പേരിൽ സിഐടിയു, ഐഎൻടിയുസി, ബിഎം എസ്, എഐടിയുസി എന്നീ സംഘടനകളുടെ പേരിൽ അവിടെനൂറുകണക്കിന്ഗുണ്ടകളെപോലീസ് സംരക്ഷണത്തോടെ വിന്യസിക്കുകയും, സമരഭൂമിയിലേക്ക് വരികയും പോകുകയും ചെയ്യുന്ന ഏവരെയും, വിശേഷിച്ച് കറുത്ത നിറമുള്ളവരെ തല്ലിച്ചതയ്ക്കുകയും ചെയ്യുന്ന ഏർപ്പാട് ഒരു വർഷക്കാലത്തോളം തുടർന്നു.പതിനൊന്നുപേർ ആ കാലയളവിൽ പട്ടിണിമൂലവും രോഗപീഢകൾകൊണ്ടും ഗുണ്ടകളുടെ ഉപരോധംമൂലം ആശുപത്രിയിൽ പോകാനാകാതെയും മരണമടഞ്ഞു. കുട്ടികളുടെ പഠനം മുടങ്ങി.സമരഭൂമി സന്ദർശിക്കാനെത്തിയ ജനകീയ നേതാക്കളെയും സാംസ്കാരിക നായകരെയും ആക്രമിച്ചു.

മാധ്യമങ്ങളുടെ വായമൂടിക്കെട്ടി, സമരഭൂമിയിലെ അതിക്രമങ്ങൾ മറച്ചുവെക്കാൻ ഭരണകൂടം നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തിക്കൊണ്ട് അന്ന് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി യും എസ്‌യു സിഐ(കമ്മ്യൂണിസ്റ്റ്)യും കേരളമെമ്പാടും ളാഹ ഗോപാലന് സ്വീകരണം നൽകുന്ന വൻയോഗങ്ങൾ സംഘടിപ്പിച്ചു. കുട്ടികളുടെ വിദ്യാഭ്യാസത്തിനായി എരുമേലി മുട്ടപ്പള്ളിയിൽ ബദൽ ഏർപ്പാട് ഉണ്ടായി. സമരഭടന്മാർ എല്ലാ ദുരിതങ്ങളെയും ഏറ്റുവാങ്ങാൻ തയ്യാറായി ളാഹ ഗോപാലന്റെ നേതൃത്വത്തിൽ അചഞ്ചലം നിലകൊണ്ടു. പത്തനംതിട്ട നഗരത്തിൽ എസ്‌വിഎസ്‌വി യുടെ ഓഫീസ് എന്ന നിലയിൽ അംബേദ്കർ സ്മാരകമന്ദിരം നിർമ്മിച്ചു.

മഹാത്മ അയ്യങ്കാളിയുടെ യഥാർഥ പിൻഗാമി എന്ന വിശേഷണത്തിന് അർഹമായ പ്രവർത്തനങ്ങൾ ആണ് അദ്ദേഹം നടത്തിയത്. സമൂഹത്തിലെ ഏറ്റവും ദരിദ്രരായ മനുഷ്യരെ സംഘടിപ്പിച്ച് സമരസജ്ജരാക്കി രംഗത്തിറക്കി സുദീർഘമായ ഒരു പോരാട്ടത്തിലൂടെ വ്യവസ്ഥാപിത അധികാരകേന്ദ്രങ്ങളെ മുട്ടുകുത്തിച്ചു വിജയത്തിലെത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഭൂരഹിതരുടെ വേദനയും നിസ്സഹായതയും പൂർണമായി ഉൾക്കൊണ്ടു അദ്ദേഹം. ആ പ്രക്ഷോഭത്തിലൂടെ അദ്ദേഹത്തിന്റെ ജീവിതാവസാനംവരെ ആ ഭൂമി അവർക്ക് ഉറപ്പാക്കി നിലനിർത്തി. അംബേദ്കറുടെയും അയ്യങ്കാളിയുടെയും ആദർശങ്ങളെ ആധികാരികമാക്കി അധസ്ഥിത ജീവിതത്തെ സമരോത്സുകമാക്കി ചിട്ടപ്പെടുത്തി ഉയർത്തിയെടുക്കാനാണ് അദ്ദേഹം പരിശ്രമിച്ചത്.

മഹാവിപ്ലവമെന്ന് ഘോഷിക്കപ്പെടുന്ന ഭൂപരിഷ്കരണത്തിലൂടെ കേരളത്തിൽ നടപ്പിലാക്കപ്പെട്ട ഭൂവിതരണത്തിലെ അസന്തുലിതാവസ്ഥയും, അതുമൂലം പിൽക്കാലത്ത് നൂറുകണക്കിന് കോളനികളിലായി ജീർണമായ സാംസ്കാരിക അന്തരീക്ഷത്തിൽ ബന്ധിതരായിരിക്കുന്ന ദളിത്-ആദിവാസി-പിന്നാക്ക വിഭാഗങ്ങളുടെ നീറുന്ന പ്രശ്നങ്ങളെ പുതിയ ഒരു പ്രാധാന്യത്തോടെ കേരളീയ സമൂഹത്തിന്റെ മുന്നിൽ ശക്തമായി പ്രതിഷ്ഠിച്ചു എന്നതും അതിന്റെ പരിഹാരത്തിനുള്ള വഴി കൃത്യമായി പ്രായോഗികമായി കാണിച്ചു എന്നതുമാണ് അദ്ദേഹത്തിന്റെ പ്രസക്തി. ലക്ഷ്യം നിർണയിക്കുന്നതിലും അതിലേയ്ക്കുള്ള മാർഗം നിശ്ചയിക്കുന്നതിലും ഓരോരോഘട്ടത്തിലുമുള്ള




ഭൂരഹിതർക്ക് കൃഷിഭൂമി നൽകി ചെങ്ങറ സമരം ഒത്തുതീർപ്പാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ 2008 മാർച്ച് 17,18 തീയതികളിൽ ചെങ്ങറയിൽനിന്നും പത്തനംതിട്ട കളക്ട്രേറ്റിലേയ്ക്ക് നടന്ന പദയാത്ര ചെങ്ങറ സമരഭൂമിയിൽനിന്നും ആരംഭിക്കുന്നു. സഖാക്കൾ സി.കെ.ലൂക്കോസ്, വി.വേണുഗോപാൽ, എസ്.രാജീവൻ തുടങ്ങിയവർ ളാഹ ഗോപാലനൊപ്പം

(ശേഷം 11–ാം പേജിൽ)



പത്തനംതിട്ട റോയൽ ആഡിറ്റോറിയത്തിൽ നടന്ന അനുസ്മരണ സമ്മേളനം ഡോ.ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.

# ളാഹ ഗോപാലൻ അനുസ്മരണ സമ്മേളനം പത്തനംതിട്ടയിൽ

**ചെ**ങ്ങറ സമരം മുന്നോട്ട് വച്ച അവകാശ പോരാട്ടം ശക്തമായി മുന്നോട്ട് പോകും എന്ന പ്രഖ്യാപനവുമായി കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംഘടിപ്പിച്ച ളാഹ ഗോപാലൻ അനുസ്മരണ സമ്മേളനം പത്തനംതിട്ട റോയൽ ആഡിറ്റോറിയത്തിൽ നടന്നു. രണ്ടോ മൂന്നോ സെന്റിന്റെ കോളനികളല്ല കൃഷി ഭൂമിയാണ് ഭൂരഹിതരായ ലക്ഷക്കണക്കിന് വരുന്ന അടിസ്ഥാന വർഗ ജനതയുടെ ആവശ്യം എന്ന് വിളിച്ചു പറഞ്ഞാണ് ളാഹ ഗോപാലൻ എന്ന പോരാളി ചെങ്ങറ ഭൂസമരം പടുത്തുയർത്തിയത് എന്ന് സമ്മേളനം അനുസ്മരിച്ചു. ജാതിമത കക്ഷി രാഷ്ട്രീയത്തിനതീതമായി അദ്ദേഹം പടുത്തുയർത്തിയ സമരം മുന്നോട്ട് കൊണ്ടുപോകാൻ ഏവരും കൈകോർക്കണമെന്ന് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് ഡോ .ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത പറഞ്ഞു. സമര ജീവിതത്തിൽ അദ്ദേഹത്തോടൊപ്പംനിന്ന സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗത്തെപ്രമുഖരായസി.പി.ജോൺ, സി.ആർ.നീലകണ്ഠൻ, ജയ്സൺ ജോസഫ്, പി.മോഹൻരാജ്, കെ റജി കുമാർ, ടി എം ഹമീദ്, അഡ്വ. മാത്യു വേളങ്ങാടൻ, എം ഷാജർ ഖാൻ, ജോൺസൺ തിരുവല്ല തുടങ്ങിയവർ അനുഭവങ്ങൾ പങ്കുവച്ച് ആദരാഞ്ജലികളർപ്പിച്ചു. ചെങ്ങറ സമര സഹായ സമിതി കൺവീനർ എസ്.രാജീവൻ അദ്ധ്യക്ഷത വഹിച്ചു. ളാഹ ഗോപാലന്റെ മകൾ ഗിരിജാ മോൾ, വിളപ്പിൽശാല സമര നേതാവ് എസ്.ബുർഹാൻ, മൂലമ്പള്ളി സമരനേതാവ് ഫ്രാൻസിസ് കളത്തുങ്കൽ, പൊന്തൻപുഴ സമരനേതാവ് ജയിംസ് കണ്ണിമല, കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതി നേതാവ് ആർ.പാർത്ഥസാരഥി വർമ്മ, ഡോ.കെ.ടി.റജികുമാർ, വിനോദ് ഇളകൊള്ളൂർ, റജി മലയാലപ്പുഴ, ഹരിറാം, എൻ. കെ. ബിജു, സാമുവൽ പ്രക്കാനം, അഡ്വ.ടി.എച്ച്.സിറാജുദ്ദീൻ, തുടങ്ങി ജനകീയ സമര നേതാക്കൾ, ജനകീയ പ്രതിരോധ സമിതി നേതാക്കളായ പി.രാമചന്ദ്രൻ, എസ്.രാധാമണി, ജോർജ് മാത്യു കൊടുമൺ, കെ.ജി.അനിൽകുമാർ, സാധുജന വിമോചന സംയുക്തവേദി ഭാരവാഹികളായ ബേബി ചെരിപ്പിട്ട കാവ്, ടി.അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു. അധികാര കേന്ദ്രങ്ങൾക്ക് മുന്നിൽ മുട്ടുമടക്കാതെ അവകാശങ്ങൾക്കായി നിലകൊണ്ട മഹാനായ പോരാളിക്ക് അർഹമായ സ്മാരകം ഉയർത്തണമെന്ന് സമ്മേളനം ഐകകണ്ഠ്യേന തീരുമാനിച്ചു. ■

(10-ാം പേജിൽ നിന്ന്)

പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നതിലും അദ്ദേഹം പ്രകടിപ്പിച്ച വൈഭവവും സർഗാത്മകതയും ഇച്ഛാശക്തിയും അന്യാദൃശമായിരുന്നു. ഹാരിസൺ മലയാളം പ്ലാന്റേഷൻ എന്ന ആഗോളകുത്തകയെയും അവർക്കുവേണ്ടി ഒത്താശ ചെയ്യുന്ന ഭരണകൂടത്തെയും അവരുടെ പിണിയാളുകളായ രാഷ്ട്രീയ പാർട്ടികളെയും വെല്ലുവിളിച്ചുകൊണ്ട്, അവരുടെ പ്രലോഭനങ്ങളെയും ഭീഷണികളെയും അവഗണിച്ചു കൊണ്ട് സുദീർഘമായ പോരാട്ടം നയിച്ച് അസാധാരണ വിജയം അദ്ദേഹം തന്റെ അനുയായികൾക്ക് നൽകി.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം സഖാവ് എസ്.രാജീവന്റെ നേതൃത്വത്തിൽ പാർട്ടി പത്തനംതിട്ട ജില്ലാ കമ്മിറ്റിയും ജനകീയ പ്രതിരോധ സമിതിയും ചെങ്ങറ സമരത്തെ സഹായിക്കാൻവേണ്ടി നടത്തിയ നിസ്വാർത്ഥമായ പ്രവർത്തനങ്ങൾവഴി അദ്ദേഹം എസ്‌യുസിഐയെ വളരെയേറെ സ്നേഹിക്കുന്ന ആൾ ആയി മാറി. കമ്മ്യൂണിസത്തെ ഏറ്റവുമേറെ എതിർക്കുമ്പോഴും കമ്മ്യൂണിസ്റ്റ് ദർശനത്തെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നവരുടെ യഥാർത്ഥ പ്രസ്ഥാനമായ എസ്‌യുസിഐയെ സ്വീകരിക്കാതിരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല എന്നത് ചരിത്രത്തിലെ ഒരു സവിശേഷ പ്രതിഭാസമായി കാണേണ്ടതുണ്ട്. മാവേലിക്കര മുട്ടത്ത് നേതാജി സാമൂഹ്യ സാംസ്കാരിക പഠനകേന്ദ്രം ഉദ്ഘാടനം ചെയ്യപ്പെട്ടപ്പോൾ ക്ഷണിക്കപ്പെട്ടതിൻ പ്രകാരം അദ്ദേഹം അവിടെ എത്തി. ആ പ്രസംഗത്തിൽ എസ്‌യുസിഐയെ കുറിച്ച് അദ്ദേഹം പറഞ്ഞു: "എനിക്ക് ഈ സംഘടനയെ വെറുപ്പായിരുന്നു. പത്തനംതിട്ട നഗരത്തിൽ പാട്ടയും പിടിച്ചു തെണ്ടുന്ന ഇവരെ കാണുമ്പോൾ എനിക്ക് പുച്ഛമായിരുന്നു. ചെങ്ങറ സമരഭൂമിയിൽ ഇവർ ആദ്യം വരുമ്പോൾ മറ്റുപലരെയും എന്നതുപോലെ ഞാൻ ഇവരെയും സംശയത്തോടെ കണ്ടു, അകറ്റിനിർത്തി. എന്നാൽ ഈ പാർട്ടി ഇല്ലാതെ ഇന്ന് എനിക്ക് ജീവിക്കാൻ ആവില്ല. ഇന്ന് എന്റെ രക്തത്തിന്റെ ഭാഗമാണ് ഈ പാർട്ടി".




ചെങ്ങറ സമരഭൂമിയിൽ നടന്ന അനുസ്മരണ സമ്മേളനം ചെങ്ങറ സമര സഹായ സമിതി കൺവീനർ എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു.

ചെങ്ങറ സമരത്തിന്റെ തീക്ഷ്ണമായ നിരവധി ഘട്ടങ്ങളിലൂടെ കടന്നുപോയപ്പോൾ അനുഭവത്തിലൂടെയും സഹജാവബോധംകൊണ്ടും എസ്‌യുസിഐ(സി)യുടെ സവിശേഷത അദ്ദേഹം തിരിച്ചറിഞ്ഞു. ഏറ്റവും ദരിദ്രരായ ജനതയുടെ വേദനകൾ ഉൾക്കൊണ്ട് പ്രവർത്തിച്ച അദ്ദേഹത്തിന് സമരരംഗത്തെ യഥാർത്ഥ മിത്രത്തെ ഈ പാർട്ടിയിൽ കാണാൻ കഴിഞ്ഞു. സിപിഐ(എം)ൽ ഒരുകാലത്ത് അംഗമായിരുന്ന അദ്ദേഹം അവരുടെ നടപടികൾമൂലം കമ്മ്യൂണിസത്തെ വെറുത്ത് ആ പ്രസ്ഥാനം ഉപേക്ഷിച്ചാണ് എസ്‌വിഎസ്‌വി എന്ന പുതിയ പ്രസ്ഥാനം രൂപീകരിച്ചത്. സിപിഐ(എം) വിരോധത്തിന്റെ പേരിലും അംബേദ്കറുടെ ആദർശങ്ങളുടെ അനുയായി എന്ന നിലയിലും കമ്മ്യൂണിസത്തിന് എതിരെ എപ്പോഴും പറയുമായിരുന്ന അദ്ദേഹത്തിന് എസ്‌യുസിഐ (സി) യെ തള്ളിപ്പറയാൻ ആകാത്തത് യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ പ്രസരിപ്പിക്കുന്ന സാംസ്കാരിക ഔന്നത്യത്തെ അംഗീകരിക്കാതിരിക്കാൻ അദ്ദേഹത്തെപ്പോലെ നിഷ്കളങ്കനായ മനുഷ്യസ്നേഹിക്ക് കഴിയില്ല എന്നതിനാലാണ്.

ദളിത് വിമോചനത്തിന്റെ പതാക വഹിക്കുമ്പോഴും മുദ്രാവാക്യങ്ങൾ ഉയർത്തുമ്പോഴും അദ്ദേഹത്തിന്റെ സംഘടനയിലും സമരഭൂമിയിലും നാനാജാതി മത വിഭാഗങ്ങൾ ഉണ്ടായിരുന്നു എന്നതും ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ വീക്ഷണം സാധാരണ ജാതിമത സമുദായ സങ്കുചിതത്വങ്ങൾക്കുപരി ആയിരുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. ഒട്ടേറെ വിമർശനങ്ങൾക്ക് കാരണമായിത്തീർന്ന പലവിധ പരിമിതികളും ഉണ്ടായിരുന്നുവെങ്കിലും അദ്ദേഹവും അദ്ദേഹത്തിന്റെ പ്രസ്ഥാനവും നിർവഹിച്ച ചരിത്രദൗത്യത്തിന്റെ പ്രാധാന്യം കേരളംതിരിച്ചറിയുകതന്നെവേണം.

ഒരു സമരപ്രസ്ഥാനത്തിന്റെ നേതൃത്വത്തിനുണ്ടാകേണ്ട അചഞ്ചലമായ നിലപാട് ധീരത, ഇച്ഛാശക്തി, സത്യസന്ധത, ത്യാഗസന്നദ്ധത, ജനങ്ങളോടുള്ള നിർവ്യാജമായ കൂറ് ഈ വകഗുണങ്ങൾ വിളങ്ങി നിന്നിരുന്ന അദ്ദേഹത്തിന്റെ വ്യക്തി വിശേഷങ്ങളെ യഥാസമയം തിരിച്ചറിയാൻ പൊതുസമൂഹത്തിന് കഴിഞ്ഞില്ല. സ്വാതന്ത്ര്യാനന്തര കേരളത്തിലെ സമരചരിത്രത്തിൽ അവിസ്മരണീയമായ ഒരു ഏട് സ്വജീവിതംകൊണ്ട് എഴുതിചേർത്ത ളാഹഗോപാലന്റെ ജീവിതവും സമരവും വരുംകാല ജനകീയ പ്രക്ഷോഭങ്ങൾക്ക് പ്രചോദനമാകുമെന്നതിൽ സംശയമില്ല. യശഃശരീരനായ ളാഹ ഗോപാലന് ആദരാഞ്ജലികൾ. ■



ജനകീയ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ കോട്ടയം നഗരത്തിൽ നടന്ന ളാഹ ഗോപാലൻ അനുസ്മരണ സമ്മേളനം സണ്ണി എം.കപിക്കാട് ഉദ്ഘാടനം ചെയ്യുന്നു

# എൻഡോൻ സൾഫാൻ ദുരിതബാധിതർ സെക്രട്ടറിയേറ്റിനു മുന്നിൽ കുത്തിയിരുപ്പ് സമരം നടത്തി

**എ**ൻഡോസൾഫാൻ ദുരിതബാധിത പദ്ധതികൾ അട്ടിമറിക്കാൻ സാമൂഹിക നീതി വകുപ്പിന് മുൻ കാസർഗോഡ് ജില്ലാ കളക്ടർ സജിത് ബാബു നൽകിയ റിപ്പോർട്ട് തള്ളിക്കളയുക, സുപ്രീം കോടതി വിധിപ്രകാരം നഷ്ടപരിഹാരവും ചികിത്സയും ലഭ്യമാക്കുക, കാസർഗോഡ് ന്യൂറോളിജിസ്റ്റുകളെ നിയമിക്കുക, എൻഡോസൾഫാൻ പുനരധിവാസ റെമഡിയേഷൻ സെൽ പുനസ്ഥാപിക്കുക എന്നീ ആവശ്യങ്ങളുമായി എൻഡോസൾഫാൻ സമര ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിൽ ദുരിതബാധിതർ സെക്രട്ടറിയേറ്റിനു മുന്നിൽ ഒക്ടോബർ 6ന് കുത്തിയിരുപ്പ് സമരം നടത്തി.

അമ്മമാരും കുട്ടികളുമടക്കം 150 ഓളം പേർ പങ്കെടുത്തു. കവി വി. മധുസൂദനൻ നായർ ഉദ്ഘാടനം ചെയ്തു. മുനീസ അമ്പലത്തറ ആമുഖ ഭാഷണം നടത്തി. ഐക്യ ദാർഢ്യ സമിതി ചെയർപേഴ്സൺ സോണിയ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ, വി.എം. സുധീരൻ, പി.കെ .കുഞ്ഞാലിക്കുട്ടി, രാജ്മോഹൻ ഉണ്ണിത്താൻ, പ്രൊഫ. ബി.രാജീവൻ, സി.പി.ജോൺ, എൻ. എ.നെല്ലിക്കുന്ന് MLA, അമ്പലത്തറ കുഞ്ഞികൃഷ്ണൻ, ആർ.അജയൻ, പ്രൊഫ.ബാബു ജോൺ, ജെ .ദേവിക വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ആർ. കുമാർ, സുരേന്ദ്രൻ കരിപ്പുഴ, ഷൈല കെ. ജോൺ, മുംതാസ് ബീഗം, എം.മഹേഷ്കുമാർ,മഹേഷ്തോന്നക്കൽ, സിയാദ് തളിക്കോട്, ഷാഫി.എം, സുബൈർ പടപ്പ്, സജിത്ത്, എസ്. രാജീവൻ, പി.കെ.വേണുഗോപാലൻ,ഇ.വി.പ്രകാശ്എന്നിവർ അഭിവാദ്യം ചെയ്തു. ഉമ്മൻ.ജെ.മേടാരം ഐക്യദാർഢ്യ മാജിക് അവതരിപ്പിച്ചു. ഐക്യദാർഢ്യ സമിതി



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഷൈല കെ.ജോൺ സമരത്തെ അഭിസംബോധ ചെയ്യുന്നു.

പ്രവർത്തകരും എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി പ്രവർത്ത കരുമായി നിരവധിയാളുകൾ കുത്തിയിരുപ്പ് സമരത്തിൽ പങ്കെടുത്തു. ഷൈലജ അൻപുവും സംഘവും നാടൻ പാട്ട് അവതരിപ്പിച്ചു. ഐക്യദാർഢ്യ സമിതി കൺവീനർ എം.സുൽഫത്ത് സ്വാഗതം പറഞ്ഞു.എൻ.സുബ്രഹ്മണ്യൻ നന്ദി അറിയിച്ചു. ■

UNITY Malayalam Monthly
2021 October
Price: Rs. 5.00

# കെ റയിൽ പദ്ധതിക്കെതിരെ സമരം ശക്തമാകുന്നു; ഒക്ടോബർ 27ന് സെക്രട്ടേറിയറ്റ് മാർച്ച്

**പ**തിനായിരങ്ങളെ കുടിയിറക്കുന്ന, കേരളത്തെ കടക്കെണിയിലാക്കുന്ന, പരിസ്ഥിതിയെ തകർക്കുന്ന കെ.റയിൽ പദ്ധതിയിൽനിന്നും സംസ്ഥാന സർക്കാർ പിന്മാറണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളമെമ്പാടും ജനങ്ങൾ പ്രക്ഷോഭരംഗത്താണ്.

കേന്ദ്രധനമന്ത്രാലയത്തിന്റെയോ റയിൽവേ മന്ത്രാലയത്തിന്റെയോ അനുമതി ഇനിയുംഅന്തിമമായി ലഭിച്ചിട്ടില്ല, സാമൂഹ്യ ആഘാത പഠനം നടക്കാനിരിക്കുന്നതേയുള്ളു എന്നിരിക്കിലും ഏകപക്ഷീയമായി നടപടികളുമായി സർക്കാർ മുന്നോട്ടുനീങ്ങാൻ ശ്രമിക്കുന്നത് ജനഹിതം തീർത്തും മാനിക്കാതെയാണ്.

മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ പദ്ധതിയെക്കുറിച്ച് പറയുന്നത് ന്യായീകരണങ്ങൾ മാത്രമാണ്. സ്ഥലം ഏറ്റെടുക്കലിനുള്ള നടപടികൾ ആരംഭിക്കുന്നുവെന്നും ജില്ലകളിൽ കെ.റയിലിന് ഓഫീസുകൾ തുറക്കുന്നുവെന്നുമുള്ള വാർത്തകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. പദ്ധതിയുടെ അശാസ്ത്രീയതയും നടപ്പിലാക്കിയാൽ സംഭവിക്കാൻപോകുന്ന നാശത്തിന്റെ വ്യാപ്തിയും ഇതിനകം വിദഗ്ദ്ധർ ഉൾപ്പെടെചൂണ്ടിക്കാണിച്ചുകഴിഞ്ഞു. കേരളത്തിന്റെ സർവനാശമായിരിക്കുംഫലം എന്നത് വളരെ വ്യക്തമാണ്. പക്ഷേ ദൌർഭാഗ്യവശാൽ മുഖ്യമന്ത്രിയോ ബന്ധപ്പെട്ട അധികാരികളോ ഇത് ചെവിക്കൊള്ളാൻ തയ്യാറായിട്ടില്ല. പദ്ധതിജനങ്ങൾക്ക് ഗുണകരമാകണം എന്നത് അവസാനത്തെ പരിഗണനാവിഷയംപോലുമല്ല എന്നു വേണം മനസ്സിലാക്കുവാൻ.

ഈ സാഹചര്യത്തിൽ സംസ്ഥാന കെ.റയിൽ സിൽവർലൈൻവിരുദ്ധ ജനകീയ സമിതി സമരപരിപാടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ 27ന് സെക്രട്ടേറിയറ്റ് മാർച്ച് നടത്തുന്നു. സംസ്ഥാനമെമ്പാടും ശക്തമായ സമരപരിപാടികൾ നടന്നുവരുന്നു. എല്ലാ ജില്ലകളിലും കളക്ട്രേറ്റ് മാർച്ചുകൾ, പഞ്ചായത്ത്, വില്ലേജ്, താലൂക്ക് ഓഫീസ് മാർച്ചുകൾ, പദയാത്രകൾ എന്നിവയും സെക്രട്ടേറിയറ്റ് മാർച്ചിന് മുന്നോടിയായി നടന്നുവരുന്നു. ■



ഭൂമി ഏറ്റെടുക്കാനുള്ള ഉത്തരവിന്റെ കോപ്പി കത്തിച്ചുകൊണ്ട് പ്രതിഷേധം, വടകരയിൽനിന്നുള്ള ദൃശ്യം



മാവേലിക്കര താലൂക്ക് ഓഫീസ് മാർച്ച് അഡ്വ.മാത്യു വേളങ്ങാടൻ ഉദ്ഘാടനം ചെയ്യുന്നു



ഒരു വർഷമായി സമരം നടന്നുവരുന്ന കോഴിക്കോട് ജില്ലയിലെ കാട്ടില പീടികയിലെ സമരപന്തലിൽ അഡ്വ.പ്രശാന്ത് ഭൂഷൺ എത്തിയപ്പോൾ




തൃശ്ശൂർ കളക്ട്രേറ്റ് മാർച്ച് ടി.എൻ.പ്രതാപൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു




തിരുവനന്തപുരം ജില്ലയിൽ നടക്കുന്ന പദയാത്രയിൽനിന്നുള്ളദൃശ്യം




ഇരവിപേരൂർ പഞ്ചായത്ത് ഓഫീസ് ധർണ പ്രൊഫ.സതീഷ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു

# ഒക്ടോബർ 4: അതിരൂക്ഷമായ തൊഴിലില്ലായ്മയ്ക്കെതിരെ യുവജന അവകാശദിനമായി ആചരിച്ചു

**തൊ**ഴിൽ രഹിതരായ യുവാക്കളുടെ പൊതുപ്രക്ഷോഭ വേദിയായ ആൾ ഇന്ത്യ അൺ എംപ്ലോയ്ഡ് യൂത്ത് സ്ട്രഗിൾ കമ്മിറ്റി (AIUYSC) സംസ്ഥാന സമിതിയുടെ ആഹ്വാന പ്രകാരം ഒക്ടോബർ 4ന് യുവജന അവകാശ ദിനാചരണം സംഘടിപ്പിച്ചു. അതിരൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുക, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകളിൽ ഉടൻ നിയമനം നടത്തുക എന്നീ ആവശ്യങ്ങളുന്നയിച്ച് AIUYSC ആഹ്വാനംചെയ്ത അവകാശദിനത്തിന്റെ ഭാഗമായി നടത്തിയ സെക്രട്ടേറിയറ്റ് ധർണ പ്രമുഖ സാമൂഹ്യപ്രവർത്തക അശ്വതി ജ്വാല ഉദ്ഘാടനം ചെയ്തു. തൊഴിൽ ആരുടേയും ഔദാര്യമല്ല, അവകാശമാണെന്ന ബോധ്യത്തോടെ പ്രക്ഷോഭരംഗത്ത് അടിയുറച്ച് നിൽക്കുവാൻ യുവജനങ്ങൾ തയ്യാറാകണമെന്ന് അവർ പറഞ്ഞു. ധർണയിൽ AIUYSC സംസ്ഥാന സെക്രട്ടറി ഇ.വി പ്രകാശ് അധ്യക്ഷതവഹിച്ചു. സാമൂഹ്യ ആരോഗ്യ വിദഗ്ദ്ധ ഡോ.അരുണ എസ്. വേണു മുഖ്യപ്രസംഗം നടത്തി. AIDYO സംസ്ഥാന വൈസ് പ്രസിഡന്റ് പി.പി പ്രശാന്ത്കുമാർ, AIUYSC സംസ്ഥാന വൈസ് പ്രസിഡന്റ് കെ. ബിമൽജി, യുണൈറ്റഡ് ആക്ഷൻ ഫോറം ടു പ്രൊട്ടക്റ്റ് കൊളീജിയറ്റ് എജ്യൂക്കേഷൻ സംസ്ഥാന കൺവീനർ ലക്ഷ്മി ആർ.ശേഖർ, വി.സുജിത്, എ.ഷൈജു, അജിത് മാത്യു എന്നിവർ സംസാരിച്ചു.




അവകാശദിനത്തിന്റെ ഭാഗമായി നടത്തിയ സെക്രട്ടേറിയറ്റ് ധർണ്ണയിൽ AIUYSC സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ് പ്രസംഗിക്കുന്നു

കണ്ണൂർ കളക്ട്രേറ്റിലേക്ക് നടന്ന പ്രതിഷേധ മാർച്ച് AIUYSC സംസ്ഥാന വൈസ് പ്രസിഡന്റ് ടി.ഷിജിൻ ഉദ്ഘാടനം ചെയ്തു. AIDYO ജില്ലാ സെക്രട്ടറിയും AIUYSC സംസ്ഥാന കമ്മിറ്റിയംഗവുമായ അഡ്വ. ഇ.സനൂപ് അധ്യക്ഷനായി. AIUYSC സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ.പി.സി വിവേക് സ്വാഗതം പറഞ്ഞു. സംസ്ഥാന കമ്മിറ്റിയംഗം ഗൗതം പിണറായി, അകിൽ മുരളി, പി.കെ സുഹൈൽ എന്നിവർ സംസാരിച്ചു.

അവകാശദിനാചരണത്തോടനുബന്ധിച്ച് കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷന് മുന്നിൽ പ്രതിഷേധ ധർണ്ണ നടന്നു. AIUYSC സംസ്ഥാന വൈസ് പ്രസിഡന്റ് കെ.പി സാൽവിൻ ഉദ്ഘാടനം ചെയ്തു. പത്ത് ആവശ്യകതകൾ ഉന്നയിച്ചുള്ള നിവേദനം എംപ്ലോയ്മെന്റ് ഓഫീസർക്ക് സമർപ്പിച്ചു. കലാ നാടക പ്രവർത്തകൻ നന്ദഗോപൻ കൊട്ടുവള്ളികാട്, രാധിക, എം.എം. സുരേഷ് എന്നിവർ പ്രസംഗിച്ചു. AIUYSC ജില്ലാകമ്മിറ്റി അംഗം ധർമജൻ അധ്യക്ഷത വഹിച്ചു.

കോട്ടയം PSC ഓഫീസിന് മുന്നിൽ നടന്ന പ്രതിഷേധ ധർണ AIUYSC സംസ്ഥാന വൈസ് പ്രസിഡന്റ് പ്രമോദ് കുന്നംപുറത്ത് ഉൽഘാടനം ചെയ്തു. സംസ്ഥാന ജോയിന്റ് സെക്രട്ടറി രജിത ജയറാം, ഓഫീസ് സെക്രട്ടറി അരവിന്ദ് വേണുഗോപാൽ, എ.ഐ.ഡി.വൈ.ഒ കോട്ടയം ജില്ലാ സെക്രട്ടറി അനില ബോസ് തുടങ്ങിയവർ പ്രസംഗിച്ചു. ■




കൊടുങ്ങല്ലൂർ മിനി സിവിൽസ്റ്റേഷന് മുന്നിൽ നടന്ന ധർണ്ണയെ എം.എം.സുരേഷ് അഭിസംബോധന ചെയ്യുന്നു

Volume: 48 No: 6 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.